ലക്കം 9-10 പുസ്തകം 15

2020 ജൂലൈ-ആഗസ്റ്റ്

# അക്ഷരകൈരളി

ഏഴാച്ചേരി രാമചന്ദ്രൻ
എസ്.ജോസഫ്
ബിന്ദുകൃഷ്ണൻ
മണമ്പൂർ രാജൻബാബു
എച്ച്മുക്കുട്ടി
സന്ധ്യ.ഇ

കെ.രേഖ
സാവിത്രി ശ്രീധരൻ

## നിശബ്ദ സഞ്ചാരങ്ങളുടെ കൊറോണക്കാലം
ബെന്യാമിൻ

## ശൂന്യതയെ മറികടക്കാൻ ചിത്രം വരയ്ക്കുന്നു
കബിത മുഖോപാധ്യായ

ഓണാശംസകൾ



കൊറോണക്കാലത്തെ
സാക്ഷരതാ പ്രവർത്തനങ്ങൾ

ലക്കം 9-10 പുസ്തകം 15
ജൂലൈ-ആഗസ്റ്റ് 2020

# അക്ഷരകൈരളി

കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി
അക്ഷരം, പേട്ട ബോയ്സ് സ്കൂളിനുസമീപം, പേട്ട. പി.ഒ, തിരുവനന്തപുരം-24
Phone – 0471-2472253, 2472254 Fax – 0471-2462252
E-mail –aksharakairali2017@gmail.com,
stateliteracymission@gmail.com
website: www.literacymissionkerala.org

**കവിത**

ഈ പുഴയും നാം കടക്കും
**ഏഴാച്ചേരി രാമചന്ദ്രൻ** ........ 14

പ്രതി
**ബിന്ദുകൃഷ്ണൻ** ........ 22

തടവറകൾ
**എസ്.ജോസഫ്** ........ 23

സെൽഫി
**സന്ധ്യ.ഇ** ........ 33

ആത്മാവിന്റെ മുറിവുകൾ
**മണമ്പൂർ രാജൻബാബു** ........ 44

രാവും പകലും
**വിജയരാജമല്ലിക** ........ 45

ഒറ്റമുഖം
**ആര്യാഗോപി** ........ 51

ഒന്ന് ബി
**രോഷ്നിസ്വപ്ന** ........ 52



**ഫീച്ചർ**

ലോക്ക്ഡൗണിൽ ഉലഞ്ഞ്
തൊഴിൽ ജീവിതങ്ങൾ
കരുതലിന്റെ കരങ്ങളേകി സർക്കാർ
**എൻ.പി.മുരളീകൃഷ്ണൻ** 16

**അഭിമുഖം**



28 നിശബ്ദ സഞ്ചാരങ്ങളുടെ
കൊറോണക്കാലം
**ബെന്യാമിൻ/**
**അനൂപ് ചാലിശ്ശേരി**



ശൂന്യതയെ മറികടക്കാൻ
ചിത്രംവരയ്ക്കുന്നു
**കബിത മുഖോപാധ്യായ/**
**ഷൈമി.ഇ.പി** 54

എഡിറ്റർ **ഡോ.പി.എസ്.ശ്രീകല**
പ്രിന്റിങ് & അഡ്മിനിസ്ട്രേഷൻ **ഡോ.ജെ.വിജയമ്മ**
കോ-ഓർഡിനേറ്റർ **ഇ.വി.അനിൽ**
അസിസ്റ്റന്റ് എഡിറ്റർ **ഷൈമി.ഇ.പി**
ഡിടിപി & ലേഔട്ട് **കളർ ട്രാക്ക്**
വര **കബിത മുഖോപാധ്യായ, കൃഷ്ണ പ്രഭാകരൻ**
കവർ **കബിത മുഖോപാധ്യായ**

പത്രാധിപസമിതി
**ഡോ.കാവുമ്പായി ബാലകൃഷ്ണൻ**
**ടി.കെ.നാരായണദാസ്**
**ഡോ.കെ.വി.കുഞ്ഞികൃഷ്ണൻ**
**വി.മാധവൻപിള്ള**
**ഡോ.എം.എ.അസ്കർ**

*അക്ഷരകൈരളിയിൽ പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങളിലെ ആശയങ്ങളും അഭിപ്രായങ്ങളും ലേഖകരുടേതുമാത്രമാണ്.*




72

**സിനിമ**
ശകുന്തളാ ദേവി
ഗണിതത്തിനു
മറുപുറത്തെ ജീവിതം
**നിള**

**കഥ**
കളിമ്പങ്ങളിലെ
പെരുംനോയ്
**എച്ച്മുക്കുട്ടി** .......... 62

ആനകപുതൂരിലെ
വർണനൂലുകൾ
**അജിത മേനോൻ** .......... 68





**അഭിമുഖം**

34
അരങ്ങുനൽകിയ
അനുഭവ തീക്ഷ്ണത
**സാവിത്രി ശ്രീധരൻ/**
**ഭാനുപ്രകാശ്**

46
ഓർമമഴകൾ പെയ്യുന്ന
ഓണക്കാലം
**കെ.രേഖ/**
**അനൂപ് കെ.അപ്പുണ്ണി**




എഡിറ്റോറിയൽ

# മറ്റൊരു ഓണക്കാലം കൂടി...

**ഐക്യകേരളത്തിന്റെ** ദേശീയാഘോഷമായ ഓണത്തെ വീണ്ടും വരവേൽക്കാൻ ഒരുങ്ങുകയാണ് നമ്മൾ. "മാനുഷരെല്ലാരുമൊന്നുപോലെ" കഴിഞ്ഞിരുന്ന സുന്ദരകാലത്തെക്കുറിച്ചുള്ള ഓർമയാണ് കേരളീയർക്ക് ഓണം. ചരിത്രാതീതകാലത്തെക്കുറിച്ചുള്ള ആ സങ്കൽപ്പം കെട്ടുകഥയോ സ്വപ്നമോ ഭാവനയോ എന്തുമാവട്ടെ, കേരളം ആ സങ്കൽപ്പത്തെ മനസ്സിൽ സൂക്ഷിക്കുന്നു. ഓണസങ്കൽപ്പത്തെക്കുറിച്ച് വൈലോപ്പിള്ളി എഴുതുന്നുണ്ട്:

"അവകൾ കിനാവുകളെന്നാം ശാസ്ത്രം
കനവുകളെന്നാം ലോകചരിത്രം
ഇവയിലുമേറെയഥാർഥം ഞങ്ങടെ
ഹൃദയനിമന്ത്രിതസുന്ദരതത്വം"

അതേ, നമ്മുടെ ഹൃദയങ്ങൾ മന്ത്രിക്കുന്ന ഒരു സുന്ദരതത്വമാണ് ഓണസങ്കൽപ്പം. സ്ഥിതിസമത്വത്തെക്കുറിച്ചുള്ള മഹത്തായ സങ്കൽപ്പമാണത്.

കൊറോണാ നിർവ്യാപനത്തിന്റെ ഭാഗമായി നിലനിന്ന നിയന്ത്രണങ്ങൾ പലർക്കും തൊഴിലവസരങ്ങളും വരുമാനവും കുറഞ്ഞ സാഹചര്യം സൃഷ്ടിച്ചിട്ടുണ്ട്. അത്തരക്കാരെ പ്രത്യേകമായി പരിഗണിച്ചുകൊണ്ട്, എല്ലാർക്കും ആശ്വാസം പകരാനാണ് കേരള സർക്കാർ ശ്രമിക്കുന്നത്. ആരും ഭക്ഷണമില്ലാതെ വലയുന്ന അവസ്ഥ ഈ പ്രതിസന്ധിഘട്ടത്തിൽപോലും കേരളത്തിലില്ല എന്നതിനുകാരണം സർക്കാരിന്റെ ക്രിയാത്മകമായ ഇടപെടലാണ്. അതിഥിതൊഴിലാളികളായ സഹോദരങ്ങളെ ഉൾപ്പെടെ മഹാമാരിയുടെ കാലത്ത് നമ്മുടെ സർക്കാർ സംരക്ഷിക്കുന്നു. മനുഷ്യരെ ഒന്നായി കാണാനും ജാതി–മത–വിഭാഗീയ ചിന്തകളില്ലാത്ത സമൂഹം സൃഷ്ടിക്കാനും നമുക്കേവർക്കും സർക്കാരിന്റെ പ്രവർത്തനം പ്രചോദനമാകുന്നു.

വിട്ടുവീഴ്ചയില്ലാത്ത ജാഗ്രതയും ഇളവുകളില്ലാത്ത കരുതലും മാത്രമാണ് കൊറോണ എന്ന വൈറസിനെ തടയാൻ ഇന്ന് നമുക്കുള്ള മാർഗം. ഓണക്കാലത്തെ ആവേശത്തിൽ ജാഗ്രതയും കരുതലും നഷ്ടപ്പെടുത്തരുത് എന്നഭ്യർഥിക്കുന്നു.

എല്ലാർക്കും ഹൃദ്യമായ ഓണാശംസകൾ.....

**ഡോ.പി.എസ്.ശ്രീകല**
എഡിറ്റർ & ഡയറക്ടർ

തിരുനല്ലൂർ കരുണാകരൻ

# ഓണം

ഓണമേ! വിഷാദത്തെ–
    ദ്ധിക്കരിച്ചൂർജസ്വല–
പ്രാണരായിതാ നിന്നെ–
    യെതിരേൽക്കുന്നൂ ഞങ്ങൾ,

നിറവേറുവാൻ കൊതി–
    കൊണ്ടിടും സ്വപ്നങ്ങളാൽ,
പുറവേലികൾ കടം–
    തന്ന സൗന്ദര്യങ്ങളാൽ.

ഓമനേ! കുളുർകാറ്റിൽ
    പൂനിലാവുലയുമാ–
റീ മണൽമുറ്റത്തു നീ
    നൃത്തമാടുമ്പോൾ ഞങ്ങൾ


ഒരു വർഷത്തെ ക്ഷീണ–
    മൊരു ഗാനത്താൽ മായ്ക്കു–
മൊരു വർഷത്തെദ്ദാഹ–
    മൊരു തുള്ളിയാൽ മാറ്റും.

കാലത്തിൻ സഹജാവ–
    ബോധമാധുരിപോലെ
ലീലയാ യഥാപൂർവം
    നീ വരാതിരുന്നെങ്കിൽ

പാടുവാൻ, സ്വപ്നം കാണാ,–
    നാശിക്കാൻ കഴിയാത്ത
പാഴ്നിഴലുകൾ മാത്ര–
    മാകുമായിരുന്നെങ്ങൾ.

സങ്കൽപവിലാസമായ്,
    മധുരവികാരമായ്,
മംഗലപ്രകാശമായ്
    മുൻപിൽ നീ മരുവുമ്പോൾ.


നിന്നെയീ മുറ്റങ്ങളിൽ
    പൂക്കളങ്ങളിലെങ്ങു–
മെന്നുമിങ്ങനെ നിർത്താ–
    നാഗ്രഹിക്കുന്നൂ ഞങ്ങൾ.





ശ്രീനാരായണഗുരു

# ജാതി നിർണ്ണയം





ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന്
ഒരു യോനിയൊരാകാരമൊരു ഭേദവുമില്ലതിൽ.

ഒരു ജാതിയിൽ നിന്നല്ലോ പിറന്നീടുന്നു സന്തതി
നരജാതിയിതോർക്കുമ്പോളൊരു ജാതിയിലുള്ളതാം


നരജാതിയിൽ നിന്നത്രേ പിറന്നീടുന്നു വിപ്രനും
പറയാൻ താനുമെന്തുള്ളതന്തരം നരജാതിയിൽ?

പറച്ചിയിൽ നിന്നു പണ്ടു പരാശരമഹാമുനി
പിറന്നു മറ സൂത്രിച്ച മുനി കൈവർത്തകന്യയിൽ

ഇല്ല ജാതിയിലൊന്നുണ്ടോ വല്ലതും ഭേദമോർക്കുകിൽ
ചൊല്ലേറും വ്യക്തിഭാഗത്തിലല്ലേ ഭേദമിരുന്നിടൂ?

ലേഖനം

കെ. കെ. കൃഷ്ണകുമാർ



# പരിസ്ഥിതി നാശത്തിന് കൂട്ടുനിൽക്കാൻ ഇനിയൊരിക്കലും നമുക്കാവില്ല


മൂന്നാം വട്ടവും കേരളം പ്രളയവും കടുത്ത പ്രകൃതി ക്ഷോഭവും അനുഭവിച്ചു കഴിഞ്ഞിരിക്കുന്ന സമയത്താണ് ഇത് കുറിക്കുന്നത്. മൂന്നാറിനടുത്തുള്ള പെട്ടിമടയിലെ തേയിലത്തോട്ടത്തിൽ ഉണ്ടായ ദാരുണമായ ഉരുൾപൊട്ടലിൽ പൊലിഞ്ഞുപോയ സഹോദരങ്ങളിൽ പലരുടെയും ശരീരങ്ങൾക്ക് വേണ്ടിയുള്ള തെരച്ചിൽ ഇതെഴുതുമ്പോഴും തുടരുകയാണ്. വടക്കെ ഇന്ത്യയിലും വടക്ക് കിഴക്കൻ സംസ്ഥാനങ്ങളിലും ഇപ്പോഴും പ്രകൃതി ദുരന്തങ്ങൾ സംഹാരതാണ്ഡവം തുടരുകയാണ്. പ്രകൃതി ദുരന്തങ്ങൾ നമ്മുടെ ഇനിയുള്ള ജീവിതത്തിലെ സ്ഥിരം സന്ദർശകരായി മാറാൻ പോവുകയാണോ?





ഇത് മുഴുവൻ ജനങ്ങളും നെഞ്ചിൽ കൈവച്ച് സ്വയം ചോദിക്കേണ്ട ചോദ്യമാണ്. ഈ ചോദ്യത്തിനുള്ള ഉത്തരം പറയേണ്ടതും നമ്മൾ തന്നെയാണ്. കാരണം പ്രകൃതിയിൽ നമ്മൾ ഇടപെട്ടുപോന്ന രീതിയിലെ താളപ്പിഴകളാണ് ഈ ദുരന്തങ്ങളിൽ മിക്കതിനും മുഖ്യ കാരണം എന്നതുതന്നെ. മനുഷ്യൻ പ്രകൃതിയിൽ നടത്തിക്കൊണ്ടിരിക്കുന്ന പല തരത്തിലുള്ള ഇടപെടലുകളുടെ പ്രത്യാഘാതങ്ങളെക്കുറിച്ച് വേണ്ടത്ര അറിവില്ലാത്ത ഒരു കാലമുണ്ടായിരുന്നു. അന്ന് മനുഷ്യൻ ഏറെക്കുറെ മൃഗങ്ങളെപ്പോലെ ജീവിച്ചിരുന്ന കാലമാണ്.

പക്ഷേ, അതൊക്കെ പണ്ടുപണ്ടാണ്. ഇന്നത്തെ പരിഷ്കൃത സമൂഹത്തിന് പ്രകൃതിയിൽ മനുഷ്യൻ നടത്തുന്ന ഓരോ പ്രവർത്തനത്തിന്റെയും പ്രത്യാഘാതങ്ങളെക്കുറിച്ച് വളരെ കൃത്യമായി അറിയാം. തുടർച്ചയായി നടത്തുന്ന വനനശീകരണവും നിയന്ത്രണമില്ലാത്ത ഖനനവും ആവാസവ്യവസ്ഥകളുടെ നാശവും പുഴകളിലെ മണൽവാരലും നിയന്ത്രണമില്ലാതെ തുടരുന്ന മലിനീകരണവും ഏതെല്ലാം വിധത്തിൽ നമ്മെ ബാധിക്കുന്നു എന്ന് നമ്മുടെ ഇളം തലമുറയ്ക്ക് പോലും അറിയാവുന്ന കാലമാണ് ഇത്. പരിസ്ഥിതിയും വികസനവും തമ്മിലുള്ള സംതുലനം മാനവരാശിയുടെ ഭാവിയെ സംബന്ധിച്ചിടത്തോളം അതീവ പ്രധാനമാണ് എന്ന് നിരവധി പഠനങ്ങൾ നിരത്തിക്കൊണ്ട് വിദഗ്ധന്മാർ നമ്മെ ബോധ്യപ്പെടുത്തിത്തുടങ്ങിയിട്ട് അഞ്ചുപതിറ്റാണ്ടെങ്കിലും ആയിരിക്കുന്നു. ഇന്ന് ലോകം മുഴുവൻ ഏറ്റവുമധികം



വ്യത്യസ്ത വികസന പദ്ധതികൾ നടപ്പാക്കുമ്പോൾ അവ പരിസ്ഥിതിയിൽ എത്രത്തോളം ആഘാതം ഉണ്ടാക്കുന്നു എന്ന് വിദഗ്ധരുടെ സഹായത്തോടെ ശാസ്ത്രീയമായി പഠിക്കുന്നതിനാണു പരിസ്ഥിതി ആഘാത പഠനം എന്ന് പറയുന്നത്. ഇന്ത്യയിൽ മാത്രമല്ല ലോകത്തെ നൂറിലധികം രാജ്യങ്ങളിൽ പരിസ്ഥിതി ആഘാത പഠനങ്ങൾ തയ്യാറാക്കുന്ന രീതി നിലവിലുണ്ട്.



പരിസ്ഥിതിയും വികസനവും തമ്മിലുള്ള സംതുലനം മാനവരാശിയുടെ ഭാവിയെ സംബന്ധിച്ചിടത്തോളം അതീവ പ്രധാനമാണ് എന്ന് നിരവധി പഠനങ്ങൾ നിരത്തിക്കൊണ്ട് വിദഗ്ധന്മാർ നമ്മെ ബോധ്യപ്പെടുത്തിത്തുടങ്ങിയിട്ട് അഞ്ചുപതിറ്റാണ്ടെങ്കിലും ആയിരിക്കുന്നു.



ചർച്ച ചെയ്യുന്ന വിഷയമാണ് കാലാവസ്ഥാ മാറ്റം. കൊവിഡ് മഹാമാരിക്ക് പോലും അതുമായി ബന്ധമുണ്ട് എന്ന് പലരും ചൂണ്ടിക്കാണിക്കുന്നു.

പക്ഷേ, ഇന്നും ഇതൊന്നും കാണുകയും കേൾക്കുകയും ചെയ്തില്ല എന്ന മട്ടിൽ പ്രകൃതിക്ക് മേലുള്ള കടന്നുകയറ്റം തുടരുകയാണ്. ലാഭക്കൊതിമൂത്ത സ്ഥാപിത താൽപ്പര്യങ്ങളാണ് എക്കാലവും ഇത്തരം നശീകരണ പ്രവർത്തനങ്ങൾക്ക് പുറകിൽ പ്രവർത്തിക്കുന്നത്. പ്രകൃതിക്ക് എന്ത് നാശം സംഭവിച്ചാലും, അതുവഴി സമൂഹത്തിന് എന്തെല്ലാം പ്രശ്നങ്ങൾ ഉണ്ടായാലും അവർക്ക് തങ്ങളുടെ ലാഭത്തിൽ മാത്രമാണ് നോട്ടം. ഇത്തരം സാഹചര്യങ്ങളിൽ പരിസ്ഥിതിയെ കുറിച്ചുള്ള ശക്തമായ സാമൂഹ്യബോധവും സർക്കാരിന്റെ ഭാഗത്ത് നിന്നുള്ള ശക്തമായ ഇടപെടലുകളും നിർണായകമായിത്തീരുന്നു.

പലവിധ വികസന പ്രവർത്തനങ്ങൾ ഏറ്റെടുത്തുകൊണ്ട് മാത്രമേ ആധുനിക സമൂഹത്തിനു പുരോഗതി പ്രാപിക്കാൻ കഴിയൂ. ഫാക്ടറികളും അണക്കെട്ടുകളും പുത്തൻ റോഡുകളും പാലങ്ങളും ഒക്കെ നിർമിക്കേണ്ടി വരും. പക്ഷേ, ഇവയോരോന്നും പരിസ്ഥിതിക്ക് പുറത്തു ചെലുത്തുന്ന ആഘാതം പരമാവധി കുറച്ചേ മതിയാവൂ. കാടുകൾ മുഴുവൻ വെട്ടിനിരത്തിക്കൊണ്ടുള്ള അണക്കെട്ടുകൾ ഗുണത്തെക്കാൾ ദോഷമാണ് ചെയ്യുക. മലയോരങ്ങളിലെ പലവിധത്തിലുള്ള ഖനന പ്രവർത്തനങ്ങൾ ലക്കും ലഗാനുമില്ലാതെ തുടരുന്നത് മണ്ണൊലിപ്പിനും അപായകരമായ ഉരുൾപൊട്ടലിനും കാരണമായിത്തീരും. പുഴയ്ക്ക് ഒഴുകാനുള്ള സ്ഥലം കയ്യേറിക്കൊണ്ട് നടത്തുന്ന കെട്ടിട നിർമാണവും മറ്റു പ്രവർത്തനങ്ങളും



രൂക്ഷമായ വെള്ളപ്പൊക്കത്തിലേക്ക് നയിക്കും. ഇതെല്ലം നമ്മുടെ സ്വന്തം അനുഭവത്തിൽ നിന്ന് വ്യക്തമായി കഴിഞ്ഞിരിക്കുന്നു, പലവട്ടം.

എന്നിട്ടും എല്ലാം അവഗണിച്ചുള്ള പോക്കാണ് നാം കാണുന്നത്. അതിന്റെ ഏറ്റവും ഒടുവിലത്തെ ദൃഷ്ടാന്തമാണ് കേന്ദ്ര പരിസ്ഥിതി മന്ത്രാലയം ഈയിടെ പുറപ്പെടുവിച്ച പരിസ്ഥിതി ആഘാത പഠനം (EIA- Environmental Impact Assessment) സംബന്ധിച്ചുള്ള നിബന്ധനകൾ ഭേദഗതി ചെയ്യാനുള്ള നീക്കം. വ്യത്യസ്ത വികസന പദ്ധതികൾ നടപ്പാക്കുമ്പോൾ അവ പരിസ്ഥിതിയിൽ എത്രത്തോളം ആഘാതം ഉണ്ടാക്കുന്നു എന്ന് വിദഗ്ധരുടെ സഹായത്തോടെ ശാസ്ത്രീയമായി പഠിക്കുന്നതിനാണു പരിസ്ഥിതി ആഘാത പഠനം എന്ന് പറയുന്നത്. ഇന്ത്യയിൽ മാത്രമല്ല ലോകത്തെ നൂറിലധികം രാജ്യങ്ങളിൽ പരിസ്ഥിതി ആഘാത പഠനങ്ങൾ തയ്യാറാക്കുന്ന രീതി നിലവിലുണ്ട്. അങ്ങിനെ തയ്യാറാക്കുന്ന പഠനം പൊതുജനങ്ങൾക്കിടയിൽ ചർച്ചക്ക് വയ്ക്കുകയും പദ്ധതിമൂലം തങ്ങൾക്കുണ്ടായേക്കാവുന്ന പ്രശ്നങ്ങളെ സംബന്ധിച്ച് അവർക്കുള്ള പരാതികൾ കണക്കിലെടുക്കുകയും ചെയ്യണം എന്നതായിരുന്നു നിലവിലുള്ള നിയമത്തിലെ വ്യവസ്ഥ.

ഈ വ്യവസ്ഥകളിൽ വെള്ളം ചേർത്ത് അവയെ നാമമാത്രമാക്കുകയാണ് പുതിയ കരടുഭേദഗതി നിയമം (EIA 2020) ചെയ്യുന്നത്. 'തന്ത്രപ്രധാനം' എന്ന് സർക്കാർ നിശ്ചയിക്കുന്ന പരിപാടികൾക്കൊന്നും യാതൊരുവിധ പരിസര ആഘാത പഠനവും ആവശ്യമില്ല, തുടങ്ങിക്കഴിഞ്ഞ പദ്ധതികളുടെ കാര്യത്തിൽ ഇത്തരം പഠനങ്ങൾ നിർബന്ധമല്ല, പദ്ധതികൾ മൂലം




ഉണ്ടാകുന്ന പ്രയാസങ്ങളെക്കുറിച്ച് പരാതി നൽകുവാൻ സർക്കാർ ഏജൻസികൾക്ക് മാത്രമേ അധികാരമുണ്ടായിരിക്കൂ. പൊതുജനങ്ങൾക്ക് അതിന് അവകാശമില്ല, പരിസ്ഥിതി ആഘാത പത്രിക പൊതുജന മധ്യത്തിൽ അവതരിപ്പിച്ചാൽ അവയെ സംബന്ധിച്ചു ജന ങ്ങൾക്ക് അഭിപ്രായം പ്രകടിപ്പിക്കാൻ 20 ദിവസം മാത്രമേ അനുവദിക്കൂ (നേരത്തെ 30 ദിവസമാണ് നൽകിയിരുന്നത്) എന്നിങ്ങനെ പലവിധ ഭേദഗതികളാണ് അവതരിപ്പിച്ചിരിക്കുന്നത്. ഇവയെ സംബന്ധിച്ച് അതിശക്തമായ എതിർപ്പുമായി പരിസ്ഥിതി സംഘടനകൾ, യുവാക്കൾ, രാഷ്ട്രീയ പ്രസ്ഥാനങ്ങൾ, സംസ്ഥാന സർക്കാരുകൾ, വിദഗ്ധർ തുടങ്ങി സമൂഹത്തിന്റെ നാനാതുറകളിൽ പ്രവർത്തിക്കുന്ന വ്യക്തികളും സംഘടനകളും ഇക്കഴിഞ്ഞ ദിവസങ്ങളിൽ രംഗത്ത് വരികയുണ്ടായി. പക്ഷേ, കേന്ദ്ര പരിസ്ഥിതി മന്ത്രാലയം ജനവിരുദ്ധവും പരിസ്ഥിതി വിരുദ്ധവുമായ ഈ ഭേദഗതികൾ പിൻവലിക്കാൻ ഇനിയും തയ്യാറായിട്ടില്ല എന്നത് അത്യന്തം ഖേദകരമാണ്.

കാലാവസ്ഥാ വ്യതിയാനവും ആഗോളതാപനവും മഹാമാരികളും മാനവരാശിക്കാകെ വലിയ ഭീഷണി ഉയർത്തിക്കൊണ്ടിരിക്കുന്ന ഈ സന്ദർഭത്തിൽ, ഇത്തരത്തിലുള്ള തെറ്റായ നിലപാടുകൾക്കെതിരെ വിപുലമായ ജനകീയ ചർച്ചകളും പ്രതിരോധങ്ങളും ഉയർന്നു വന്നേ മതിയാവൂ. ലാഭതാൽപ്പര്യങ്ങൾക്കുമുന്നിൽ നാം ജീവിക്കുന്ന ഒരേ ഒരു ഭൂമിയുടെ നില നിൽപ്പിനാധാരമായി വർത്തിക്കുന്ന പരിസ്ഥിതി സന്തുലനം നശിപ്പിക്കാൻ ആരെയും അനുവദിച്ചു കൂടാ. പരിസ്ഥിതിക്ക് ആഘാതം വരുത്താതെയുള്ള വികസന പ്രവർത്തനങ്ങൾ മാത്രം നടപ്പാക്കാൻ വ്യക്തികൾ എന്ന നിലയിലും സമൂഹം എന്ന നിലയിലും നാം തയ്യാറായേ മതിയാവൂ. പരിസ്ഥിതി നാശത്തിന് വഴിവയ്ക്കുന്ന ഒരു വികസനപ്രവർത്തനത്തിനും തങ്ങളുടെ പിന്തുണ ഉണ്ടാവില്ല എന്ന് ഉച്ചത്തിൽ ഉദ്ഘോഷിക്കാൻ കേരള ജനതയ്ക്ക് കഴിഞ്ഞേ തീരൂ.

കവിത

ഏഴാച്ചേരി രാമചന്ദ്രൻ



# ഈ പുഴയും നാം കടക്കും



ഈ പുഴയും നാം കടക്കും
ഈ മഴയേയും തടുക്കും
ശാസ്ത്രപ്പെരും കുടക്കീഴിൽ മലയാള–
നേത്രം പുലരിയെപ്പുൽകും; മനുഷ്യന്റെ
ഗോത്രം ചരിത്രം ചമയ്ക്കും.

2

വേർപ്പുനീരിന്റെ വിജയക്കുതിപ്പിനെ,
ജാഗ്രതാപൂർണ്ണ സമരക്കരുത്തിനെ,
അതിജീവനമെന്നൊ, രഞ്ചക്ഷരം പൂത്ത
തിരിയുഴിഞ്ഞെതിരേൽക്കും നമ്മൾ; അപ്പോൾ
ലോകം വരച്ചിട്ടും ഭൂപടത്തിൽ സർഗ
കേരളം പൂക്കളം തീർക്കും.



3

ഏറെപ്പഴുത്ത രുദ്രാക്ഷമുഖമെഴും
നീചനെപ്പാലം കടത്തിവിടും;  പിന്നെ
യാറടി മണ്ണിൽ കുഴിച്ചുമൂടും; അതി–
ന്നാരവമല്ലയോ ദൂരെ!
കാലം തരുന്ന കരുതൽപ്പെരുമയിൽ
കാലന്റെ കൈയ്ക്കും വിലങ്ങുവെക്കും; മർത്യ–
ജീവിതം തിരിയെപ്പിടിക്കും; പ്രിയപ്പെട്ട
കേരളം കോരിത്തരിക്കുമന്നേരം
കിളികളും കവികളും പാടും.

4

അക്ഷരം തുന്നിയ തൂവാലകൊണ്ടല്ലോ
അമ്മിണിക്കിപ്പോൾ മുഖാവരണം;
മക്കളെയയ്ക്കുന്ന കത്തു വായിക്കുന്നൊ–
രന്ന മുത്തിക്കും തിരുവഞ്ചനും
ഉത്രാടപ്പെൺ നിലാവൂഞ്ഞാലുകെട്ടുന്നു
തെക്കേ മുനമ്പിലെത്താണകൊമ്പിൽ.

5

വല്ലായ്മകൾക്കു നടുവിലാണെങ്കിലും
എല്ലാം നമുക്കു മറക്കാം; തിരുവോണ–
വർണത്തിളക്കങ്ങളേൽക്കാം; വരുംകാല
നന്മകളെ വരവേൽക്കാം.
കരളുകൾ തങ്ങളിലാദ്യംകൊരുക്കാം
കയ്യും മെയ്യും പിന്നെ പയ്യെപ്പയ്യെ
അകലം പാലിച്ചടുക്കുന്ന നേരത്തെ
മധുരത്തിനെന്തൊരു തിരുമധുരം; അതു
കാലം നമുക്കു തരുന്ന വരം. □

ഫീച്ചർ

എൻ.പി.മുരളീകൃഷ്ണൻ





# ലോക്ക്ഡൌണിൽ ഉലഞ്ഞ് തൊഴിൽ ജീവിതങ്ങൾ

## കരുതലിന്റെ കരങ്ങളേകി സംസ്ഥാന സർക്കാർ



നിനച്ചിരിക്കാതെ നമുക്കിടയിൽ രൂപപ്പെട്ട ഒരു മഹാമാരി ജീവിതക്രമത്തെയാകെ താളംതെറ്റിച്ചിട്ട് ആറുമാസമാകുന്നു. ഒട്ടുമിക്ക രാജ്യങ്ങളെയും ബാധിക്കുകയും ലോക സമ്പദ്‌വ്യവസ്ഥയെ തകിടം മറിക്കുകയും ചെയ്ത കോവിഡ് – 19 എന്ന വൈറസിന്റെ വ്യാപനം ഇനിയും നിലച്ചിട്ടില്ല. വൈറസ് വ്യാപനത്തോത് കുറഞ്ഞ ചില രാജ്യങ്ങൾ പഴയ ജീവിതം തിരിച്ചുപിടിച്ചെങ്കിലും ഇന്ത്യ ഉൾപ്പെടെയുള്ള പ്രദേശങ്ങൾ മഹാമാരിക്കെതിരായ പോരാട്ടത്തിന്റെ വഴിയിലാണ്.



കോവിഡ് ലോക്ക്ഡൗണിനെ തുടർന്ന് ലോകം നിശ്ചലമായ ദിവസങ്ങൾ സാധാരണക്കാരുടെ ജീവിതത്തെയാണ് ഏറ്റവുമധികം ബാധിച്ചത്. ദിവസവേതനക്കാരെയും ചെറുകിട വ്യവസായങ്ങളിലും തൊഴി

> **കോവിഡ് നിവാരണത്തിൽ മാതൃകാ പ്രവർത്തനങ്ങളുമായി മുന്നോട്ടുവന്ന സംസ്ഥാന സർക്കാർ ലോക്ക്ഡൗണിൽ ജനങ്ങളുടെ ബുദ്ധിമുട്ട് തിരിച്ചറിഞ്ഞുള്ള പാക്കേജുകളും പദ്ധതികളുമാണ് നടപ്പിലാക്കിയത്. എല്ലാ സംഘടിത, അസംഘടീത തൊഴിൽ മേഖലകളിലുള്ളവരെയും സർക്കാർ പരിഗണിച്ചു.**

ലുകളിലും ഏർപ്പെട്ടിരുന്നവരെയും കച്ചവടക്കാരെയും സംബന്ധിച്ച് കനത്ത നഷ്ടങ്ങളിലൂടെയാണ് ഈ ദിവസങ്ങൾ കടന്നുപോയത്. തൊഴിലിടങ്ങൾക്ക് ദിവസങ്ങളോളം പൂട്ടുവീണതോടെ ദൈനംദിന ചെലവിന് ബുദ്ധിമുട്ടിയവരാണ് വലിയൊരു പങ്ക് തൊഴിലാളികളും. സർക്കാരിന്റെ സമാശ്വാസ പാക്കേജുകൾ കൊണ്ടും സന്നദ്ധ സംഘടനകളുടെയും സുമനസ്സുകളുടെയും കാരുണ്യത്താലുമാണ് പലരും നിത്യച്ചെലവ് കഴിച്ചുകൂട്ടിയത്.

കോവിഡ് നിവാരണത്തിൽ മാതൃകാ പ്രവർത്തനങ്ങളുമായി മുന്നോട്ടുവന്ന സംസ്ഥാന സർക്കാർ ലോക്ക്ഡൗണിൽ ജനങ്ങളുടെ ബുദ്ധിമുട്ട് തിരിച്ചറിഞ്ഞുള്ള പാക്കേജുകളും പദ്ധതികളുമാണ് നടപ്പിലാക്കിയത്. എല്ലാ സംഘടിത, അസംഘടിത തൊഴിൽ മേഖലകളിലുള്ളവരെയും സർ







ക്കാർ പരിഗണിച്ചു. അരി, പച്ചക്കറി, പലചരക്കു സാധനങ്ങളടങ്ങിയ ഭക്ഷ്യകിറ്റും അടിയന്തര ധനസഹായങ്ങളും നൽകിയാണ് സർക്കാർ തൊഴിൽ നഷ്ടപ്പെട്ട് ജീവിതം മുന്നോട്ടുകൊണ്ടുപോകാൻ കഴിയാതെ ഉഴറിയ ജനങ്ങൾക്കൊപ്പം നിന്നത്. ഇല്ലായ്മയുടെ ദിവസങ്ങളിൽ സർക്കാരിന്റെ ഈ കരുതൽ സാധാരണ തൊഴിലാളികൾക്കും ചെറിയ വേതനക്കാർക്കും വലിയ ആശ്വാസമേകുന്നതായിരുന്നു.

മാർച്ച് മാസത്തിൽ രാജ്യത്ത് ആദ്യഘട്ട ലോക്ക്ഡൗൺ പ്രഖ്യാപിച്ചതു മുതൽ ചെറിയ ശമ്പളത്തിന് ജോലി ചെയ്തിരുന്നവരും ദിവസ വേതനക്കാരും ദുരിതത്തിലായി. ഉണ്ടായിരുന്ന തൊഴിലും ചെറിയ വരുമാനവും ലോക്ക്ഡൗൺ പ്രതിസന്ധിക്കൊപ്പം നഷ്ടമായ കഥകളാണ് സാധാരണ തൊഴിലാളികൾക്ക് പറയാനുള്ളത്. എല്ലാ തൊഴിൽ മേഖലകൾക്കും പറയാനുള്ളത് നഷ്ടക്കച്ചവടത്തിന്റെ കണക്കുകളാണ്. അതുകൊണ്ടുതന്നെ പ്രതിസന്ധി അയയാതെ പുതിയൊരു തൊഴിൽ നേടുകയെന്നത് അവരെ സംബന്ധിച്ച് ഏറെ പ്രയാസകരമായ കാര്യമാണ്. ലോക്ക്ഡൗൺ കാലത്ത് വരുമാനമില്ലാതായി ജീവിതം വഴിമുട്ടിയ ആയിരക്കണക്കിനു മനുഷ്യരാണ് നമുക്കിടയിലുള്ളത്. അവരിൽ ചിലരെയാണ് വായനക്കാർക്ക് പരിചയപ്പെടുത്തുന്നത്.

## സമീനയുടെ പഠനത്തിലും ജോലിസ്വപ്നത്തിലും കോവിഡിന്റെ കരിനിഴൽ

ദുരിതം നിറഞ്ഞ ഗൃഹാന്തരീക്ഷത്തിൽ നിന്ന് സമീനയ്ക്കുള്ള ഏക ആ

ശ്വാസമായിരുന്നു പി.എസ്.സി. പഠനക്ലാസും കൂട്ടുകാർക്കൊപ്പമുള്ള കമ്പയിൻ സ്റ്റഡിയും. സ്ഥിരോത്സാഹം കൊണ്ട് പത്താം ക്ലാസ്, പ്ലസ് ടു തുല്യതാ പരീക്ഷകൾ പാസ്സായ സമീനയുടെ ഇപ്പോഴത്തെ വലിയ സ്വപ്നം എത്ര കഷ്ടപ്പെട്ടായാലും പഠിച്ച് ഒരു സർക്കാർ ജോലി നേടുക എന്നതാണ്. പക്ഷേ, ലോക്ക്ഡൗൺ എല്ലാം തകിടം മറിച്ചുവെന്ന് സമീന പറയുന്നു. മലപ്പുറം വളാഞ്ചേരി നഗരസഭയിലെ കാവുംപുറം പടിഞ്ഞാക്കരയിലാണ് സമീനയുടെ വീട്.



2009 -10 ബാച്ചിലെ പത്താം ക്ലാസ് തുല്യതാ പഠിതാവായ സമീന ഈ വർഷം ജനുവരി തൊട്ടാണ് വളാഞ്ചേരി എം.ഇ.എസ് കെ.വി.എം. കോളേജിൽ പി.എസ്.സി. ക്ലാസിന് പോയിത്തുടങ്ങിയത്. ആഴ്ചയിൽ മൂന്ന് ദിവസമാണ് ക്ലാസ്. മറ്റ് ദിവസങ്ങളിൽ കൂട്ടുകാരോടൊപ്പം കമ്പയിൻ സ്റ്റഡിയുമായി ആവേശത്തോടെ മുന്നോട്ടുപോകുന്നതിനിടെയാണ് ലോക്ക്ഡൗൺ വന്നത്.

'മാർച്ച് 10ന് കോളേജിൽ നിന്നും ക്ലാസ് കഴിഞ്ഞ് മടങ്ങുമ്പോൾ കരുതിയില്ല ഇത്രയും വിഷമമായൊരു കാലം തേടിയെത്തുമെന്ന്. ഇനിയൊരു അറിയിപ്പുണ്ടാവുന്നത് വരെ ക്ലാസ് ഉണ്ടാവില്ല എന്ന വാർത്ത മറ്റാരേക്കാളും കൂടുതൽ എന്നെ വേദനിപ്പിക്കുന്നതായിരുന്നു. വീട്ടിലിരുന്നു പഠിക്കുക എന്നത് എന്നെ സംബന്ധിച്ച് വിഷമകരമായൊരു കാര്യമായിരുന്നു. കാരണം ഉമ്മ മെന്റൽ പേഷ്യന്റാണ്. വളാഞ്ചേരി പെയിൻ ആൻഡ് പാലിയേറ്റീവ് കെയറിൽ നിന്നും ഉമ്മയ്ക്കുള്ള മരുന്നുകൾ ലഭിക്കാറുണ്ടെങ്കിലും പലപ്പോഴും ഉമ്മ വയലന്റാവുക പതിവാണ്. ഉമ്മ ദേഷ്യപ്പെട്ടു തുടങ്ങിയാൽ പിന്നെ വീട്ടിൽ ഒന്നും ചെയ്യാൻ പറ്റാത്ത അവസ്ഥയാണ്. വായിൽ തോന്നുന്നതെല്ലാം വിളിച്ചുപറയും. ചിലപ്പോൾ ദേഹോപദ്രവമേൽപ്പിക്കും. മയത്തിൽ അടുത്ത വീടുകളിലോ ബന്ധുവീടുകളിലോ കൊണ്ടുപോയാൽ ഉമ്മയ്ക്ക് ഒരു പ്രശ്നവും ഉണ്ടാവാറില്ല. പക്ഷേ, തിരിച്ച് വീട്ടിലെത്തിയാൽ വീണ്ടും ആളാകെ മാറും. ഞങ്ങളുടേത് ഒരു പഴയ വീടായതാവാം അതിനൊരു കാരണം. ഉമ്മയ്ക്ക് ഒരു ടെറസ് വീട് വല്ലാത്ത ആഗ്രഹമായിരുന്നു. നല്ല കാലത്തൊക്കെ അതിനുവേണ്ടി ഒരുപാട് ശ്രമിച്ചു നോക്കിയെങ്കിലും ആ ആഗ്രഹം നടന്നില്ല. ആ ദുഃഖം ഉമ്മയിൽ ഒളിഞ്ഞു കിടപ്പുണ്ടാവാം.


എനിക്ക് 37 വയസ്സായി. ഇതുവരെയും ഞാൻ ഉമ്മയുടെ കൂടെ തന്നെയാണ്. അതുകൊണ്ടുതന്നെ ഉമ്മയുടെ മനസ്സ് മനസ്സിലാക്കാൻ എനിക്ക് കഴിയും. എങ്കിലും എന്നോടാണ് കൂടുതൽ ദേഷ്യവും ഉപദ്രവവും. ഉമ്മ ഉറങ്ങിക്കിടക്കുമ്പോഴാണ് വീട്ടിലിരുന്നു പഠിക്കാൻ കഴിയുക. അല്ലാത്തപ്പോൾ ബഹളമാണ്. ഇതിനിടയിൽ വേണം വീട്ടുപണികൾ ചെയ്യാൻ. പലപ്പോഴും ഉമ്മയുടെ ബഹളമൊക്കെ കഴിഞ്ഞ് മൂന്ന് നാല് മണിക്കൊക്കെയാണ് ഉറങ്ങാൻ കഴിയുക. മനസ്സിനെ കൂടുതൽ സന്തോഷിപ്പിക്കുന്ന കാര്യം ക്ലാസിലിരുന്ന് പഠിക്കാൻ കഴിയുക എന്നതാണ്. എന്നാൽ ഈ മഹാമാരി വന്നതോടെ ആ സന്തോഷവും ജീവിതത്തിൽ നിന്ന് പോയിക്കിട്ടി.'

വീട്ടിലെ ചെലവുകളെല്ലാം സമീന തന്നെയാണ് നോക്കുന്നത്. വല്ലപ്പോഴും തയ്ക്കാൻ കിട്ടുന്നതും ഒരു ജ്വല്ലറിയുടെ ഫീൽഡ് വർക്കിൽ നിന്നും കിട്ടുന്ന വരുമാനവും കൊണ്ടാണ് ഒരുവിധം വീട്ടുചെലവുകൾ നടത്തുന്നത്. ലോക്ക്ഡൗൺ വന്നതോടെ അതും നിലച്ചു. സർക്കാരിൽ നിന്നും സന്നദ്ധ സംഘടനകളിൽ നിന്നും ലഭിച്ച അരിയും പച്ചക്കറികളും പലവ്യഞ്ജനകിറ്റുകളുമാണ് ആ അവസ്ഥയെ മറികടക്കാൻ സഹായിച്ചതെന്ന് സമീന പറയുന്നു.

ലോകത്തിലെ അവസാന കോവിഡ് രോഗിയും രോഗമുക്തി നേടി നമ്മുടെ പഴയ ജീവിതത്തിലേക്ക് നടന്നുകയറുന്നതു തന്നെയാണ് എല്ലാവരെയും പോലെ താനും ഇപ്പോൾ ആഗ്രഹിക്കുന്നതെന്നും സമീനയുടെ വാക്കുകൾ.

## ഞങ്ങൾ കൂലിപ്പണിക്കാർക്ക് ഉള്ള പണിക്ക് പോകാൻ പറ്റാത്ത അവസ്ഥയായി

ലോക്ക്ഡൗൺ ഏറ്റവുമധികം ബാധിച്ച സാധാരണ തൊഴിലാളികളിൽ ഒരാളാണ് മലപ്പുറം ജില്ലയിലെ കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്തിലെ സാക്ഷരതാ നവചേതന ഇൻസ്ട്രക്ടറായ വി.പി. ചെല്ലൂർ എന്ന സുബ്രഹ്മണ്യൻ. ലോക്ക്ഡൗണിൽ നിർമാണ മേഖല ഉൾപ്പെടെ ദിവസ ജോലിക്കാർ ആശ്രയിക്കുന്ന എല്ലാ തൊഴിൽ മേഖലകളും സ്തംഭിച്ചു. അതോടെ ദിവസക്കൂലിക്കാരനായ സുബ്രഹ്മണ്യന്റെ വരുമാനം പൂർണമായി നിലച്ചു. പ്രായമായ അമ്മയും നിത്യരോഗിയായ അനിയനുമടങ്ങുന്ന കുടുംബത്തിന്റെ ഏക അത്താണിയാണ് സുബ്രഹ്മണ്യൻ. പിടിച്ചു





നിൽക്കാൻ പരമാവധി ശ്രമിക്കുമ്പോഴും തളർന്നുപോകുന്ന ദിവസങ്ങളിലൂടെയാണ് ലോക്ക്ഡൗണിൽ കടന്നുപോയതെന്ന് അദ്ദേഹം ഓർമിക്കുന്നു.

'ഗൾഫ് രാജ്യങ്ങളിൽ കോവിഡ് വ്യാപനം രൂക്ഷമായതോടെ കേരളത്തിലേക്കുള്ള പണത്തിന്റെ വരവ് കുറഞ്ഞു. ഇത് സാധാരണക്കാരുടെ നിത്യജീവിതത്തെ നന്നായി ബാധിച്ചു. നാട്ടിൽ ജോലി കുറഞ്ഞു. കൂലിപ്പണി ചെയ്യുന്ന എനിക്ക് ലോക്ക്ഡൗൺ വന്നതോടെ ഉള്ള പണിക്ക് പോവാനും കഴിയാത്ത അവസ്ഥയായി. പണിയൊന്നുമില്ലാതെ കഷ്ടപ്പെടുന്ന സാഹചര്യത്തിൽ സാക്ഷരതാ പഠിതാക്കളായ അമ്മമാരും പഠിതാക്കളിൽ വച്ച് ഏറ്റവും പ്രായം കുറഞ്ഞ ഭിന്നശേഷിക്കാരിയായ മിനിയും അവരുടെ ക്ഷേമ പെൻഷൻ കിട്ടിയപ്പോൾ അതിലൊരു വിഹിതം എനിക്ക് വച്ചുനീട്ടിയത് എന്റെ കണ്ണ് നിറയിച്ച അനുഭവമാണ്. ഇൻസ്ട്രക്ടർ എന്നതിലുപരി ഒരു മകനോടെന്ന പോലെയുള്ള അവരുടെ സ്നേഹത്തിന് മുന്നിൽ ഞാൻ കൈകൾ കൂപ്പുന്നു. വളരെ സന്തോഷം തോന്നിയെങ്കിലും തിരിച്ച് അവർക്കുവേണ്ടി ഒന്നും ചെയ്യാൻ കഴിയുന്നില്ലല്ലോ എന്നൊരു സങ്കടമേ എനിക്കുണ്ടായിരുന്നുള്ളൂ.'

അമ്മയുടെ ക്ഷേമപെൻഷൻ, റേഷൻ വിഹിതം കൂടുതൽ കിട്ടിയത്, പലചരക്കു കിറ്റ് തുടങ്ങി സർക്കാർ നൽകിയ ആനുകൂല്യങ്ങൾ കോവിഡ് കാലത്തെ ആശങ്കയ്ക്ക് കുറച്ചെങ്കിലും അറുതിവരുത്തിയെന്നും വി.പി.ചെല്ലൂർ കൂട്ടിച്ചേർക്കുന്നു.

## കടലിൽ പോകാനാകാതെ ജീവിതം വഴിമുട്ടി

ലോക്ക്ഡൗണിൽ കടലിൽ പോകുന്നതിന് വിലക്കു വന്നതോടെ ജീവിതവും വരുമാനവും വഴിമുട്ടിയ കഥയാണ് തിരുവനന്തപുരം മരിയനാട്ടെ മത്സ്യത്തൊഴിലാളിയായ പ്രവീണിന് പറയാനുള്ളത്. അമ്മയും ഭാര്യയും മക്കളുമടങ്ങുന്ന കുടുംബത്തിന്റെ ഏക അത്താണിയാണ് പ്രവീൺ. മാർച്ചിൽ ആദ്യഘട്ട ലോക്ക്ഡൗൺ പ്രഖ്യാപിച്ചതു മുതൽ ജീവിതം പ്രതിസന്ധിയിലായെന്ന് പ്രവീൺ പറയുന്നു. പിന്നീട് ലോക്ക്ഡൗൺ ഇളവുകൾ വന്നെങ്കിലും സമീപത്തെ കോവിഡ് കണ്ടെയ്ൻമെന്റ് സോണുകളിൽ മീൻ വിൽക്കാൻ പറ്റാത്ത അവസ്ഥ. മീൻ വിൽപ്പന മുടങ്ങി നഷ്ടം വന്നതോടെ കടലിൽ ബോട്ട് ഇറക്കാൻ ഉടമസ്ഥർ തയ്യാറായില്ല. അങ്ങനെ മറ്റുള്ളവരുടെ ബോട്ടിൽ കടലിൽ പോയിരുന്ന പ്രവീണിന്റെ ഉപജീവനം പൂർണമായും മുടങ്ങി. കോവിഡ് പ്രതിസന്ധിക്കൊപ്പം ദിവസങ്ങളോളം നീണ്ട മഴയും രൂക്ഷമായ കടൽക്ഷോഭവും പിന്നാലെ ട്രോളിംഗ് നിരോധനവും വന്നതോടെ വീണ്ടും തിരിച്ചടിയായി. വീട്ടുവാടക മുടങ്ങി, നിത്യച്ചെലവിന് ബുദ്ധിമുട്ടി. ഇടയ്ക്ക് സർക്കാരിൽ നിന്ന് മത്സ്യത്തൊഴിലാളികൾക്കുള്ള ധനസഹായവും ഭക്ഷ്യകിറ്റും കിട്ടിയതാണ് പിടിച്ചുനിൽക്കാൻ പ്രചോദനമായതെന്ന് പ്രവീൺ.

കഴിഞ്ഞ രണ്ടു പ്രളയകാലത്തും പ്രളയബാധിത മേഖലകളിൽ രക്ഷാപ്രവർത്തനത്തിന് പോയിട്ടുണ്ട് പ്രവീൺ. രക്ഷാപ്രവർത്തനത്തിനുശേഷം അന്ന് സർക്കാരിന്റെ ആദരം സ്വീകരിച്ച അനുഭവം പ്രവീൺ അഭിമാനത്തോടെ ഓർക്കുന്നു. ഇപ്പോൾ നിയന്ത്രണങ്ങളോടെ കടലിൽ പോകാനുള്ള അനുമതിയായെങ്കിലും കാര്യങ്ങൾ പഴയ പടിയായിട്ടില്ല. രോഗാതുരമായ കാലം മാറി വള്ളം നിറയെ മീനും കൈ നിറയെ കാശും കിട്ടുന്ന ദിവസങ്ങൾ വൈകാതെ വന്നുചേരുമെന്ന പ്രതീക്ഷയിലാണ് പത്താംതരം തുല്യതാ പഠിതാവായ പ്രവീൺ.



## അഗ്രോ സൊസൈറ്റി പൂട്ടിയപ്പോൾ നിലച്ചത് പ്രീതയുടെ ഏക വരുമാനം

'അഗ്രോ സൊസൈറ്റിയുടെ ഫീൽഡ് വർക്കിൽ നിന്ന് ഒരുപാട് പൈസയൊന്നും കിട്ടില്ലായിരുന്നു. എന്നാലും ആ വരുമാനം ഒരു ആശ്വാസമായിരുന്നു. എന്തെങ്കിലുമൊന്ന് കൈയിൽ കിട്ടാനുണ്ടല്ലോ എന്ന പ്രതീക്ഷയുണ്ടായിരുന്നു. ഇപ്പോൾ അതുമില്ലാതായി.' ഉണ്ടായിരുന്ന ചെറിയ ജോലിയും നഷ്ടപ്പെട്ടതിന്റെ വ്യാധിയിൽ പ്രീത പറയുന്നു.

കൽപ്പറ്റ വെങ്ങപ്പള്ളി മണിയംകോട് സ്വദേശിയാണ് പ്രീത. ലോക്ക്ഡൗണിനു മുമ്പ് മേപ്പാടിയിൽ

അഗ്രോ സൊസൈറ്റിയിൽ ഫീൽഡ് വർക്കർ ആയി ജോലി ചെയ്യുകയായിരുന്നു. ചെടിത്തൈകൾ ഓർഡർ പിടിച്ച് വിൽക്കുന്നതിനുസരിച്ച് കമ്മീഷൻ വ്യവസ്ഥയിലായിരുന്നു പ്രതിഫലം കിട്ടിക്കൊണ്ടിരുന്നത്. എങ്കിലും ആ ചെറിയ വരുമാനം വീട്ടിൽ മറ്റ് ആശ്രയമില്ലാതിരുന്ന പ്രീതയെ സംബന്ധിച്ച് വലിയ ആശ്വാസമായിരുന്നു. ചെറിയ ജോലിയും വരുമാനവും കിട്ടിക്കൊണ്ടിരുന്ന സന്തോഷത്തിൽ മുന്നോട്ടുപൊയ്ക്കൊണ്ടിരുന്നപ്പോഴാണ് അപ്രതീക്ഷിതമായി കോവിഡ് പ്രതിസന്ധിയും ലോക്ക്ഡൗണും വന്നത്. കച്ചവടം നിലച്ചതോടെ അഗ്രോ സൊസൈറ്റി ഉടമസ്ഥർ സ്ഥാപനം അടച്ചുപൂട്ടി.

മാർച്ച് മുതൽ ജോലി ഇല്ലാതെ വീട്ടിൽ ഇരിക്കുന്ന പ്രീത ഇപ്പോൾ വല്ലപ്പോഴും കിട്ടുന്ന തൊഴിലുറപ്പ് പണിയെയാണ് ആശ്രയിക്കുന്നത്. പ്ലസ് ടു തുല്യതാ പഠിതാവായ പ്രീത പുതിയ ജോലി അന്വേഷണത്തിലാണ്. ലോക്ക്ഡൗൺ പ്രതിസന്ധി തുടരുന്നതിനാൽ പെട്ടെന്ന് പുതിയ തൊഴിൽ ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ടുമുണ്ടെന്നും പ്രീത പറയുന്നു.

## സിന്ധുവിന് ടെക്സ്റ്റൈൽസിലെ ജോലി നഷ്ടപ്പെട്ടിട്ട് ആറുമാസം

സുൽത്താൻ ബത്തേരിയിൽ ടെക്സ്റ്റൈൽസ് ജീവനക്കാരിയായിരുന്ന സിന്ധുവിന് മാർച്ചിൽ ആകെ മൂന്നുദിവസമാണ് ജോലിയുണ്ടായിരുന്നത്. അപ്പോഴേക്കും ലോക്ക്ഡൗൺ പ്രഖ്യാപിച്ചു. കടയ്ക്ക് ഷട്ടർ വീണു. പിന്നെ കഴിഞ്ഞ ആറുമാസമായി ജോലിയില്ല. ഇടയ്ക്ക് ഇളവുകളോടു കൂടി നിശ്ചിത ശതമാനം ജീവനക്കാരെ വച്ച് കട തുറന്നപ്പോഴും സിന്ധുവിന് വിളി വന്നില്ല. ഇനി വിളി വരുമെന്ന പ്രതീക്ഷയുമില്ല.


കുറേ ദിവസം വീട്ടിൽ വെറുതെ നിന്നു. പിന്നെ പരിസരത്തെ ഒരു വീട്ടിൽ അടുക്കളപ്പണിക്കു പോയിത്തുടങ്ങി. എങ്കിലും ഒരു വർഷമായി ടെക്സ്റ്റൈൽസ് ജീവനക്കാരി എന്ന നിലയിൽ കിട്ടിക്കൊണ്ടിരുന്ന വരുമാനം നിലച്ചതിന്റെ ആഘാതം സിന്ധുവിനെ വിട്ടുപോയിട്ടില്ല. നെന്മേനി ചുള്ളിയോട് കോളിമൂല സ്വദേശിയാണ് സിന്ധു. ഇടയ്ക്ക് സർക്കാരിൽ നിന്നുള്ള ഭക്ഷ്യകിറ്റ് കിട്ടിയത് സിന്ധുവിനും കുടുംബത്തിനും ചെറിയ ആശ്വാസമായി. പ്ലസ് ടു തുല്യതാ പഠിതാവായ സിന്ധു പി.എസ്.സി. പരീക്ഷയ്ക്കു പഠിക്കാനുള്ള ശ്രമവും തുടങ്ങിക്കഴിഞ്ഞു.

**ഡോ. മുഹമ്മദ് അഷീൽ**
എക്സിക്യൂട്ടീവ് ഡയറക്ടർ,
കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ



## സവാരിക്ക് ആളില്ല; ലോക്കായി ഓട്ടോ ജീവിതം

കടം വാങ്ങിയും വായ്പയെടുത്തും വാങ്ങിയ ഓട്ടോയിൽ കയറാൻ യാത്രക്കാരില്ലാതായതോടെ വരുമാനം നിലച്ച് വണ്ടിയുടെ സി.സി അടവ് വരെ തെറ്റിയ അവസ്ഥയിലാണ് ഷറഫുദ്ദീനും മരുമകൻ സുൽഫിക്കറും. തിരുവനന്തപുരം പൂന്തുറ പുത്തൻപള്ളിയിലെ അക്ഷരശ്രീ വാർഡ് കോ-ഓർഡിനേറ്റർ ഹയറുന്നീസയുടെ ഭർത്താവാണ് ഷറഫുദ്ദീൻ.



ഗൾഫിൽനിന്നു തിരിച്ചെത്തിയ ശേഷം കഴിഞ്ഞ രണ്ടുവർഷമായി തിരുവനന്തപുരം നഗരത്തിൽ ഓട്ടോ ഓടിക്കുകയാണ് ഷറഫുദ്ദീൻ. പ്രായം 60 ആയി. അതിനാൽ ലോക്ക്ഡൗൺ സമയത്ത് വണ്ടിയോടിക്കാൻ വിലക്കുണ്ട്. അതോടെ വീട്ടിൽ തന്നെ ഇരിപ്പായി.

ഏഴാം ക്ലാസ് തുല്യതാ പഠിതാവു കൂടിയായ സുൽഫിക്കറാകട്ടെ, ലോക്ക്ഡൗൺ ഇളവുകൾ വന്നതോടെ ഓട്ടോ നിരത്തിലിറക്കിയെങ്കിലും സവാരിക്ക് ആളെ കിട്ടാത്തതിനാൽ വണ്ടിയോട്ടം നിർത്തേണ്ടിവന്നു. യാത്രക്കാരില്ലാതെ വെറുതെ ഇന്ധനമടിച്ച് പൈസ കളയുന്നതിൽ കാര്യമില്ലെന്നു മനസ്സിലായതോടെ ഓട്ടോ ഷെഡ്ഡിലായി. പിന്നീട് ജീവിക്കാനുള്ള ഒരു പരീക്ഷണമെന്ന നിലയിൽ ഉന്തുവണ്ടിയിൽ പഴക്കച്ചവടത്തിനിറങ്ങി. 15 ദിവസം ഉന്തുവണ്ടിയും തള്ളി പല പ്രദേശങ്ങളിൽ പോയെങ്കിലും കച്ചവടത്തിൽ നിന്ന് കാര്യമായ മെച്ചം ഉണ്ടായില്ല. അതോടെ അതും നിർത്തി. മറ്റു മാർഗമില്ലാത്തതിനാൽ ഇപ്പോൾ വീണ്ടും ഓട്ടോയുമായി നിരത്തിലിറങ്ങിയിരിക്കുകയാണ് സുൽഫിക്കർ. ലോക്ക്ഡൗൺ നീക്കിയെങ്കിലും തിരുവനന്തപുരം നഗരം പഴയ പടി ഉണർന്നിട്ടില്ല. അതിന് ഇനിയും മാസങ്ങളെടുക്കും. ഓണത്തിന് സർക്കാർ നൽകുന്ന ഓണക്കിറ്റ് വലിയ സഹായമാണ്.

# ജീവനും ജീവിതവും ഒരുപോലെ സംരക്ഷിച്ച് മുന്നോട്ടുപോകണം

കോവിഡ് മഹാമാരി ലോകത്തെ സാമ്പത്തിക, സാമൂഹിക മേഖലകളിലാകെ വലിയ പ്രതിസന്ധി ഉണ്ടാക്കിയിട്ടുണ്ട്. ദാരിദ്ര്യവും തൊഴിലില്ലായ്മയും കാര്യമായി വർധിച്ചു. എന്നാൽ മറ്റു പല രാജ്യങ്ങളെയും താരതമ്യം ചെയ്താൽ കേരളത്തിലെ സ്ഥിതി എത്രയോ ആശ്വാസകരമാണ്. കോവിഡിനെ തുടർന്നുള്ള പട്ടിണി മരണങ്ങളും ആത്മഹത്യയും ഇവിടെ കുറവാണ്. ദാരിദ്ര്യവും കേരളത്തിൽ കുറവാണ്. ദുരിതകാലത്ത് ദാരിദ്ര്യ നിർമാർജനത്തിനും ഭക്ഷ്യസുരക്ഷയ്ക്കുമായി കേരളം സ്വീകരിച്ച പരിഹാര നടപടികളും നടപ്പിലാക്കിയ പാക്കേജുകളും മാതൃകാപരമാണ്. തൊഴിൽനഷ്ടം പരിഹരിക്കാനുള്ള പദ്ധതികളും ഫലം കാണുന്നുണ്ട്.

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ രണ്ടാം ഘട്ടത്തിൽ ജീവനൊപ്പം ജീവിതവും എന്നതാണ് ലക്ഷ്യമിടുന്നത്. ജീവൻ സംരക്ഷിക്കുന്നതിനൊപ്പം ജീവിതവും മുന്നോട്ടു കൊണ്ടുപോകുന്നതിനായി തൊഴിലിടങ്ങൾ വീണ്ടും സജീവമാകേണ്ടതുണ്ട്. അതിനായിട്ടാണ് ലോക്ക്ഡൗണിൽ വ്യാപാരത്തിനും തൊഴിൽ മേഖലകൾക്കുമെല്ലാം ഇളവുകൾ നൽകിയിരിക്കുകയാണ്. എന്നാൽ ഈ ഇളവുകൾ ഒരിക്കലും രോഗവ്യാപനത്തിനു കാരണമാകരുത്. തൊഴിലിടങ്ങൾ സജീവമായാലേ സാധാരണ തൊഴിലുകളിൽ ഏർപ്പെടുന്നവരുടെയും ദിവസക്കൂലിക്കാരുടെയും ജീവിതം പഴയ പടിയാകൂ. അവരുടെ ജീവിതവും സാമ്പത്തികാവസ്ഥയും സുരക്ഷിതമാകേണ്ടതുണ്ട്.

തൊഴിലും സാമ്പത്തികാവസ്ഥയും തിരിച്ചു പിടിക്കുന്നതിനൊപ്പം രോഗാതുരമായ സാഹചര്യങ്ങളെയും നമുക്ക് മറികടക്കേണ്ടതുണ്ട്. ലോക്ക് ഡൗൺ ഇളവുകൾ നിലവിൽ വന്നതോടെ പോസിറ്റീവ് കേസുകളുടെ എണ്ണം ഇനിയും വർധിച്ചേക്കും. എന്നാൽ അതിൽ ഭയപ്പെടേണ്ടതില്ല. ചിട്ടയായ പ്രതിരോധപ്രവർത്തനം കൊണ്ട് കേസുകളുടെ എണ്ണം നമുക്ക് കുറയ്ക്കാനാകും. കോവിഡിനെതിരെയുള്ള കേരളത്തിന്റെ ജാഗ്രതയോടെയുള്ള പ്രവർത്തനം കൊണ്ടാണ് മരണസംഖ്യ ഇത്രയും പിടിച്ചു നിർത്താനായത്. നമ്മുടെ പ്രതിരോധ പ്രവർത്തനം തുടരുകയാണ്. അതിനോടു ചേർന്ന് ജാഗ്രത പുലർത്താൻ ഓരോരുത്തരും സ്വയം ശീലിക്കുകയും വേണം.



ഷറഫുദ്ദീൻ



സുൽഫിക്കർ

കവിത

ബിന്ദു കൃഷ്ണൻ





# പ്രതി

മൗനം
മുമ്പ് ഒഴുകിയിരുന്ന വാക്കുകൾ
തണുത്തുറഞ്ഞ ഐസ് കഠാര
കൂർത്ത മൗനം,
ഒറ്റക്കുത്തിൽ
ഹൃദയത്തിന്റെ കഥ കഴിയും
ഉടൻ അത് ഉരുകാൻ തുടങ്ങും
എല്ലാ തെളിവും
അപ്രത്യക്ഷമാവും

വാചാലത
പൊട്ടിക്കാളി
ചുറ്റും തുരുതുരെ വെടിയുതിർക്കും
എല്ലാരും കേട്ടോടിയെത്തും
തെളിവോടെ പിടിക്കപ്പെടും
‘ഞാനല്ല ഞാനല്ല
ഈ പ്രണയത്തെ കൊന്നത്’,
കരഞ്ഞു ബഹളംവച്ചു
വിലങ്ങണിഞ്ഞു നടന്നു പോകും

മൗനം നോക്കിനിന്ന്
ഊറിച്ചിരിക്കും ◘

കവിത

എസ് . ജോസഫ്





# തടവറകൾ

അടച്ചുപൂട്ടിയതാണ് തടവറകൾ
അടച്ചിട്ട നഗരവും വീടും മൈതാനവും
താവളങ്ങളും
ദേവാലയങ്ങളും
തീവണ്ടികളും
തടവറകളായല്ലോ

ഒരാൾ മുറിക്കകത്തു നിന്ന് വാതിലടച്ചിട്ട്
പാട്ടുപാടുന്നു
വേറൊരാൾ  ഫ്ളൂട്ട് വായിക്കുന്നു
രണ്ടുപേരും ലോകത്തെ പുറത്താക്കി
തിരിച്ച്  ലോകം അവരെ
അകത്തിട്ട് പൂട്ടി

വേരുകൾ വിട്ട് പറന്നവർ
മടങ്ങുകയാണ്
അവർക്കു പിന്നിൽ
അടയുകയാണ്  വിദൂരലോകങ്ങൾ
ലോകം തടവറയാകുന്ന മനുഷ്യർ
നടന്ന് തളർന്ന് വീണുമരിക്കുന്നു

മൃഗങ്ങളും പക്ഷികളും
മനുഷ്യരെ മനസിലാക്കുന്നുണ്ട്
അവരെ നമ്മൾ തടവറകളിൽ
എത്ര നേരത്തേ അടച്ചിട്ടു.
അവരെ ഓടിച്ചു വിട്ട സ്ഥലങ്ങളും
തടവറകളിലായി.

തകഴി ശിവശങ്കരപ്പിള്ള




> വെള്ളപ്പൊക്കത്തിൽ അകപ്പെട്ട നായയിലൂടെ വെള്ളപ്പൊക്കത്തിന്റെ തീവ്രത പ്രതിഫലിപ്പിക്കുന്ന കഥയാണ് തകഴി ശിവശങ്കരപ്പിള്ളയുടെ 'വെള്ളപ്പൊക്കത്തിൽ'.



# വെള്ളപ്പൊക്കത്തിൽ

നാട്ടിലെ പൊക്കംകൂടിയ സ്ഥലം ക്ഷേത്രമാണ്. അവിടെ, ദേവൻ കഴുത്തറ്റം വെള്ളത്തിൽ നിൽക്കുന്നു. വെള്ളം! സർവ്വത്ര ജലം! നാട്ടുകാരെല്ലാം കരതേടിപ്പോയി. വീട്ടുകാവലിന് ഒരാൾ, വീട്ടിൽ വള്ളമുണ്ടെങ്കിൽ ഉണ്ട്. ക്ഷേത്രത്തിലെ മൂന്നു മുറിയുള്ള മാളികപ്പുറത്ത് 67 കുട്ടികളുണ്ട്. 356 ആളുകൾ, പട്ടി, പൂച്ച, ആട്, കോഴി മുതലായ വളർത്തുമൃഗങ്ങളും. എല്ലാം ഐകമത്യമായി കഴിയുന്നു; ഒരു ശണ്ഠയുമില്ല.

ചേന്നപ്പറയൻ ഒരു രാത്രിയും ഒരു പകലുമായി വെള്ളത്തിൽത്തന്നെ നിൽക്കുന്നു. അവനു വള്ളമില്ല. അവന്റെ തമ്പുരാൻ മൂന്നായി, പ്രാണനും കൊണ്ടു കര പറ്റിയിട്ട്. ആദ്യം പുരയ്ക്കകത്തേക്കു വെള്ളം എത്തിനോക്കിത്തുടങ്ങിയപ്പോഴേ മടലും കമ്പുംകൊണ്ടു തട്ടും പരണും കെട്ടിയിരുന്നു. വെള്ളം പെട്ടെന്നിറങ്ങുമെന്നു കരുതി രണ്ടുദിവസം അതിൽ കുത്തിയിരുന്നു കഴിച്ചുകൂട്ടി. കൂടാതെ നാലഞ്ചു വാഴക്കുലയും തുറുവും കിടക്കുന്നു. അവിടെ നിന്നും പോയാൽ അവയെല്ലാം ആണുങ്ങൾ കൊണ്ടുപോകയും ചെയ്യും.

ഇപ്പോൾ തട്ടിന്റെയും പരണിന്റെയും മുകളിൽ മുട്ടറ്റം

വെള്ളമുണ്ട്. മേൽക്കൂരയുടെ രണ്ടുവരി ഓല വെള്ളത്തിനടിയിലാണ്. അകത്തു കിടന്നുചേന്നൻ വിളിച്ചു. ആരു വിളികേൾക്കും? അടുത്താരുണ്ട്? ഗർഭിണിയായ ഒരു പറച്ചി, നാലു കുട്ടികൾ, ഒരു പൂച്ച, ഒരു പട്ടി ഇത്രയും ജീവികൾ അവനെ ആശ്രയിച്ചിട്ടുമുണ്ട്. പുരയ്ക്കു മുകളിൽക്കൂടി വെള്ളം ഒഴുകാൻ മുപ്പതു നാഴിക വേണ്ടെന്നും തന്റെയും കുടുംബത്തിന്റെയും അവസാനമടുത്തുവെന്നും അവൻ തീർച്ചപ്പെടുത്തി. ഭയങ്കരമായ മഴ തോർന്നിട്ടു മൂന്നു ദിവസമായി. കൂരയുടെ ഓല പൊളിച്ചു ചേന്നൻ ഒരു കണക്കിൽ പുറത്തിറങ്ങി നാലുചുറ്റിനും നോക്കി. വടക്ക് ഒരു കെട്ടുവള്ളം പോകുന്നു. അത്യുച്ചത്തിൽ ചേന്നപ്പറയൻ വള്ളക്കാരെ കൂകി വിളിച്ചു. വള്ളക്കാർക്ക്, ഭാഗ്യം കൊണ്ടു കാര്യം മനസിലായി. അവർ വള്ളം കൊട്ടിലിനുനേർക്കു തിരിച്ചു. കിടാങ്ങളെയും പെണ്ണാളിനെയും പട്ടിയെയും പൂച്ചയെയും പുരയുടെ വാരിക്കിടയിൽക്കൂടി ഓരോന്നായി ചേന്നൻ വലിച്ചുവെളിയിലിട്ടു. അപ്പോഴേക്കു വള്ളവും വന്നടുത്തു.

കിടാങ്ങൾ വള്ളത്തിൽ കയറിക്കൊണ്ടിരിക്കയാണ്. "ചേന്നച്ചോ, പൂഹേയ്!" പടിഞ്ഞാറുനിന്നാരോ വിളിക്കുന്നു. ചേന്നൻ തിരിഞ്ഞുനോക്കി. "ഇങ്ങാ വായോ!" അതു മടിയത്തറ കുഞ്ഞേപ്പനാണ്. അവൻ പുരപ്പുറത്തുനിന്നു വിളിക്കുകയാണ്. ധിറുതിപ്പെട്ടു പെണ്ണാളിനെ പിടിച്ചുവള്ളത്തിൽ കയറ്റി. അത്തക്കത്തിനു പൂച്ചയും വള്ളത്തിൽ ചാടിക്കയറി. പട്ടിയുടെ കാര്യം ആരും ഓർത്തില്ല. അത്, പുരയുടെ പടിഞ്ഞാറെ ചരുവിൽ, അവിടെയും ഇവിടെയും മണപ്പിച്ചു നടക്കുകയാണ്.

വള്ളം നീങ്ങി; അതകലെയായി.

പട്ടി മുകളെടുപ്പിൽ തിരിച്ചു വന്നു. ചേന്നന്റെ വള്ളം അങ്ങകലെയായിക്കഴിഞ്ഞു; അതു പറന്നുപോകുന്നു. മരണവേദനയോടെ ആ ജന്തു മോങ്ങിത്തുടങ്ങി; നിസ്സഹായനായ ഒരു മനുഷ്യന്റെ ശബ്ദത്തോടു സാദൃശ്യമുള്ള ശബ്ദപരമ്പരകൾ പുറപ്പെടുവിച്ചു. ആരുണ്ടതു കേൾക്കാൻ!

പുരയുടെ നാലു ചരുവുകളിലും അത് ഓടിനടന്നു; ചിലെടമെല്ലാം മണപ്പിച്ചു; മോങ്ങി!

സ്വൈരമായി പുരപ്പുറത്തിരുന്ന ഒരു തവള, അപ്രതീക്ഷിതമായ ഈ ബഹളം കണ്ടുപേടിച്ചു പട്ടിയുടെ മുമ്പിൽക്കൂടി വെള്ളത്തിലേക്കു 'ധുടീം' എന്നൊരു ചാട്ടംചാടി. ആ നായ് ഭയപ്പെട്ടു ഞെട്ടി പിന്നിലേക്കു കുതിച്ച് ജലത്തിനുണ്ടായ ചലനത്തെ കുറെനേരം തുറിച്ചുനോക്കി നിന്നു.

ആഹാരം തേടിയാവാം, ആ മൃഗം അവിടെയും ഇവിടെയും ഒക്കെ ചെന്നു ഘ്രാണിക്കുന്നു. ഒരു തവള അവന്റെ നാസാരന്ധ്രത്തിൽ മൂത്രം വിസർജിച്ചിട്ടു വെള്ളത്തിലേക്കു ചാടിക്കളഞ്ഞു. അസ്വസ്ഥനായ നായ് ചീറ്റി, തുമ്മി. തല അറഞ്ഞു ചീറ്റി, മുൻകാലുകൾ ഒന്നു കൊണ്ടു മോന്ത തുടച്ചു.

ഭയങ്കരമായ പേമാരി വീണ്ടും ആരംഭിച്ചു. കൂനിക്കൂടി കുത്തിയിരുന്ന് ആ പട്ടി അതു സഹിച്ചു. അതിന്റെ ജയമാനൻ അമ്പലപ്പുഴ പറ്റിക്കഴിഞ്ഞു.

രാത്രിയായി. ഉഗ്രനായ ഒരു നക്രം ജലത്തിൽ പകുതി ആണ്ടുകിടക്കുന്ന ആ കുടിലിനെ ഉരസിക്കൊണ്ടു മന്ദം മന്ദം ഒഴുകിപ്പോയി. ഭയാക്രാന്തനായി വാൽ താഴ്ത്തിക്കൊണ്ടു നായ് കുരച്ചു. നക്രം യാതൊന്നുമറിയാത്ത ഭാവത്തിൽ അങ്ങൊഴുകിപ്പോയി.

മുകളെടുപ്പിൽ കുത്തിയിരുന്ന് ആക്ഷുൽപീഡിതനായ മൃഗം, കാർമേഘാവൃതമായ, അന്ധകാരഭീകരമായ, അന്തരീക്ഷത്തിൽ നോക്കി മോങ്ങി. ആ നായയുടെ ദീനരോദനം അതിദൂരപ്രദേശങ്ങളിലെത്തി. അനുകമ്പാതുരനായ വായുഭഗവാൻ അതിനേയും വഹിച്ചുകൊണ്ടു പാഞ്ഞു. വീടുകാവലേറ്റിട്ടുള്ള ചില ഹൃദയാലുക്കൾ, അയ്യോ, പുരപ്പുറത്തിരുന്നു പട്ടി മോങ്ങുന്നു എന്നു പറഞ്ഞുകാണും. കടൽപ്പുറത്ത് അതിന്റെ യജമാനൻ ഇപ്പോൾ അത്താഴം ഉണ്ണുകയായിരിക്കും. പതിവനുസരിച്ച് ഊണു കഴിയുമ്പോൾ ഇന്നും ഒരുരുളച്ചോറ് അവൻ അതിന് ഉരുട്ടുമായിരിക്കും.

അത്യുച്ചത്തിൽ ഇടവിടാതെ കുറേ

**"**

**ഇപ്പോൾ തട്ടിന്റെയും പരണിന്റെയും മുകളിൽ മുട്ടറ്റം വെള്ളമുണ്ട്. മേൽക്കൂരയുടെ രണ്ടുവരി ഓല വെള്ളത്തിനടിയിലാണ്. അകത്തു കിടന്നുചേന്നൻ വിളിച്ചു. ആരു വിളി കേൾക്കും?**



നേരം ആ പട്ടി മോങ്ങി; ശബ്ദം താണുനിശബ്ദമായി. വടക്കെങ്ങോ ഒരു വീട്ടിലിരുന്ന് വീട്ടുകാവൽക്കാരൻ രാമായണം വായിക്കുന്നു. അതു ശ്രദ്ധിക്കുംപോലെ, നിശ്ശബ്ദനായി പട്ടി വടക്കോട്ടുനോക്കിനിന്നു. ആ ജീവി തൊണ്ട പൊട്ടുമാറ് രണ്ടാമതും കുറച്ചുനേരം മോങ്ങി.

ആ നിശീഥിനിയുടെ നിശ്ശേഷനിശ്ശബ്ദതയിൽ ശ്രുതിമധുരമായ രാമായണം വായന ഒരിക്കൽക്കൂടി എങ്ങും പരന്നൊഴുകി. നമ്മുടെ ശുനകൻ ആ മാനവ ശബ്ദം ചെവിയോർത്തുകേട്ട് കുറച്ചധികനേരം നിശ്ചലം നിന്നു.



ഒരു ശീതമാരുതപ്രവാഹത്തിൽ ആ ശാന്തമധുരമായ ഗാനം ലയിച്ചു. കാറ്റിന്റെ ഒച്ചയും അലകളിളക്കുന്ന 'ബളബള' ശബ്ദവും അല്ലാതൊന്നും കേൾപ്പാനില്ല.

മുകളെടുപ്പിൽ ചേന്നന്റെ പട്ടി കയറിക്കിടക്കുന്നു. ഘനമായി അതു ശ്വാസോച്ഛ്വാസം ചെയ്തു. ഇടയ്ക്കിടയ്ക്ക് എന്തോ നിരാശനായി പിറുപിറുക്കുന്നുമുണ്ട്. അവിടെ ഒരു മീൻ തുടിച്ചു; ചാടി എണീറ്റ് നായ് കുരച്ചു. മറ്റൊരിടത്തു തവള ചാടി; അസ്വസ്ഥനായി നായ് മുറുമുറുത്തു.

പ്രഭാതമായി. താണ സ്വരത്തിൽ അതു മോങ്ങിത്തുടങ്ങി; ഹൃദയ ദ്രവീകരണസമർത്ഥമായ ഒരു രാഗം വിസ്തരിച്ചു തുടങ്ങി! തവളകൾ അവനെ തുറിച്ചുനോക്കി, ജലത്തിൽ ചാടി ഉപരിതലത്തിൽക്കൂടി തെറ്റിത്തെന്നി ചരിച്ചു താഴുന്നത് അവൻ നിർന്നിമേഷം നോക്കിനിൽക്കും.

ജലപ്പരപ്പിൽ നിന്നുയർന്നുകാണുന്ന ആ ഓലക്കെട്ടുകളെല്ലാം അവൻ ആശയോടെ ദൃഷ്ടിവച്ചു. എല്ലാം വിജനമാണ്. ഒരിടത്തും തീ പുകയുന്നില്ല. ശരീരത്തിൽ കടിച്ചു സുഖിക്കുന്ന ഈച്ചകളെ പട്ടി കടിച്ചുകൊറിക്കും. പിൻകാലുകളാൽ താടി കൂടക്കൂടെ ചൊറിഞ്ഞ് ഈച്ചയെ പായിക്കും.

അൽപ്പനേരം സൂര്യൻ തെളിഞ്ഞു. ആ ഇളവെയിലിൽ അവൻ കിടന്നു മയങ്ങി. മന്ദാനിലനിൽ ഇളകുന്ന വാഴയിലയുടെ ഛായ പുരപ്പുറത്തങ്ങനെ ചലിച്ചുകൊണ്ടിരുന്നു! അവൻ ചാടി എണീറ്റ് ഒന്നു കുരച്ചു.

കാറുകയറി സൂര്യൻ മറഞ്ഞു. നാടെല്ലാം ഇരുണ്ടു. കാറ്റ് അലകളെ ഇളക്കി. ജലപ്പരപ്പിൽക്കൂടി ജന്തുക്കളുടെ ശവശരീരങ്ങൾ ഒഴുകിപ്പോകുന്നു; ഓളത്തിൽ ഇളകി കുതിച്ചൊഴുകുന്നു. സ്വച്ഛന്ദം അവ എങ്ങും സഞ്ചരിക്കുന്നു; ഭയപ്പെടാതെ നടക്കുന്നു. അതിനെയെല്ലാം അവൻ കൊതിയോടെ നോക്കി. നമ്മുടെ നായ് മുറുമുറുത്തു.

അങ്ങകലെ ഒരു ചെറുവള്ളം ദ്രുതഗതിയിൽ പോകുന്നു. അവൻ എഴുന്നേറ്റുനിന്ന് വാലാട്ടി. ആ വഞ്ചിയുടെ ഗതിയെ സൂക്ഷിച്ചു. അതങ്ങു തൈക്കൂട്ടത്തിൽ മറഞ്ഞു.

മഴ ചാറിത്തുടങ്ങി. പിൻകാലുകൾ മടക്കി മുൻകാലുകൾ നിലത്തൂന്നി കുത്തിയിരുന്ന് ആ നായ് നാലുപാടും നോക്കി. അവന്റെ കണ്ണുകളിൽ, ആരെയും കരയിക്കുന്ന നിസ്സഹായസ്ഥിതി പ്രതിഫലിച്ചിരുന്നു.

മഴ തോർന്നു. വടക്കേ വീട്ടിൽനിന്നും ഒരു ചെറുവള്ളം വന്ന് ഒരു തെങ്ങിൻ ചുവട്ടിൽ അടുത്തു. നമ്മുടെ നായ് വാലാട്ടി കോട്ടുവാ വിട്ട് മുറുമുറുത്തു. വള്ളക്കാരൻ തെങ്ങിൽ കയറി കരിക്കടർത്തിക്കൊണ്ടു താഴത്തിറങ്ങി. അയാൾ വള്ളത്തിൽവച്ചുതന്നെ കരിക്കുതുളച്ചു കുടിച്ചിട്ട് തുഴയെടുത്തു തുഴഞ്ഞങ്ങു പോയി.

അകലെയുള്ള വൃക്ഷക്കൊമ്പിൽനിന്നും ഒരു കാകൻ പറന്നുവന്ന്, ഒരൂക്കൻ പോത്തിന്റെ അഴുകിയൊഴുകുന്ന ശരീരത്തിൽ വീണു. ചേന്നന്റെ പട്ടി കൊതിയോടെ കുരയ്ക്കവെ, കാക്ക ആരെയും കൂസാതെ മാംസം കൊത്തിവലിച്ചുതിന്നു. തൃപ്തിയായി; അതു പറന്നങ്ങു പോയി.



ഒരു പച്ചക്കിളി പുരയ്ക്കടുത്തു നിൽക്കുന്ന വാഴയിലയിൽ വന്നിരുന്നു ചിലച്ചു. പട്ടി, അസ്വസ്ഥനായി കുരച്ചു. ആ പക്ഷിയും പറന്നുപോയി.

മലവെള്ളത്തിൽപെട്ട് ഒഴുകിവരുന്ന ഒരു എറുമ്പിൻകൂട് ആ പുരപ്പുറത്ത് അടിഞ്ഞു. അവ രക്ഷപ്പെട്ടു. ഭോജ്യസമാധനമെന്നു നണ്ണിയാവാം നമ്മുടെ നായ് അവയ്ക്കുമ്മകൊടുത്തു. ചീറ്റിത്തുമ്മി അതിന്റെ മൃദുലമായ മോന്ത ചുമന്നു തടിച്ചു.

ഉച്ചതിരിഞ്ഞ് ഒരു ചെറുവള്ളത്തിൽ രണ്ടുപേർ ആ വഴി വന്നു. പട്ടി നന്ദിയോടെ കുരച്ചു; വാലാട്ടി. എന്തൊക്കെയോ മനുഷ്യഭാഷയോട് അടുപ്പമുള്ള ഭാഷയിൽ പറഞ്ഞു. അതു ജലത്തിൽ ഇറങ്ങിവള്ളത്തിൽ ചാടാൻ തയ്യാറായി നിന്നു. 'തേ! ഒരു പട്ടി നിൽക്കുന്നു.' ഒരുവൻ പറഞ്ഞു. അയാളുടെ അനുകമ്പ മനസിലായെന്നപോലെ നന്ദിസൂചകമായി അതൊന്നു മോങ്ങി. 'അവിടിരിക്കട്ടെ', മറ്റേയാൾ പറഞ്ഞു. എന്തോ നുണഞ്ഞിറക്കുംപോലെ, അതു വായ് പൊളിച്ചടച്ചു ശബ്ദിച്ചു; പ്രാർഥിച്ചു. അതു രണ്ടുപ്രാവശ്യം ചാടാൻ ആഞ്ഞു.

വള്ളം അങ്ങകലെയായി. ഒന്നുകൂടെ പട്ടി മോങ്ങി. വള്ളക്കാരിൽ ഒരുവൻ തിരിഞ്ഞുനോക്കി.

'അയ്യോ!'

അതു വള്ളക്കാരൻ വിളിച്ചതല്ല. ആ ശ്വാനന്റെ ശബ്ദമായിരുന്നു.



‘അയ്യോ!’

പരിക്ഷീണവും ഹൃദയസ്പൃക്കുമായ ആ ദീനരോദനം അങ്ങുകാറ്റിൽ ലയിച്ചു, വീണ്ടും അലകളുടെ ഒടുങ്ങാത്ത ശബ്ദം. ആരും പിന്നീടു തിരിഞ്ഞു നോക്കിയില്ല. ആ നിലയ്ക്കു പട്ടി വള്ളം മറയുംവരെ നിന്നു. ലോകത്തോടന്ത്യ യാത്ര പറയുംപോലെ മുറുമുറുത്തുകൊണ്ടതു പുരപ്പുറത്തു കയറി. ഇനി ഒരിക്കലും മനുഷ്യനെ സ്നേഹിക്കുകയില്ല എന്ന് അതു പറയുകയാവാം.

കുറെ പച്ചവെള്ളം നക്കിക്കുടിച്ചു. ആ സാധുമൃഗം മുകളിൽക്കൂടി പറന്നുപോകുന്ന പറവകളെ നോക്കി. അലകളിൽക്കൂടി ഇളകിക്കളിച്ച് ഒരു നീർക്കോലി പാഞ്ഞടുത്തു. നായ് ചാടി പുരപ്പുറത്തു കയറി. ചേന്നനും കുടുംബവും പുറത്തിറങ്ങിയ പഴുതിൽക്കൂടി ആ നീർക്കോലി അകത്തേക്കിഴഞ്ഞു. പട്ടി ആ ദ്വാരത്തിൽക്കൂടി അകത്തേക്കെത്തിനോക്കി. ക്രൂരനായിത്തീർന്ന അതു കുരച്ചുതുടങ്ങി. പിന്നീടും നായ് പിറുപിറുത്തു. ജീവഭയവും വിശപ്പും അതിൽ നിറഞ്ഞിരുന്നു. ഏതു ഭാഷക്കാരനും ഏതു ചൊവ്വാഗ്രഹവാസിക്കും ആശയം മനസ്സിലാകും. അത്ര സർവവിദിതമായ ഭാഷ.



രാത്രിയായി. ഭയങ്കരമായ കൊടുങ്കാറ്റും മഴയും തുടങ്ങി. മേൽക്കൂര അലയടിയേറ്റ് ആടിയുലയുന്നു. രണ്ടുപ്രാവശ്യം ആ നായ് ഉരുണ്ടു താഴത്തുവീഴാൻ തുടങ്ങി. ഒരു നീണ്ട തല ജലത്തിനുമീതെ ഉയർന്നു. അതൊരു മുതലയാണ്. പട്ടി പ്രാണവേദനയോടെ കുരയ്ക്കാൻ തുടങ്ങി. അടുത്ത കോഴികൾ കൂട്ടംകരയുന്ന ശബ്ദം കേൾക്കായി.

‘പട്ടി എവിടെയാ കുരയ്ക്കുന്നെ? ഇവിടുന്ന് ആൾ മാറിയില്ലേ?’ പടറ്റി വാഴയുടെ ചുവട്ടിൽ, വയ്ക്കോൽ, തേങ്ങ, വാഴക്കുല ഇവകൊണ്ടു നിറഞ്ഞ ഒരു വള്ളമടുത്തു.

പട്ടി വള്ളക്കാരുടെനേരെ തിരിഞ്ഞുനിന്നു കുര തുടങ്ങി. കോപിഷ്ഠനായി വാൽ ഉയർത്തിക്കൊണ്ടു ജലത്തിനരികെനിന്നു കുരച്ചുതുടങ്ങി. വള്ളക്കാരിൽ ഒരുവൻ വാഴയിൽ കയറി.

‘കൂവേ, പട്ടി ചാടുമെന്നാ തോന്നുന്നേ!’

പട്ടി മുന്നോട്ട് ഒരു ചാട്ടംചാടി. വാഴയിൽ കയറിയവൻ ഉരുണ്ടുപിടച്ചു വെള്ളത്തിൽ വീണു. മറ്റെയാൾ അവനെപ്പിടിച്ചു വള്ളത്തിൽ കയറ്റി. പട്ടി ഈ സമയംകൊണ്ടു നീന്തി പുരപ്പുറത്തെത്തി ശരീരം കുടഞ്ഞു കോപിഷ്ഠനായി കുര തുടർന്നു.

കള്ളന്മാർ കുലയെല്ലാം വെട്ടി. ‘നിനക്കു വച്ചിരിക്കുന്നെടാ’, തൊണ്ട തകരുമാറു കുരയ്ക്കുന്ന പട്ടിയോടവർ പറഞ്ഞു. പിന്നീടവർ വൈക്കോൽ മുഴുവൻ വള്ളത്തിൽ കയറ്റി. അവസാനത്തിൽ ഒരുവൻ പുരപ്പുറത്തേക്ക് കയറി. അവന്റെ കാലിൽ പട്ടി കടിയുംകൂടി. ഒരു വാ നിറയെ മാംസം ആ പട്ടിക്കു കിട്ടി. അയാൾ, അയ്യോ! എന്നു കരഞ്ഞുകൊണ്ടു ചാടി വള്ളത്തിൽക്കയറി. വള്ളത്തിൽ നിന്ന ആൾ കഴുക്കോലുവച്ചു പട്ടിയുടെ പള്ളയ്ക്കൊരടിയടിച്ചു. ‘മ്യാവൂ! മ്യാവൂ! മ്യാവൂ!’ സ്വരം ക്രമേണ താണുവെറും അശക്തമായ മൂളലിൽ പര്യവസാനിച്ചു. പട്ടികടിയേറ്റയാൾ വള്ളത്തിൽക്കിടന്നു കരഞ്ഞു. ‘മിണ്ടാതിരിയെടാ. വല്ലോരും –’ എന്നു മറ്റെയാൾ സമാധാനം പറഞ്ഞു. അവർ അങ്ങുപോയി.

ഒട്ടധികനേരം കഴിഞ്ഞു പട്ടി വള്ളംപോയ സ്ഥലം നോക്കി ഉഗ്രമായി കുരച്ചു.

പാതിരയോടടുത്തു. ഒരു വലിയ ചത്ത പശു ഒഴുകിവന്നു പുരയിൽ അടിഞ്ഞു. പട്ടി മുകളെടുപ്പിൽനിന്ന് അതുനോക്കിനിൽക്കയാണ്. താഴത്തേക്കിറങ്ങിയില്ല. ആ ശവശരീരം മന്ദംമന്ദം മാറുന്നു. പട്ടി മുറുമുറുത്തു. ഓലമാന്തിക്കീറി, വാലാട്ടി, പിടികിട്ടാത്തമട്ടിൽ അൽപ്പം അകലാൻ അതു തുടങ്ങവെ, പതുക്കെപ്പതുക്കെ പട്ടി താഴേക്കിറങ്ങി കടിയിട്ടു വലിച്ചടുപ്പിച്ചു തൃപ്തിയോടെ തിന്നുതുടങ്ങി. കൊടിയ വിശപ്പിനു വേണ്ടുവോളം ആഹാരം!

‘ഠേ’ ഒരടി! പട്ടിയെ കാൺമാനില്ല. ഒന്നു കുതിച്ചുതാണിട്ടു പശു അങ്ങകന്ന് ഒഴുകിപ്പോയി.

അപ്പോൾ മുതൽ കൊടുങ്കാറ്റിന്റലർച്ചയും തവളകളുടെ തുടിപ്പും അലയുടെ ശബ്ദവും അല്ലാതൊന്നും കേൾപ്പാനില്ല. അവിടമൊക്കെ നിശ്ശബ്ദം! ഹൃദയമുള്ള വീട്ടുകാവൽക്കാരൻ പട്ടിയുടെ നിസ്സഹായസ്ഥിതി വെളിപ്പെടുന്ന മോങ്ങൽ പിന്നീടു കേട്ടിട്ടില്ല! അഴുകിച്ചീഞ്ഞ ശവശരീരങ്ങൾ ആ ജലപ്പരപ്പിൽ അവിടവിടെ ഒഴുകിപ്പോയി. കാക്ക ചിലതിലിരുന്നു കൊത്തിത്തിന്നുന്നുമുണ്ട്. അതിന്റെ സ്വൈരതയെ ഒരു ശബ്ദവും ഭഞ്ജിച്ചില്ല! കള്ളന്മാർക്കും അവരുടെ വൃത്തിക്കും വിഘാതമുണ്ടായില്ല! എല്ലാം ശൂന്യം.

അൽപ്പസമയം കഴിഞ്ഞപ്പോൾ ആ കുടിൽ നിലത്തു വീണു; വെള്ളത്തിലാണ്ടു. അനന്തമായ ആ ജലപ്പരപ്പിൽ ഒന്നും ഉയർന്നുകാണ്മാനില്ല. യജമാനന്റെ ഗൃഹത്തെ മരണംവരെ ആ സ്വാമിഭക്തിയുള്ള മൃഗം കാത്തു. അവൻ പോയി. അവനുവേണ്ടിയെന്നോണം ആ കുടിൽ അവനെ മുതലപിടിക്കുന്നതുവരെ ജലത്തിനു മീതെ ഉയർന്നുനിന്നു. അതു താണു, പൂർണമായി ജലത്തിൽ താണു.

വെള്ളമിറക്കം തുടങ്ങി. ചേന്നൻ നീന്തിത്തുടിച്ചു പട്ടിയെ അന്വേഷിച്ചു കൊട്ടിലിലേക്കു വരികയാണ്. ഒരു തെങ്ങിൻചുവട്ടിൽ പട്ടിയുടെ ശവശരീരം അടിഞ്ഞുകിടക്കുന്നു. ഓളങ്ങൾ അതിനെ മെല്ലെ ചലിപ്പിക്കുന്നുണ്ട്. പെരുവിരൽകൊണ്ടു ചേന്നൻ അതിനെ തിരിച്ചും മറിച്ചും ഇട്ടു നോക്കി. അതവന്റെ പട്ടിയാണെന്നു സംശയം തോന്നി. ഒരു ചെവി മുറിഞ്ഞിരിക്കുന്നു. തൊലി അഴുകിപ്പോയിരുന്നതിനാൽ നിറം എന്തെന്നറിഞ്ഞുകൂടാ. ◘

ബെന്യാമിൻ/അനൂപ് ചാലിശ്ശേരി




"എന്നോടൊപ്പം ഉറങ്ങുകയും ഉണരുകയും ചെയ്തവരാണ് എന്റെ എല്ലാ കഥാപാത്രങ്ങളും. പക്ഷേ, രചന പൂർത്തിയായാൽ പിന്നെ അവരെ ഞാൻ സ്വതന്ത്രമായി വിടുകയാണ് പതിവ്. അവരൊന്നും പിന്നീട് ഇതുവരെ എന്റെ അടുക്കലേക്കു തിരിച്ചുവന്നിട്ടില്ല. സ്വതന്ത്രമായി പോകുന്ന എന്റെ കഥാപാത്രങ്ങൾക്കാണ് ആരാധകർ ഉണ്ടാവേണ്ടത്. എഴുത്തുകാരൻ എന്ന നിലയിൽ എന്റെ ഡ്യൂട്ടി അവിടെ അവസാനിക്കുന്നു എന്ന് ഞാൻ കരുതുന്നു."

**കഥയിൽ നോവലിൽ മുല്ലപ്പൂനിറമുള്ള അക്ഷരങ്ങൾക്കായി മലയാളിയും ലോകത്തെങ്ങുമുള്ള സാഹിത്യ പ്രേമികളും കാത്തിരിക്കുന്നു. കാരണം, മഞ്ഞവെയിൽ മരണങ്ങളിൽ... അക്കപ്പോരിൽ... അൽ – അറേബ്യൻ നോവൽ ഫാക്ടറിയിൽ, യുത്തനേസിയയിൽ നമ്മൾ കണ്ട അക്ഷരനക്ഷത്രത്തിന്റെ പേര് ബെന്യാമിൻ എന്നാണല്ലോ.**

## ഈ കാലം എന്നെ കൃഷിക്കാരനുമാക്കി

ആകെയുള്ള നാൽപ്പതു സെന്റ് സ്ഥലത്ത് കുറച്ച് ചേന, ചേമ്പ്, പയർ, മത്തൻ ഒക്കെ നട്ട് നനച്ചു. ഇപ്പോ വിളവെടുത്തു തുടങ്ങി. ആദ്യം ഭൂമി ഒന്ന് വെട്ടിത്തെളിക്കാൻ വേണ്ടി മാത്രം ഒന്നുരണ്ടു പണിക്കാരെ കൂട്ടി. പിന്നീട് ഉള്ള കസർത്തുകൾ ഒക്കെ ഞാനും വീട്ടുകാരും ചേർന്നായിരുന്നു. എന്റെ കൃഷി നമ്മുടെ അടുക്കളയിലേക്കുള്ളത് നമ്മൾ ഉൽപ്പാദിപ്പിക്കുക എന്ന ലക്ഷ്യത്തോടെ. അങ്ങനെ നോക്കുമ്പോൾ ഞാനൊരു മുഴുവൻ സമയ കർഷകനായി എന്നു പറയാം. ഇത്തവണ ഓണസദ്യ ഞാൻ നട്ടുനനച്ചുണ്ടാക്കിയ പച്ചക്കറികൾ കൊണ്ടുമാത്രം.

ആദ്യകാലത്ത് പൊതുവെ ചീത്തവിളിയാണ് എഴുത്ത് രംഗത്ത് എനിക്ക് കിട്ടിയിട്ടുള്ളത്. അപൂർവം അവസരങ്ങളിലേ നല്ല വാക്കുകൾ കേട്ടിട്ടുള്ളൂ. എന്റെ കഥകൾ കമ്പോടുകമ്പ് വായിച്ചിട്ടുള്ളവരല്ല. ഗൗരവതരമായി അതേക്കുറിച്ച് പഠനം നടത്തിയിട്ടുള്ളതായും എനിക്കറിയില്ല. ഇപ്പോൾ ആരാധകരുടെ കത്തുകൾ ദിവസവും വീട്ടിൽ വരുന്നുണ്ട്. എല്ലാത്തിനും മറുപടി അയയ്ക്കാൻ സാധിക്കാറില്ല. സാമൂഹിക മാധ്യമങ്ങളിൽ എന്നോട് സംവദിക്കുന്നവരോട് ഞാ





# നിശബ്ദ സഞ്ചാരങ്ങളുടെ കൊറോണക്കാലം

ബെന്യാമിൻ

നും സംസാരിക്കാറുണ്ട്. എഴുത്തിനിടയിൽ എല്ലാം എപ്പോഴും നടക്കില്ല. കത്തെഴുതുന്നവർ തീർച്ചയായും മറുപടി അർഹിക്കുന്നു എന്നബോധം എനിക്കുണ്ട്. പലപ്പോഴും അത് നടക്കാറില്ലെങ്കിലും.

## കുഞ്ഞു ബെന്യാമിൻ

സാഹിത്യപരമായി യാതൊരു ഇഷ്ടവും ജീവിതത്തിന്റെ പ്രാരംഭദശകളിൽ എന്നിൽ ഉണ്ടായിരുന്നില്ല. വളരെ സജീവമായി പ്രവർത്തിച്ചിരുന്ന മൂന്ന് ലൈബ്രറികൾ അന്ന് എന്റെ വീടിനടുത്ത് ഉണ്ടായിരുന്നു. പക്ഷേ, മഴക്കാലത്ത് മഴ നനയാതിരിക്കാനായിപോലും അവയിലൊന്നിലും ഒരിക്കൽപ്പോലും ഞാൻ കയറുകയുണ്ടായിട്ടില്ല. ക്രിക്കറ്റ് കളിയിലായിരുന്നു അന്നൊക്കെ ഞാൻ കൂടുതൽ തൽപ്പരനായിരുന്നത്. എട്ടാംക്ലാസിൽ പഠിക്കുമ്പോൾ ഭാവിയിൽ ഞാൻ നല്ലൊരു ക്രിക്കറ്റ് കളിക്കാരനാകണമെന്ന് ആഗ്രഹിച്ചിരുന്നു.

നിരന്തരം രോഗിയായിരുന്നു അന്നൊക്കെ ഞാൻ. വലിവിന്റെ അസുഖമായിരുന്നു. തുടർച്ചയായി ആശുപത്രികളിൽ കയറിയിറങ്ങിയിരുന്ന കാലം. പക്ഷേ, ക്രിക്കറ്റ് കളിയിൽ ഏർപ്പെട്ടതോടെ അസുഖങ്ങളൊക്കെ മാറി.

പത്തനംതിട്ട കാതോലിക്കേറ്റ് കോളജിലാണ് ഞാൻ പ്രീഡിഗ്രിക്ക് പഠിച്ചത്. അന്നത്തെ ആ പഠനം വളരെ ബോറടിപ്പിച്ചിരുന്നു. ബോറടിയിൽനിന്ന് രക്ഷപ്പെട്ട് സുരക്ഷിതമായി ചെന്നിരിക്കാൻ കണ്ടെത്തിയിരുന്നത് കോളജിലെ ലൈബ്രറിയാണ്. അങ്ങനെ ചെന്നിരിക്കുമ്പോൾ അവിടെ കിടക്കുന്ന സ്പോർട്സ് മാഗസിനുകൾ മറിച്ചുനോക്കും.

യാദൃച്ഛികമായി സാഹിത്യമാസികകളും അക്കൂട്ടത്തിൽ കണ്ടു. ചിലപ്പോഴെങ്കിലും അറിയാതെ അവയും ഒന്ന് മറിച്ചുനോക്കി. ഒന്നു വായിച്ചുനോക്കി. ക്രമേണ ആ വായന പുസ്തകങ്ങളുടെ ലോകത്തേക്കും നീങ്ങി. വായനയ്ക്ക് കൂടുതൽ പ്രേരണയായി.

> ആത്യന്തികമായി ഞാൻ എന്നെ തൃപ്തിപ്പെടുത്തുന്നതിനാണ് എഴുതുന്നത്. അവയ്ക്ക് അവാർഡ് കിട്ടുന്നുണ്ടോ, വായനക്കാർ അത് വായിക്കുന്നുണ്ടോ എന്നതൊന്നും എന്നെ ബാധിക്കുന്ന വിഷയങ്ങളല്ല. അവയെല്ലാം എഴുത്തിന്റെ ബൈ പ്രോഡക്ടുകളാണ്.

പക്ഷേ, പ്രീഡിഗ്രി പഠനത്തിനു ശേഷം കോയമ്പത്തൂരിൽ തിരുപ്പൂരിൽ ഐ.ടി.ഐ പഠനത്തിനു ചേർന്നതോടെ വായനയോടുള്ള അന്നത്തെ ആ പ്രിയം തീർത്തും ഇല്ലാതായി.

കവി ബാലചന്ദ്രൻ ചുള്ളിക്കാടൊക്കെ കവിതകൾ ചൊല്ലിക്കൊണ്ടു നടന്നിരുന്ന കാലമായിരുന്നു എന്റെ സ്കൂൾ, പ്രീഡിഗ്രി പഠനകാലം. ഇങ്ങനെ കവിതകൾ ചൊല്ലിക്കൊണ്ടു നടക്കുന്നവർക്കൊക്കെ വട്ടാണോ എന്നുപോലും അന്ന് ചിന്തിച്ചുപോയിട്ടുണ്ട്.

ആത്യന്തികമായി ഞാൻ എന്നെ തൃപ്തിപ്പെടുത്തുന്നതിനാണ് എഴുതുന്നത്. അവയ്ക്ക് അവാർഡ് കിട്ടുന്നുണ്ടോ, വായനക്കാർ അത് വായിക്കുന്നുണ്ടോ എന്നതൊന്നും എന്നെ ബാധിക്കുന്ന വിഷയങ്ങളല്ല. അവയെല്ലാം എഴുത്തിന്റെ ബൈ പ്രോഡക്ടുകളാണ്. എന്നെ സംബന്ധിച്ച് എഴുത്തുമേശയിൽ ഞാൻ ആഹ്ലാദം അനുഭവിക്കുന്നുണ്ടോ എന്നുമാത്രമാണ് നോക്കുന്നത്. അതുകൊണ്ട് ഓരോ കൃതിയിലും പുതിയ മോൾഡുണ്ടാക്കി, അതിനനുസരിച്ച് കഥാപാത്രങ്ങളെ രൂപപ്പെടുത്തി ഞാൻ എഴുതുന്നു.

അങ്ങനെ എഴുതുമ്പോൾ സ്വാഭാവികമായും ഞാൻ സമൂഹത്തിലേക്കും നോക്കും. അവിടെനിന്ന് ചിലത് കണ്ടെത്തും. ബൈബിളിൽ ഉൽപ്പത്തി പുസ്തകത്തിൽ ദൈവം കായേനോട് ചോദിച്ചു, നിന്റെ സഹോദരൻ എവിടെ എന്ന്. ദൈവത്തിന്റെ ആ ചോദ്യത്തിന് ഉത്തരം കണ്ടെത്താനുള്ള, സഹോദരൻ എവിടെയെന്ന് കണ്ടെത്താനുള്ള ശ്രമം എന്റെ എഴുത്തുകളിലുണ്ട്. ഇത് എന്നെ ആഹ്ലാദിപ്പിക്കുന്നു. അതുകൊണ്ടാണ് ഞാൻ വീണ്ടും വീണ്ടും എഴുതുന്നത്. ആടുജീവിതം എഴുതിയത് കുറേക്കൂടി ശ്രദ്ധിക്കപ്പെടുന്ന എഴുത്തുകാരനാവണമെന്ന് കരുതിയതുകൊണ്ടാണ്.

## ലോക്ക്ഡൗൺ കാലം

ലോകം മുഴുവൻ ആശങ്കകൾ പങ്കുവയ്ക്കുന്ന ഈ കാലം ഞാൻ പൂർണമായും കുടുംബത്തിനൊപ്പം ആയിരുന്നു. ഒരുപാട് കാലം പ്രവാസി ആയിരുന്നു. അതോടൊപ്പം യാത്രകൾ ഉണ്ടായിരുന്നു. കൂടെ എഴുത്ത്, വായന. ഇതിനിടയിൽ കുടുംബത്തിനൊപ്പം ഉള്ള സമയങ്ങൾ കുറഞ്ഞുപോയിരുന്നു. പലപ്പോഴും മക്കൾ ഹോസ്റ്റലിൽ, ഭാര്യയും പ്രവാസിയാണ്.



ഈ കാലത്തു ഞങ്ങൾ ഒരുമിച്ചുണ്ടായി എന്നതും ഒരു സന്തോഷമാണ്.

## പ്രവാസ ജീവിതം

21-ാം വയസ്സിൽ ഞാൻ ഗൾഫിലേക്കുപോയി. അവിടെ എത്തിയശേഷമാണ് ഞാൻ മറ്റൊരാളാകുന്നത്; മറ്റൊന്നാകുന്നത്. മറ്റൊരു ദേശത്തേക്ക് പെട്ടെന്ന് നമ്മൾ പറിച്ചുനടപ്പെട്ട സ്ഥിതി. നമ്മൾ ആരാണ് എന്ന് ചിന്തിച്ചു തുടങ്ങിയത് അപ്പോഴാണ്. ഞാൻ എവിടെയാണ് എന്നെ പ്ലേസ് ചെയ്യേണ്ടതെന്ന് എന്നോട് ചോദിച്ചുതുടങ്ങി.

ക്രിക്കറ്റ് കളി പിന്നെയും കണ്ടെങ്കിലും അതൊന്നും എന്റെ മനസ്സിനെ എവിടെയും എത്തിച്ചില്ല. ധാരാളം സിനിമകൾ കണ്ടുനോക്കി. അതും എന്നെ തൃപ്തിപ്പെടുത്തിയില്ല. തുടർന്ന് ഞാൻ എന്റെ പ്രീഡിഗ്രിക്കാലത്തെ വായനയിലേക്ക് തിരിച്ചുപോയി. അതിൽ ഞാൻ തൃപ്തി അനുഭവിച്ചുതുടങ്ങി.

ആടുജീവിതമൊന്നുമായിരുന്നില്ല ഗൾഫിൽ എന്റേത്. ഒരു ഇന്റർനാഷണൽ കമ്പനിയിൽ ദിവസവും എട്ടുമണിക്കൂർ സുഖമുള്ള ജോലി. വായിക്കാൻ ധാരാളം സമയം. ഒരു വർഷം 160 പുസ്തകങ്ങളൊക്കെ അക്കാലത്ത് ഞാൻ വായിച്ചു. വായിക്കുക മാത്രമല്ല, അതിനിടയിൽ അവയിൽ നിന്നെല്ലാം നോട്ടുകളെടുത്ത് കുറിച്ചുവയ്ക്കുകയും ചെയ്തു. ഓരോ പുസ്തകത്തിലെയും കഥാപാത്രങ്ങളുടെ പേരുകൾവരെ കുറിച്ചുവച്ചു. ബൈബിളുമായി ബന്ധപ്പെട്ട ഒരുപാട് പുസ്തകങ്ങൾ ഭ്രാന്തമായിത്തന്നെ ഞാൻ വായിച്ചിട്ടുണ്ട്. അങ്ങനെയാണ് ഞാൻ പിന്നീട് പ്രവാചകന്മാരുടെ രണ്ടാം പുസ്തകം എഴുതിയത്.



മുന്നേ ആലോചിച്ചു വെച്ച ഒന്നായിരുന്നു പുതിയ നോവൽ എഴുതുക എന്നത്. അതിനുവേണ്ടി കുറെ വായിച്ചു. ഒരുപാട് റഫറൻസുകൾ നടത്തി. ചെറിയ കുറിപ്പുകൾ എഴുതി. ഇതെല്ലം സമാഹരിച്ച് ഒരു നോവൽ ആക്കിയത് ഈ കൊറോണക്കാലത്താണ്.

## നിശബ്ദ സഞ്ചാരങ്ങൾ

ദൈവത്തിന്റെ മാലാഖമാരുടെ കഥപറയുന്ന നിശബ്ദ സഞ്ചാരങ്ങൾ, അതാണ് എന്റെ പുതിയ നോവൽ. ലോക്ക്ഡൗണിൽ എഴുതി പൂർത്തിയാക്കിയ നോവൽ പറയുന്നത് കുടിയേറ്റ ജീവിതങ്ങൾ നയിച്ച മലയാളി നഴ്സ്മാരെക്കുറിച്ചാണ്. ശരിക്കും പറഞ്ഞാൽ മലയാളി ഗൾഫ് ജീവിതം ആരംഭിക്കുന്നതിനു മുന്നേ നഴ്സുമാർ അയർലണ്ടിലേക്കും കാനഡയിലേക്കും ഒക്കെ കുടിയേറ്റ ജീവിതങ്ങൾ ആരംഭിച്ചിരുന്നു.

മലയാളി പുരുഷന്മാർ പ്രവാസ ജീവിതത്തിന്റെ നെടുംതൂൺ ആവുന്നത് ഗൾഫ് ജീവിതം മുതലാണ്. രണ്ടാം ലോകമഹായുദ്ധകാലം മുതലേ ഇത്തരത്തിലുള്ള കുടിയേറ്റ ജീവിതങ്ങൾ ലോകത്തിന്റെ പലഭാഗത്തും ഉണ്ടായിരുന്നു. ദൈവത്തിന്റെ മാലാഖാമാർക്കു സമർപ്പിക്കുന്ന ഈ നോവൽ ലോകമെമ്പാടുമുള്ള നഴ്സ് ജീവിതങ്ങളെയാണ് അടയാളപ്പെടുത്തുന്നത്. ഓണത്തിന് ഡിസി ബുക്സ് ആണ് പുസ്തകം വായനക്കാർക്ക് ഓണസമ്മാനമായി നൽകുന്നത്.

അഭിമാനത്തോടെ തന്നെ പറയട്ടെ എന്റെ ഭാര്യയും നഴ്സ് ആണ്. ശാരീരികമായ ചില പ്രശ്നങ്ങളും ഓപ്പറേഷനുമായി ബന്ധപ്പെട്ട് അവർ എന്നോടൊപ്പം ഈ കൊറോണ സമയത്തുണ്ടായിരുന്നു. ആരോഗ്യം തിരിച്ചു കിട്ടിയ ഉടൻ ആശ ചെയ്തത് ജോലിക്കുപോകാനുള്ള ശ്രമങ്ങളാണ്. ആരോഗ്യപ്രവർത്തക എന്ന നിലയിൽ ഈ മഹാമാരിയുടെ കാലം വീടിനുള്ളിൽ സ്വന്തം ആരോഗ്യം നോക്കിയിരിക്കാൻ അവർക്കു സാധ്യമല്ല എന്ന തിരിച്ചറിവ് എനിക്കും ഉണ്ട്. സന്തോഷത്തോടെയാണ് ഞാനും മക്കളും ആശയെ വീണ്ടും ജോലിക്കായി വിമാനം കയറ്റി വിട്ടത്.

നേരത്തെ പറഞ്ഞതുപോലെ എന്റെ ജീവിതവുമായി ഏറ്റവും അടുത്തു നിൽക്കുന്നവയാണ് എന്റെ ഓരോ കൃതികളും. അക്കപ്പോരിന്റെ ഇരുപത് നസ്രാണി വർഷങ്ങൾ എന്നതിലെ അക്കപ്പോര് എന്റെ ജീവിതത്തിൽ ഞാൻ കണ്ടിട്ടുള്ള അനുഭവമാണ്. എന്റെ കുടുംബത്തിലൊക്കെ അത്തരത്തിലുള്ള വലിയ പോരായിരുന്നു.

## എഴുത്തുകാലം

എന്റെ വീട്ടിൽ ഇരുന്നു മാത്രമെ എനിക്ക് എഴുതാൻ കഴിയാറുള്ളു. വീട്ടിൽ ഭക്ഷണം ഉണ്ടാക്കുന്നതുപോലും ഞാനാണ്. രാവിലെ എഴുന്നേൽക്കും, ചായ ഉണ്ടാക്കും, ഭക്ഷണം ഉണ്ടാക്കുന്നതിനിടയിൽ ചില എഴുത്ത് തോന്നൽ വന്നാൽ സ്റ്റൗവിന്റെ ഫ്ളെയിം ഒന്ന് സിം ആക്കിയിട്ടു പോയി അപ്പോൾ തന്നെ അത് കുറിച്ചി

ടും. ഞാൻ എന്റെ വീട്ടിലെ എല്ലാ കാര്യവും നോക്കുന്നു. അതിനിടയിൽ സർഗാത്മകമായി എഴുതാനും നോക്കുന്നു.

## ഏതെങ്കിലും കഥാപാത്രങ്ങൾ പിന്നെയും എഴുത്തിൽ കടന്നുവരാറുണ്ടോ?


എന്നോടൊപ്പം ഉറങ്ങുകയും ഉണരുകയും ചെയ്തവരാണ് എന്റെ എല്ലാ കഥാപാത്രങ്ങളും. പക്ഷേ, രചന പൂർത്തിയായാൽ പിന്നെ അവരെ ഞാൻ സ്വതന്ത്രമായി വിടുകയാണ് പതിവ്. അവരൊന്നും പിന്നീട് ഇതുവരെ എന്റെ അടുക്കലേക്കു തിരിച്ചുവന്നിട്ടില്ല. സ്വതന്ത്രമായി പോകുന്ന എന്റെ കഥാപാത്രങ്ങൾക്കാണ് ആരാധകർ ഉണ്ടാവേണ്ടത്. എഴുത്തുകാരൻ എന്ന നിലയിൽ എന്റെ ഡ്യൂട്ടി അവിടെ അവസാനിക്കുന്നു എന്ന് ഞാൻ കരുതുന്നു.

എന്റെ നോവലുകൾക്കൊന്നിനും ഇതുവരെയും രണ്ടാം ഭാഗം പുറത്തുവരും എന്നും ഞാൻ കരുതുന്നില്ല.

## ആടുജീവിതം സിനിമയാകുമ്പോൾ

അവസാന ഷെഡ്യൂൾ ഒഴികെയുള്ള ഷൂട്ടിങ്ങുകൾക്ക് ഞാനുമുണ്ടായിരുന്നു. ജോർദാനിലും എത്താമെന്ന് പറഞ്ഞിരുന്നു. അതിനിടയ്ക്കാണ് ലോക്ക്ഡൗണ് ഉണ്ടായത്.

ഷൂട്ട് ചെയ്ത കുറേ ഭാഗങ്ങൾ കണ്ടു.




ഞാൻ പൂർണമായും സന്തോഷവാനാണ്. പിന്നെ ഒരു സാഹിത്യകൃതി സിനിമ ആകുമ്പോൾ ചില മാറ്റങ്ങൾ ഉണ്ടാകുമല്ലോ. ഏതൊരു മലയാളിക്കും ഈ സിനിമയും ആസ്വദിക്കാൻ പറ്റും. സിനിമയുടെ ഷൂട്ടിംഗ് ഇനിയും ബാക്കിയുണ്ട്. നിങ്ങളെപ്പോലെ ഞാനും കാത്തിരിക്കുന്നു എന്റെ നജീബിനെ വെള്ളിവെളിച്ചത്തിൽ കാണാൻ.

വലിയ വെല്ലുവിളികളെ നേരിടുകയും അതിനെ മനോഹരമായി മറികടക്കുകയും ചെയ്യുമ്പോഴാണ് എഴുത്തുകാരൻ സന്തോഷിക്കുന്നത്.



## ഹൃദയത്തോട് ചേർന്നുനിൽക്കുന്നത് ഏതു രചനയാണ്

മഞ്ഞവെയിൽ മരണങ്ങൾ ആണ് എനിക്ക് ഏറ്റവും പ്രിയം. അതിലെ കഥാപാത്രങ്ങൾ, അവർ സഞ്ചരിക്കുന്ന വഴികൾ ഒക്കെ എഴുത്തുകാരൻ എന്ന നിലയിൽ ത്രില്ലിംഗ് ആയിരുന്നു. അതുപോലെ മാന്തളിരിലെ ഇരുപത് കമ്മ്യൂണിസ്റ്റ് വർഷങ്ങൾ സറ്റയർ നന്നായി ഉപയോഗിച്ച നോവൽ ആയിരുന്നു.

ആദ്യം എഴുത്തിനു പറ്റിയ സബ്ജക്ട് കണ്ടെത്തുകയാണ് ഞാൻ ചെയ്യാറ്. ഒരു തീം ആലോചിക്കുമ്പോൾ കുറേ ചിന്തകൾ വന്നുപോകാറുണ്ട്. അതിനിടയിൽ കിട്ടുന്ന ചില സ്പാർക്കുകൾ ആണ് ഇതാണ് എന്റെ കഥ എന്ന തോന്നൽ ഉണ്ടാക്കുന്നത്. പിന്നീട് ആ ചിന്തയെ ഞാൻ വികസിപ്പിച്ച് എടുക്കുകയാണ് ചെയ്യുന്നത്. കഥയും കഥാപാത്രവും സിങ്ക് ആയാൽപ്പിന്നെ അതിനോട് ചേർന്നുള്ള കഥാസന്ദർഭങ്ങളും കഥക്കൂട്ടുകളും ഡെവലപ്പ് ആയിക്കൊള്ളും. എഴുത്തിൽ ഞാൻ എപ്പോഴും നേരിടുന്ന ഒരേ ഒരു കൺഫ്യൂഷൻ ടൈറ്റിൽ ആണ്. ഒരുപാട് തലക്കെട്ടുകൾക്കിടയിൽ പലപ്പോഴും ഞാൻ കുരുങ്ങിപ്പോകാറുണ്ട്. അടുത്ത ചില സുഹൃത്തുക്കളുമായും തലക്കെട്ടുകൾ ചർച്ച ചെയ്യാറുണ്ട്.

അതാവാം ബെന്യാമിൻ കഥകളിൽ തലക്കെട്ടുകളിൽ കാൽപ്പനികതയും കഥയും കവിത പോലെ തെളിഞ്ഞു നിൽക്കുന്നത്. മഞ്ഞവെയിൽ മരണങ്ങളും അക്കപ്പോരിന്റെ നസ്രാണി വർഷങ്ങളും ആടുജീവിതവും നമ്മളെ ഇപ്പോഴും കൊളുത്തി വലിക്കുന്നത്. ◘

കവിത

സന്ധ്യ ഇ



# സെൽഫി

ഉന്തിയ പല്ല്, ഉമിനീർ ഒഴുകുന്ന വായ്
വലിയ മൂക്ക്
പരന്ന വയറ്
ശോഷിച്ച കാലുകൾ...
പൊട്ടന്റെ ഫോട്ടോ ആരുമെടുത്തില്ല.

ഫോട്ടോ എടുത്തുകാണാൻ
പൊട്ടനും  വലിയ മോഹമായിരുന്നു.
എന്റെ പോട്ടം എന്റെ പോട്ടം
എന്നു പിന്നാലെ നടന്നിട്ടും
ആരും ഗൗനിച്ചില്ല.
ചിലരുടേത് പതിയില്ലെന്നു പറഞ്ഞത്
അവൻ വിശ്വസിച്ചു
സങ്കടം വരുമ്പോഴും സന്തോഷം വരുമ്പോഴും
അവനമ്മയോട് പറഞ്ഞു
നമ്മക്ക് പോട്ടെടക്കാ..
അജ്ഞാതനായ ഒരു പകർത്തുകാരൻ
എടുക്കുന്ന പടങ്ങൾക്കുവേണ്ടി
അമ്മയ്ക്കൊപ്പം പൊട്ടൻ പോസ് ചെയ്തു
ഇന്ന് പോട്ടമെടുത്തില്ലമ്മാ എന്ന് നിർബന്ധിച്ചു
പല സമയങ്ങളിൽ
പല കോണുകളിൽ
പലയിടത്തു നിന്നെടുത്ത സെൽഫികൾ
അവൻ കാണാത്ത ചുവരുകളിൽ പതിച്ചു.
ഓർമവച്ച്  അതെടുത്തു നോക്കി ചിരിച്ചു,
കരഞ്ഞു.

ഒരുറക്കത്തിലാണ് പൊട്ടൻ മരിച്ചുപോയത്.
അന്നേരം തിരക്കിൽ പത്രത്തിൽ
കൊടുക്കാനായിട്ടെടുത്ത ഫോട്ടോ
ആരോ ഫോട്ടോഷോപ്പിൽ ഇട്ട് കണ്ണു തുറപ്പിച്ചു
വച്ചു
പിറ്റേന്നു വന്ന ചരമക്കുറിപ്പിൽ കണ്ടവരൊക്കെ
പറഞ്ഞു
'പൊട്ടനാണെന്ന് തോന്നുന്നില്ല'.

അന്നേരം അമ്മയ്ക്കു മാത്രം
അവൻ എടുത്ത പോട്ടങ്ങൾ ചുവരിൽ തെളിഞ്ഞു
അതോരോന്നായെടുത്ത് പൊടിതുടച്ച്
വെയ്ക്കുമ്പോൾ
അമ്മയാദ്യമായവനോട് പറഞ്ഞു
'നമ്മക്കൊരു പോട്ടെടുക്കായിരുന്നു.'





സംഭാഷണം

സാവിത്രി ശ്രീധരൻ/ഭാനുപ്രകാശ്



# അരങ്ങു നൽകിയ അനുഭവ തീക്ഷ്ണത

കാണികളെ വികാരവിചാരങ്ങളുടെ ആഴക്കടലിലേക്ക് കൂട്ടിക്കൊണ്ടുപോകുന്ന അഭിനേത്രികൾ നാടകവേദിക്കു പുറത്ത് എന്തെല്ലാം ജീവിതയാഥാർഥ്യങ്ങളിലൂടെയാണ് കടന്നുപോകുന്നതെന്ന് മിക്കപ്പോഴും നാടകാസ്വാദകർ അറിയാറില്ല. ആടയാഭരണങ്ങൾ ഗ്രീൻറൂമിൽ ഊരിവെച്ച് അവർ ഇറങ്ങിനടക്കുന്ന കല്ലും മുള്ളും നിറഞ്ഞ കഠിനപാതകൾ കാണികൾക്ക് ചിലപ്പോൾ പരിചിതവുമായിരിക്കില്ല. കർട്ടൻ വീഴുന്നതിനൊപ്പം ആർത്തിരമ്പാറുള്ള കരഘോഷത്തെ ആവേശത്തോടെ ഉള്ളിൽ ആവാഹിച്ച് അവർ മറ്റൊരു കൂട്ടം കാണികളിലേക്ക് ഒഴുകിപ്പോകുന്നു. ആ യാത്രക്കിടയിൽ വീണുകിട്ടാറുള്ള മേയ്ക്കപ്പില്ലാത്ത ചെറിയ ഇടവേളകളിൽ മാത്രം അവർ അവരായി തീരുന്നു. അപ്പോൾ അവർക്കു മുന്നിൽ തുറക്കപ്പെടുന്നത് തിരനാടകങ്ങളേക്കാൾ തീവ്രമായ ജീവിതാനുഭവങ്ങളുടെ രംഗപടമാണ്. അതിലവർ ആടിത്തീർക്കുന്ന കയ്പു കലർന്ന ജീവിതകഥകൾ നമ്മളറിയാതെ പോകുന്നു.

യാത്രക്കിടയിൽ വീണുകിട്ടാറുള്ള മേയ്ക്കപ്പില്ലാത്ത ചെറിയ ഇടവേളകളിൽ മാത്രം അവർ അവരായി തീരുന്നു. അപ്പോൾ അവർക്കു മുന്നിൽ തുറക്കപ്പെടുന്നത് തിരനാടകങ്ങളേക്കാൾ തീവ്രമായ ജീവിതാനുഭവങ്ങളുടെ രംഗപടമാണ്. അതിലവർ ആടിത്തീർക്കുന്ന കയ്പു കലർന്ന ജീവിതകഥകൾ നമ്മളറിയാതെ പോകുന്നു.

## രംഗം ഒന്ന്

കോഴിക്കോട് തിരുവണ്ണൂരിലെ കോട്ടൺമിൽ തൊഴിലാളിയായിരുന്ന വേലിക്കൽ അപ്പുട്ടിയുടെയും പെണ്ണൂട്ടിയുടെയും മകൾ സാവിത്രി ശ്രീധരൻ അഞ്ചു പതിറ്റാണ്ടുകൾ പിന്നിട്ട തന്റെ നാടകജീവിതത്തെക്കുറിച്ച് പറയുമ്പോൾ ഓർമകളുടെ അരങ്ങിലേക്ക് ആദ്യമെത്തുന്നത് സഖാവ് എ കെ ജിയാണ്. കേരളത്തിൽ കമ്യൂണിസ്റ്റുവേട്ട വ്യാപകമായിരുന്ന നാൽപ്പതുക



സിനിമയിൽ പുതിയ അവസരങ്ങൾ വന്നുകൊണ്ടിരിക്കുമ്പോഴും സാവിത്രിയുടെ മനസ്സിൽ ഇപ്പോഴും ആർത്തിരമ്പുന്നത് അരങ്ങാണ്. എല്ലാ വിഷമങ്ങളെയും മാറ്റിനിർത്തി അരങ്ങിലേക്ക് ഓടിയെത്തിയ ആ നാളുകളാണ് ഇന്നും സാവിത്രിക്ക് കരുത്തേകുന്നത്.

ളിൽ എ കെ ജിയുടെയും എ വി കുഞ്ഞമ്പുവിന്റെയും ഒളിവുജീവിതം കുറച്ചുനാളുകൾ പാർട്ടി പ്രവർത്തകൻ കൂടിയായിരുന്ന അപ്പുട്ടിയുടെ വീട്ടിലായിരുന്നു. അന്ന് സാവിത്രിക്ക് രണ്ടര വയസ്സാണ് പ്രായം. "അമ്മ അനിയത്തിയെ പ്രസവിച്ചു കിടക്കുന്ന കാലത്താണ് എ കെ ജിയും എ വി കുഞ്ഞമ്പുവും ഞങ്ങളുടെ വീട്ടിൽ ഒളിവിൽ താമസിക്കാനെത്തുന്നത്. അനിയത്തിക്ക് സോയ എന്ന പേരിട്ടത് കുഞ്ഞമ്പു സഖാവാണ്. ആ ദിവസങ്ങളിൽ എകെജി എനിക്ക് ഒരുപാട് കഥകൾ പറഞ്ഞുതരുമായിരുന്നു. മുടി ചീകി മെടഞ്ഞുതന്നിരുന്നത് എ വി കുഞ്ഞമ്പുവും. അങ്ങനെ കുറേ ദിവസങ്ങൾ അവർ വീട്ടിലുണ്ടായിരുന്നു. ഒരു ദിവസം ഞാൻ ഉറക്കമുണർന്ന് വരുമ്പോൾ രണ്ടുപേരേയും കാണാനില്ല. തലേന്നു രാത്രി സഖാക്കൾ വന്നു കൂട്ടിക്കൊണ്ടുപോയി എന്ന് അച്ഛമ്മ പറഞ്ഞപ്പോൾ വല്ലാത്ത വിഷമമുണ്ടായി. പിന്നീടും ഞാൻ എകെജിയെ കണ്ടു, എന്റെ എട്ടാമത്തെ വയസ്സിൽ. തിരുവണ്ണൂർ കോട്ടൺമിൽ യൂണിയൻ വാർഷികത്തിന്റെ ഉദ്ഘാടനം എകെജിയായിരുന്നു. എകെജി പ്രസംഗിച്ച ആ വേദിയിലായിരുന്നു നർത്തകിയായുള്ള എന്റെ അരങ്ങേറ്റം. വീണ്ടും ഒരു തവണകൂടി അദ്ദേഹത്തെ കാണാൻ ഭാഗ്യമുണ്ടായി. തൃക്കരിപ്പൂരിൽ നടന്ന നാടകമത്സരത്തിൽ വച്ച് കൊയിലാണ്ടിയിലെ ഒരു അമച്വർ നാടകസമിതിയുടെ നാടകത്തിൽ അഭിനയിച്ചതിന് മികച്ച നടിയായി ഞാൻ തെരഞ്ഞെടുക്കപ്പെടുകയുണ്ടായി. ആ പുരസ്കാരം എനിക്കു നൽകിയത് എകെജിയായിരുന്നു. അദ്ദേഹത്തിന്റെ കൈയിൽനിന്നും അതേറ്റുവാങ്ങുമ്പോൾ, എകെജി പറഞ്ഞുതന്ന കഥകൾ കേട്ടുറങ്ങിയ ആ രണ്ടരവയസ്സുകാരിയെ ഞാൻ ഓർത്തു." എഴുപത് വർഷങ്ങൾക്കിപ്പുറവും സാവിത്രിയുടെ ഓർമകൾക്ക് ചുവപ്പിന്റെ തുടിപ്പ്.

“

**പഠനം ഏറേനാൾ നീട്ടിക്കൊണ്ടുപോകാൻ ജീവിത സാഹചര്യങ്ങൾ അനുവദിച്ചില്ല. എട്ടാംക്ലാസ്സോടെ സ്കൂൾ ജീവിതത്തിന് കർട്ടൻ വീണു. കഷ്ടപ്പാടുകളും ദാരിദ്ര്യവും നിറഞ്ഞ ആ കാലത്തും അച്ഛന്റെ സ്വപ്നം എന്നെ കലാകാരിയാക്കുക എന്നതായിരുന്നു.**

”

തികഞ്ഞ കലാകാരൻ കൂടിയായിരുന്നു സഖാവ് വേലിക്കൽ അപ്പുട്ടി. നൃത്തത്തിലും അഭിനയത്തിലും സംവിധാനത്തിലും മെയ്ക്കപ്പിലും വരെ അദ്ദേഹം പ്രാവീണ്യം തെളിയിച്ചിരുന്നു. കോട്ടൺമില്ലിലെ ജോലി കഴിഞ്ഞുള്ള ഒഴിവു സമയങ്ങൾ കലാപ്രവർത്തനങ്ങൾക്കായി ഉഴിഞ്ഞുവച്ച പ്രതിഭാധനൻ. അപ്പുട്ടിയുടെ അഞ്ചു മക്കളിൽ രണ്ടാമത്തെ മകളായിരുന്നു സാവിത്രി. "എന്റെ കുട്ടിക്കാലത്ത് അച്ഛൻ പൊറാട്ടു നാടകങ്ങളിൽ അഭിനയിച്ചിരുന്നു. തിരുവാതിര രാത്രികളിൽ പൊറാട്ടുവേഷം കെട്ടി വീടുകൾതോറും പാട്ടുകൾ പാടി, നാടകങ്ങൾ കളിച്ചു നടക്കുന്ന അച്ഛന്റെ ചിത്രം ഇപ്പോഴും മറക്കാനാവില്ല. പഠനം ഏറെനാൾ നീട്ടിക്കൊണ്ടുപോകാൻ ജീവിതസാഹചര്യങ്ങൾ അനുവദിച്ചില്ല. എട്ടാംക്ലാസ്സോടെ സ്കൂൾ ജീവിതത്തിന് കർട്ടൻ വീണു. കഷ്ടപ്പാടുകളും ദാരിദ്ര്യവും നിറഞ്ഞ ആ കാലത്തും അച്ഛന്റെ സ്വപ്നം എന്നെ കലാകാരിയാക്കുക എന്നതായിരുന്നു."

പത്താം വയസ്സിലാണ് മീഞ്ചന്ത 'കലാസാഗർ മ്യൂസിക് ക്ലബി'ൽ സാവിത്രി നൃത്തപഠനം തുടങ്ങുന്നത്. എരഞ്ഞിപ്പാലം ശ്രീധരൻ മാസ്റ്ററായിരുന്നു ഗുരു. ആറു വർഷത്തെ നൃത്തപഠനത്തിനിടയിൽത്തന്നെ ഒട്ടേറെ വേദികളിൽ നർത്തകിയായി ശോഭിക്കാൻ സാവിത്രിക്ക് അവസരമുണ്ടായി. "അക്കാലത്ത് ഗ്രാമങ്ങൾതോറും കലാ-സാംസ്കാരികസമിതികൾ സജീവമായിരുന്നു. സമിതികളുടെ വാർഷികാഘോഷങ്ങൾ തുടങ്ങുന്നത് നൃത്തത്തോടെയാണ്.  എട്ടാംക്ലാസിൽ പഠിക്കുമ്പോൾ വളരെ യാദൃച്ഛികമായി ഒരു നാടകത്തിൽ അഭിനയിക്കാൻ അവസരമുണ്ടായി. കലാസാഗർ മ്യൂസിക് ക്ലബിന്റെ വാർഷികത്തിന് അവതരിപ്പിച്ച, കെ.പി. രാമൻനായർ സംവിധാനം ചെയ്ത 'ഞങ്ങൾ പുതിയവർ' എന്ന ആ നാടകത്തിൽ വളരെ പ്രാധാന്യമുള്ള വേഷമായിരുന്നു എനിക്കു ലഭിച്ചത്. അധ്യാപകരിൽനിന്നും നാട്ടുകാരിൽനിന്നും ഏറെ പ്രോത്സാഹനം ലഭിച്ചുവെങ്കിലും എന്റെ ശ്രദ്ധ പിന്നീടും നൃത്തപരിപാടികളിൽ ചുറ്റിത്തിരിഞ്ഞു."



## രംഗം രണ്ട്

"നാടകത്തിനു മുൻപ് കലാസാഗർ മ്യൂസിക് ക്ലബിലെ കുട്ടികൾ നൃത്തം അവതരിപ്പിക്കുന്നത് പതിവായിരുന്നു. ഒരിക്കൽ

എന്റെ നൃത്തം കഴിഞ്ഞ് മെയ്ക്കപ്പ് കഴുകികളയാൻ ഗ്രീൻറൂമിലേക്കു വന്നപ്പോൾ അവിടെ വെളുത്തു സുന്ദരിയായ ഒരു അമ്മ തന്റെ കുഞ്ഞിനെ തോളത്തിട്ട് ഉറക്കിക്കൊണ്ടിരിക്കുകയാണ്. ആ കുഞ്ഞിന്റെ മുഖത്തേക്ക് ഞാൻ പലവട്ടം നോക്കി. ഓമനത്തമുള്ള വെളുത്തു തടിച്ച ഒരു മോൻ. അവനെ ഒന്നെടുക്കാൻ എനിക്കു കൊതിയായി. കുറച്ചു കഴിഞ്ഞപ്പോൾ ആ അമ്മ ഗ്രീൻ റൂമിൽ ഒരു തുണിവിരിച്ച് അവനെ കിടത്തി. 'വേഗം... വേഗം...' എന്ന് ആരൊക്കെയോ പറയുന്നുണ്ട്. അവർ പെട്ടെന്ന് സ്റ്റേജിലേക്ക് കയറി. നാടകത്തിന്റെ സെക്കന്റ് ബെല്ലും മുഴങ്ങി. ഞാൻ സൈഡ് കർട്ടനരികിൽ നിന്ന് നാടകം കണ്ടു. ആ അമ്മ തകർത്തഭിനയിക്കുകയാണ്. നേരത്തെ കുഞ്ഞിനെ തോളത്തിട്ടുറക്കിയ അമ്മ മറ്റേതോ ഒരു സ്ത്രീയായി മാറിയിരുന്നു. നാടകം നടന്നുകൊണ്ടിരിക്കെ ഗ്രീൻ റൂമിൽ നിന്നും കുഞ്ഞിന്റെ ഉച്ചത്തിലുള്ള കരച്ചിൽ. ആ കരച്ചിൽ അവരെ ഒരു നിമിഷം പിടിച്ചുലച്ചോ? അവർ പിറകിലേക്ക് നോക്കി വീണ്ടും അഭിനയം തുടർന്നു. അപ്പോഴും ആ കുഞ്ഞ് കരഞ്ഞുകൊണ്ടിരിക്കുകയാണ്. ഞാൻ സ്റ്റേജിൽനിന്നിറങ്ങി കുട്ടിയെ എടുത്തു തോളത്തിട്ടു. പെട്ടന്നവൻ കരച്ചിൽ നിർത്തി. എന്റെ മാറിൽ കിടന്ന് ഉറങ്ങി.



നാടകത്തിലെ രംഗം കഴിഞ്ഞപ്പോൾ ആ അമ്മ ഓടിവന്നു. എന്നോടു ചോദിച്ചു. 'മോളേതാ..?' ഞാൻ പറഞ്ഞു: 'സാവിത്രി. തിരുവണ്ണൂരിലുള്ളതാ. ചേച്ചി അഭിനയിച്ചോളൂ. മോനെ ഞാൻ നോക്കിക്കൊളാം.' അവർക്ക് വലിയ സന്തോഷമായി. നാടകം കഴിയുന്നതുവരെ കരയാതെ അവൻ എന്റെ തോളിൽ കിടന്നുറങ്ങി. കർട്ടൻ വീണ ശേഷം കയ്യടികൾ ഏറെ നേരം തുടർന്നു. ആ കരഘോഷം കേട്ടാവും അവൻ വീണ്ടും ഉണർന്നു. അപ്പോഴേക്കും അമ്മ അവിടേക്കെത്തി. സാരിത്തലപ്പുകൊണ്ട് കണ്ണു തുടച്ച് അവർ മോനെ എന്റെ കൈയിൽനിന്നും വാങ്ങി ഗ്രീൻ റൂമിന്റെ ഒരു ഭാഗത്ത് പോയിരുന്ന് അവന് മുലപ്പാൽ കൊടുത്തു. പോകാനായി അച്ഛൻ വന്നു വിളിച്ചപ്പോൾ ഞാൻ ആ അമ്മയ്ക്കരികിലേക്ക് ചെന്ന് അവരുടെ പേര് ചോദിച്ചു. നിഷ്കളങ്കമായ ചിരിയോടെ അവർ പറഞ്ഞു: 'ശാന്താദേവി.' പിൽക്കാലത്ത് നാടകത്തിലും സിനിമയിലും നിറഞ്ഞുനിന്ന കോഴിക്കോട്ടുകാരുടെ പ്രിയപ്പെട്ട ശാന്തേടത്തിയായിരുന്നു അത്.

അവൻ വളർന്നു വലുതായി. ഗായകനായി, സിനിമാനടനായി. കോഴിക്കോട്ടു വച്ചു കാണുമ്പോഴൊക്കെ 'സാവിത്രിയേടത്തീ' എന്നു വിളിച്ചുകൊണ്ട് എനിക്കരികിലേക്കു വരും. 'എടാ സത്യജിത്തേ... എത്രവട്ടം നീയെന്റെ തോളിൽ കിടന്നുറങ്ങിയിട്ടുണ്ടെന്നറിയ്യോ' എന്ന് ആ കൂടിക്കാഴ്ചയിലെല്ലാം ഞാൻ പറയും. അതുകേട്ട് അവൻ പുഞ്ചിരിക്കും. മനോഹരമായ ആ ചിരി വൈകാതെ മാഞ്ഞുപോയി. അവൻ പോയശേഷം ജീവിത നാടകത്തിന്റെ ദുരന്തങ്ങളിൽപ്പെട്ട് ശാന്തേടത്തിയും യാത്രയായി."

## രംഗം മൂന്ന്

"ഈർച്ചമിൽ തൊഴിലാളിയായിരുന്നു ശ്രീധരേട്ടൻ. പതിനാറാം വയസ്സിൽ എന്നെ പെണ്ണുകാണാൻ വരുമ്പോൾ വീട് പട്ടിണിയിലാണ്. ശ്രീധരേട്ടന്റെ വല്യച്ഛന്മാരാണ് ആദ്യം വന്നത്. അക്കാലത്ത് അച്ഛന് ജോലിയില്ല. സമരത്തെ തുടർന്ന് രണ്ടരവർഷത്തോളമായി കോട്ടൺമിൽ അടഞ്ഞുകിടക്കുകയായിരുന്നു. പോരാത്തതിന് അച്ഛന്റെ കാലിന്റെ അസുഖവും. അച്ഛനും അമ്മയും അച്ഛമ്മയും ഞങ്ങൾ അഞ്ചു മക്കളും അർധപട്ടിണിയിലും മുഴുപട്ടിണിയിലുമായി കഴിഞ്ഞ കാലത്ത് ഒരു കല്യാണമൊക്കെ എങ്ങനെ നടത്താനാണ്. പക്ഷേ, അച്ഛന് ശ്രീധരേട്ടനെ വളരെ ഇഷ്ടപ്പെട്ടു. വാക്കു കൊടുക്കുമ്പോൾ ഒറ്റ കാര്യമേ അച്ഛൻ ശ്രീധരേട്ടന്റെ വീട്ടുകാരോട് പറഞ്ഞുള്ളൂ. 'കല്യാണം കഴിഞ്ഞാലും സാവിത്രിയെ നൃത്തത്തിനയയ്ക്കണം.' ഞാൻ അറിയപ്പെടുന്ന ഒരു കലാകാരിയായി മാറണം എന്നു മാത്രമായിരുന്നു അച്ഛന്റെ ആഗ്രഹം. വീട്ടിൽ പട്ടിണിയായിട്ടുപോലും നൃത്തപഠനം ഉപേക്ഷിക്കാൻ ഞാൻ തയ്യാറാവാതിരുന്നതിന്റെ കാരണം അച്ഛന്റെ ഒറ്റ നിർബന്ധമായിരുന്നു. എന്നെ നൃത്തത്തിനയക്കുന്നതിൽ ശ്രീധരേട്ടന് ഒരെതിർപ്പുമുണ്ടായിരുന്നില്ല. മാനാരിയായിരുന്നു ശ്രീധരേട്ടന്റെ വീട്. അമ്മയും സഹോദരിയും ഒപ്പമുണ്ടായിരുന്നു. കല്യാണത്തിന് സർണ്ണം വളരെ കുറവായിരുന്നു. രണ്ടു മാലയും ഒരു വളയും ജിമിക്കിയും. ഇതേ അച്ഛന് വാങ്ങിത്തരാൻ കഴിഞ്ഞുള്ളൂ. കല്യാണത്തലേന്ന് ആഭരണവുമായി വന്ന അച്ഛൻ പറഞ്ഞു: 'എന്റെ മോൾക്ക് ഇതേ തരാനുള്ളു അച്ഛന്റെ കൈയിൽ.' പിന്നെ ഒരു പൊട്ടിക്കരച്ചിലായിരുന്നു. അച്ഛന്റെ ആ കരച്ചിൽ ഇപ്പോഴും എന്റെ മനസ്സിലുണ്ട്. കല്യാണം കഴിഞ്ഞിട്ടും ഞാൻ ഡാൻസിനു പോയി. പിന്നെ എനിക്കൊപ്പം ശ്രീധരേട്ടനും വരാൻ തുടങ്ങി. അച്ഛനും ശ്രീധരേട്ടനും വരാൻ കഴിഞ്ഞില്ലെങ്കിൽ ശ്രീധരേട്ടന്റെ സഹോദരി എനിക്കൊപ്പം വരും.

നാടകത്തിൽ അഭിനയിക്കണം എന്ന മോഹം സാവിത്രി സ്വകാര്യമായി കൊണ്ടുനടന്നു. വിവാഹം

കഴിയുംവരെ അങ്ങനെയൊരാഗ്രഹം അവർ ആരോടും തുറന്നു പറഞ്ഞില്ല. ഒരിക്കൽ നൃത്തപരിപാടി കഴിഞ്ഞുവരുമ്പോൾ തന്റെ ഉള്ളിലെ മോഹം സാവിത്രി അച്ഛനോടു പറഞ്ഞു: "അച്ഛാ, എനിക്കു നാടകത്തിലഭിനയിക്കണം." ആദ്യം അച്ഛനത് വിശ്വസിക്കാനായില്ല. അച്ഛന്റെ മറുപടി ഇങ്ങനെയായിരുന്നു: "അതു വേണ്ട. ഡാൻസിനു പൊയ്ക്കോളാൻ ശ്രീധരന്റെ വീട്ടുകാർ സമ്മതിച്ചു. ഇനി നാടകത്തിനു കൂടി പോകണമെന്നു പറഞ്ഞാൽ അവർക്കിഷ്ടപ്പെട്ടില്ലെങ്കിലോ. ഇനിയുള്ള കാര്യം ശ്രീധരന്റെ തീരുമാനംപോലെയിരിക്കും. അവനോട് ചോദിച്ചിട്ട് മതി എന്തും."

അന്ന് രാത്രിതന്നെ സാവിത്രി നാടകത്തിലഭിനയിക്കാനുള്ള താൽപര്യം അൽപ്പം ഭയത്തോടെ ശ്രീധരനോട് തുറന്നുപറഞ്ഞു. പക്ഷേ, സാവിത്രിയെപ്പോലും അത്ഭുതപ്പെടുത്തുന്നതായിരുന്നു ശ്രീധരന്റെ മറുപടി. "നിനക്ക് നാടകത്തിൽ അഭിനയിക്കാൻ ഇഷ്ടമാണെങ്കിൽ എനിക്ക് ഒരു ഇഷ്ടക്കുറവുമില്ല." അച്ഛനും ഭർത്താവും നൽകിയ പ്രോത്സാഹനത്തെ തുടർന്നാണ് 1961 ൽ മാങ്കാവ് വളയനാട് കലാസമിതിയിലൂടെ സാവിത്രി അരങ്ങിലെത്തി. വി.കെ. മേനോൻ രചിച്ച് സംവിധാനം ചെയ്ത 'കറുത്ത വെള്ളം' ആയിരുന്നു ആദ്യ നാടകം. ഈ നാടകത്തിലെ സാവിത്രിയുടെ കഥാപാത്രം ശ്രദ്ധേയമായിരുന്നു.



**തുഞ്ചൻപറമ്പിൽ നടന്ന നാടകമത്സരത്തിന്റെ ഫലപ്രഖ്യാപനം വന്നപ്പോൾ ഇരട്ടി സന്തോഷമായിരുന്നു. നല്ലനടിക്കുള്ള പുരസ്കാരം എനിക്ക്. മെയ്ക്കപ്മാനുള്ള പുരസ്കാരം അച്ഛനും. ഒരു വേദിയിൽ അച്ഛനോടൊപ്പം അവാർഡുവാങ്ങാനായത് ജീവിതത്തിലെ അപൂർവ ഭാഗ്യങ്ങളിലൊന്നാണ്.**

## രംഗം നാല്

നാടകം മലബാറിന്റെ ഹൃദയങ്ങളെ അത്രമേൽ ഇളക്കിമറിച്ച കാലമായിരുന്നു അത്. "സി.എൽ. ജോസിന്റെ നാടകങ്ങളിലായിരുന്നു അക്കാലത്ത് ഏറെയും അഭിനയിച്ചത്. മിക്ക കലാസമിതികളും ജോസേട്ടന്റെ നാടകങ്ങളാണ് അവതരിപ്പിച്ചിരുന്നത്. അമേചർ നാടകരംഗത്ത് ഞാൻ ഏറെ ശ്രദ്ധേയയാകുന്നത് കാരാ യുവജന കലാസമിതിക്കുവേണ്ടി കെ.ടി. രവി രചിച്ച 'നോട്ടുകൾ' എന്ന നാടകത്തിലൂടെയാണ്. ഈ നാടകത്തിൽ കാഴ്ചശക്തിയില്ലാത്ത ഒരു കുട്ടിയായയാണ് ഞാൻ അഭിനയിച്ചത്. ആ വർഷം കോഴിക്കോട് കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ ടൗൺഹാളിൽവച്ച് നാടകമത്സരമുണ്ടായിരുന്നു. 'നോട്ടുകളി'ലെ അന്ധബാലികയെ അവതരിപ്പിച്ചതിന് ആ മത്സരത്തിൽ മികച്ച നടിക്കുള്ള പുരസ്കാരം എനിക്കു ലഭിച്ചു."

"ഞാൻ റിഹേഴ്സലിനു പോകുമ്പോഴും അണിയറയിൽ മെയ്ക്കപ്പ് ചെയ്യുമ്പോഴും അച്ഛൻ മിക്കപ്പോഴും ഒപ്പമുണ്ടാകാറുണ്ട്. എനിക്ക് കൂട്ടുവരുന്നത് മാത്രമായിരുന്നില്ല, എല്ലാം സൂക്ഷ്മമായി വീക്ഷിക്കുന്നതും അച്ഛൻ ഇഷ്ടപ്പെട്ടിരുന്നു. അങ്ങനെ നാടക സംവിധാനവും ചമയവും എല്ലാം കണ്ടുപഠിച്ച് അച്ഛൻ സംവിധായകനും മെയ്ക്കപ്പ്മാനുമായി. അച്ഛനെക്കുറിച്ചോർക്കുമ്പോൾ വലിയ സന്തോഷം തോന്നുന്ന ഒരു കാര്യമുണ്ട്. എം.വി. ആനന്ദിന്റെ 'തത്വമ

സി'യിൽ ഞാനഭിനയിച്ചത് 1977 ലാണ്. തുഞ്ചൻ പറമ്പിൽ നടന്ന നാടകമത്സരത്തിന്റെ ഫലപ്രഖ്യാപനം വന്നപ്പോൾ ഇരട്ടി സന്തോഷമായിരുന്നു. നല്ല നടിക്കുള്ള പുരസ്കാരം എനിക്ക്. മെയ്ക്കപ്മാനുള്ള പുരസ്കാരം അച്ഛനും. ഒരു വേദിയിൽ അച്ഛനോടൊപ്പം അവാർഡുവാങ്ങാനായത് അഭിനയജീവിതത്തിലെ പുണ്യം തന്നെയാണ്. തിരുവണ്ണൂർ സംഗീത വിദ്യാലയത്തിലെ നാടകം സംവിധാനം ചെയ്തതും അച്ഛനായിരുന്നു".

1977 ൽ കേരള സംഗീത നാടക അക്കാദമിയുടെ അവാർഡ് സാവിത്രി ശ്രീധരന് ലഭിച്ചു. കോഴിക്കോട് അണിയറയ്ക്കുവേണ്ടി പോൾ കല്ലാനോട് രചിച്ച് കെ.ആർ.മോഹൻദാസ് സംവിധാനം ചെയ്ത 'താഴ്‌വര' എന്ന നാടകത്തിലെ അഭിനയത്തിനായിരുന്നു ആ പുരസ്കാരം. ഇരുപത്തിയഞ്ച് വർഷത്തെ അമേചർ നാടകജീവിതത്തിൽ വ്യത്യസ്തമായ ഒട്ടനവധി കഥാപാത്രങ്ങൾക്ക് ജീവൻ നൽകാൻ സാവിത്രിക്കായി.

''നെല്ലിക്കോട് ഭാസ്കരേട്ടന്റെ കൂടെ പ്രവർത്തിക്കാൻ കഴിഞ്ഞത് വലിയൊരു ഭാഗ്യമാണ്. ശരിക്കും ഭാസ്കരേട്ടന്റെ വീട് ഒരു നാടകശാലയായിരുന്നു. അദ്ദേഹത്തിന്റെ ഭാര്യയും സഹോദരി നെല്ലിക്കോട് കോമളവും നാടകരംഗത്തുണ്ടായിരുന്നു. നാടകത്തിനുവേണ്ടി നിലകൊള്ളുമ്പോഴും സ്വന്തം വീട്ടിലെ സ്ത്രീകളെ നാടകത്തിലഭിനയിപ്പിക്കാൻ വിസമ്മതിക്കുന്നവരാണ് പല നാടകക്കാരും. എന്നാൽ ഭാസ്കരേട്ടൻ അങ്ങനെയായിരുന്നില്ല. സ്വന്തം ഭാര്യയേയും സഹോദരിയേയും നാടകത്തിൽ അഭിനയിപ്പിച്ചുകൊണ്ടുതന്നെയാണ് അദ്ദേഹം നാടകവേദിയോടുള്ള തന്റെ കൂറ് പ്രകടിപ്പിച്ചത്. തിക്കോടിയൻ മാഷിന്റെ 'പരകായപ്രവേശ'വും ജയശങ്കർ പൊതുവത്തിന്റെ 'കുന്തി'യും നെല്ലിക്കോട് രവീന്ദ്രന്റെ 'നരബലി'യുമൊക്കെ ഭാസ്കരേട്ടനൊപ്പം ചെയ്ത നാടകങ്ങളാണ്. തിരുവണ്ണൂർ കലാസമിതിക്കുവേണ്ടി നരബലി സംവിധാനം ചെയ്തത് എന്റെ അച്ഛനായിരുന്നു. എന്റെ മകൾ സബീനയും ഈ നാടകത്തിൽ അഭിനയിച്ചിരുന്നു. സഹദേവൻ മലാപറമ്പ് എഴുതിയ 'തെണ്ടികൾ' എന്ന നാടകത്തിൽ കുതിരവട്ടം പപ്പുവേട്ടനൊപ്പമാണ് അഭിനയിച്ചത്. ഒരു തെരുവ് നർത്തകിയുടെ വേഷമായിരുന്നു എനിക്ക്."

സാവിത്രിയുടെ ഏറ്റവും നല്ല വിമർശകൻ ശ്രീധരൻ തന്നെയായിരുന്നു. അഭിനയത്തിലെ പോരായ്മകൾ ചൂണ്ടിക്കാണിക്കാനും, മികവിനെ ഹൃദയം തുറന്ന് അഭിനന്ദിക്കാനും ഭാര്യയാണ് എന്നത് അദ്ദേഹത്തിന് ഒരു തടസ്സ മായിരുന്നില്ല. ഓരോ നാടകങ്ങളുടെ റിഹേഴ്സലുകളും അവതരണങ്ങളും കഴിഞ്ഞുവരുമ്പോൾ അദ്ദേഹം സാവിത്രിയോടു പറയും : "നാടകത്തിൽ അച്ഛനോടും ഭർത്താവിനോടുമൊക്കെ സംസാരിക്കുമ്പോൾ വെറുതെ ഡയലോഗ് പറയാതെ അവരുടെ കൈപിടിച്ചൊക്കെ ഒന്ന് അഭിനയിച്ചൂടേ...അങ്ങനെയൊക്കെ അഭിനയിക്കുമ്പോൾ മാത്രമേ അതിനു സ്വാഭാവികതയുണ്ടാവൂ. അല്ലെങ്കിൽ നീ അടുക്കളയിൽ ഇരിക്കേണ്ടി വരും സാവിത്രീ.." ശ്രീധരന്റെ ഈ വാക്കുകൾ സാവിത്രി ഇന്നും ഓർക്കുന്നു.

കോഴിക്കോട്ടെ അമേചർ വേദികളിൽ നിറഞ്ഞുനിൽക്കുമ്പോഴാണ് കെ.എ. കൊടുങ്ങല്ലൂരിന്റെയും തിക്കോടിയന്റെയും ക്ഷണപ്രകാരം സാവിത്രി റോഡിയോ നാടകങ്ങളിൽ അഭിനയിക്കുന്നത്. 1970 ൽ കോഴിക്കോട് ആകാശവാണിയിൽ ഡ്രാമാ വിഭാഗത്തിൽ ഗസ്റ്റ് ആർട്ടിസ്റ്റായി തുടക്കം കുറിച്ചു. "ഭാസ്കരൻമാഷും അന്ന് കോഴിക്കോട്ടുണ്ട്. ഒരുപാട് സൗഹൃദങ്ങൾ ആകാശവാണി തന്നു. നൂറുകണക്കിന് റേഡിയോ നാടകങ്ങളിൽ അഭിനയിക്കാൻ പറ്റി. ഇന്നും ഞാൻ റേഡിയോ നാടകങ്ങളിൽ അഭിനയിക്കുന്നുണ്ട്."

## രംഗം അഞ്ച്

മലയാള നാടകത്തിലെ ഒരു സുപ്രധാന സംഭവമായിരുന്നു ആഹ്വാൻ സെബാസ്റ്റ്യന്റെ മ്യൂസിക്കൽ തിയറ്റേഴ്സ് അരങ്ങിലെത്തിച്ച 'വഴിയമ്പലം' എന്ന നാടകം. കെ.ടി. മുഹമ്മദ്, എം.ടി. വാസുദേവൻ നായർ, തിക്കോടിയൻ, ടി. ദാമോദരൻ എന്നീ നാലു പ്രതിഭകൾ ചേർന്നെഴുതിയ ഈ നാടകത്തിലൂടെയാണ് സാവിത്രി ശ്രീധരൻ പ്രൊഫഷണൽ നാടകത്തിന്റെ അരങ്ങിലേക്ക് എത്തുന്നത്. ചലച്ചിത്ര സംവിധായകൻ ബേബി സംവിധാനം ചെയ്ത വഴിയമ്പലം ബോംബെയിൽ അവതരിപ്പിക്കാൻ അവസരം ലഭിച്ചു. നാടകത്തിലഭിനയിക്കാൻ മകളെ ഒറ്റയ്ക്ക് അയക്കില്ലെന്ന അച്ഛന്റെ തീരുമാനത്തിന് ആഹ്വാൻ സെബാസ്റ്റ്യൻ ഒരു പോംവഴി കണ്ടെത്തി. വഴിയമ്പലത്തിൽ മകൾക്കൊപ്പം അച്ഛനുംകൂടി ഒരു വേഷം നൽകി പ്രശ്നം പരിഹരിച്ചു. "ബോംബെയിലപ്പോൾ ശിവസേനയുമായി ബന്ധപ്പെട്ട് വലിയ പ്രശ്നങ്ങൾ നടന്നുകൊണ്ടിരിക്കയായിരുന്നു. നാടകം ബുക്ക് ചെയ്ത മലയാളി സമാജത്തിന് 'വഴിയമ്പലം' കളിപ്പിക്കാൻ പേടിയായി. ഒരാഴ്ചയോളം ബോംബെ നഗരം മുഴുവൻ ചുറ്റിക്കറങ്ങി കണ്ടുവെന്നല്ലാതെ നാടകം കളിക്കാൻ കഴി ഞ്ഞില്ല."

1984 ൽ ആണ് നാടകാചാര്യൻ കെ.ടി. മുഹമ്മദിന്റെ അഭിനയക്കളരിയിലേക്ക് സാവിത്രി എത്തുന്നത്. 'കലിംഗ തിയറ്റേഴ്സി'ലൂടെ പ്രൊഫഷണൽ നാടകരംഗത്ത് തന്റെ സാന്നിധ്യം അവർ ഉറപ്പിച്ചു. അമേചർ നാടകങ്ങളിൽ സജീവമായിരുന്ന കാലത്ത് കെ.ടിയുടെ 'കാഫർ', 'ഇതു ഭൂമിയാണ്' തുടങ്ങിയ നാടകങ്ങളിൽ സാവിത്രി വേഷമിട്ടിരുന്നു. നിലമ്പൂർ ആയിഷയ്ക്കും വിജയലക്ഷ്മി ബാലനും കെ.ടി സെയ്തിനുമൊപ്പം അക്കാലത്തെ കെ.ടിയുടെ അരങ്ങുകളിൽ ശോഭിക്കാൻ സാവിത്രിക്ക് കഴിഞ്ഞിരുന്നു. പ്രൊഫഷണൽ നടിയെന്ന നിലയിൽ കെ.ടിയുടെ 'ദീപസ്തംഭം മഹാശ്ചര്യ'ത്തിലാണ് തുടക്കം. "നാടകത്തിന്റെ ഒരു യൂണിവേഴ്സിറ്റിയായിരുന്നു കെ.ടി. സ്റ്റേജിൽ ശരീരഭാഷയോടൊപ്പം ശബ്ദത്തിനുള്ള പ്രാധാന്യം ശരിക്കും ഞാൻ തിരിച്ചറിഞ്ഞത് കെടിയിൽനിന്നാണ്. ഒരു നോട്ടം, ഒരു മൂളൽ – അതിൽപ്പോലും അഭിനയത്തിന്റെ ഒരുപാട് സാധ്യതകൾ കെ.ടി പഠിപ്പിച്ചുതന്നു. സംഭാഷണം തെറ്റിയാൽ, ശബ്ദത്തിന്റെ ടോണൊന്നു മാറിയാൽ, ഒരു വിരൽ ചൂണ്ടി കെ.ടി പറയും: 'അങ്ങനെയല്ല. ഇങ്ങനെ.' വ്യക്തമായി കാണിച്ചുതരും."

'ചിരന്തന തിയറ്റേഴ്സി'ൽ എത്തിയതോടെ സാവിത്രിയുടെ അഭിനയമികവിന് സംസ്ഥാനതല അംഗീകാരം വരെ ലഭിച്ചു. 'മാളികവീട്', 'പകിട പന്ത്രണ്ട്', 'മേടപ്പത്ത്', 'രാജസഭ', 'ഉപഹാരം', 'ഒടി



യൻ', 'കളത്തിങ്കൽ തൊടികയിൽ കൽവിളക്ക്'എന്നീ നാടകങ്ങൾ സാവിത്രി എന്ന നടിയുടെ അഭിനയസിദ്ധിയുടെ മാസ്മരികത അനാവരണം ചെയ്തു. 93ലെ സംസ്ഥാന പ്രൊഫഷണൽ നാടകമത്സരത്തിൽ 'രാജസഭ'യിലെ ആയിഷക്കുട്ടിയുടെ പ്രകടനം കണ്ട് അമ്പരന്നവരിൽ നാടകാചാര്യൻ ഒ. മാധവനുമുണ്ടായിരുന്നു. അന്നത്തെ ജൂറി ചെയർമാൻ ആയിരുന്നു അദ്ദേഹം. സാവിത്രിയെക്കുറിച്ച് ഒ.മാധവൻ ചോദിച്ച രസകരമായൊരു കാര്യം സാവിത്രിയിൽ നിന്നുതന്നെ കേൾക്കാം: "തിരുവനന്തപുരത്തുവെച്ച് കുട്ട്യേടത്തി വിലാസിനി ചേച്ചിയോടാണ് മാധവേട്ടൻ ചോദിച്ചത്. 'വിലാസിന്യേ, രാജസഭയിലെ ആയിഷക്കുട്ടിയായി അഭിനയിച്ച കോഴിക്കോട്ടുള്ള ആ കുട്ടിയേതാണ്?'

'കുട്ടിയോ..? ന്റെ മാധവേട്ടാ.. അവൾ കുട്ടിയൊന്നുമല്ല. തള്ളേടെ തള്ളയാണവൾ.' വിലാസിനി ചേച്ചിയുടെ മറുപടി കേട്ട് മാധവേട്ടൻ പൊട്ടിച്ചിരിച്ചുവത്രെ. എന്റെ മൂത്ത മകൾ പ്രസീനക്ക് രണ്ട് കുട്ടികളാണ്. അവളുടെ ഭർത്താവിന്റെ അമ്മയാണ് കുട്ട്യേടത്തി വിലാസിനി എന്ന കാര്യം മാധവേട്ടന് അറിയില്ലായിരുന്നു."

മുസ്ലീം കഥാപാത്രങ്ങളെ അവിസ്മരണീയമാക്കുന്നതിൽ ഒരു പ്രത്യേക കഴിവ് സാവിത്രി ശ്രീധരനുണ്ടായിരുന്നു. ശാന്താദേവിക്കുശേഷം മലബാർ നാടകവേദിയിൽ മുസ്ലീം കഥാപാത്രങ്ങളെ ഇത്രത്തോളം തന്മയത്വത്തോടെ അവതരിപ്പിക്കാൻ സാവിത്രിക്കല്ലാതെ മറ്റൊരു നടിക്കും കഴിഞ്ഞിട്ടില്ല. പ്രായം അമ്പതു കഴിഞ്ഞ സമയത്താണ് ആയിഷക്കുട്ടിയായി അവർ അരങ്ങിൽ തുള്ളിച്ചാടി അഭിനയിച്ചത്. ആ അഭിനയ മികവിനെത്തേടിയാണ് 1993ൽ രാജസഭയിലൂടെ സംസ്ഥാന സർക്കാരിന്റെ മികച്ച നടിക്കുള്ള അവർഡ് സാവിത്രിയിലേക്ക് എത്തിച്ചേർന്നത്. പക്ഷേ, അന്ന് അതിൽ ഏറ്റവും ആഹ്ലാദിക്കുമായിരുന്ന രണ്ടുപേർ ഈ ലോകത്തോട് തന്നെ വിടപറഞ്ഞ് കഴിഞ്ഞിരുന്നു. തന്നെ അരങ്ങിലേക്ക് കൈപിടിച്ചു കൊണ്ടുവന്ന പ്രിയപ്പെട്ട അച്ഛനും, കലാജീവിതത്തിന് എന്നും പ്രോത്സാഹനമായിരുന്ന ഭർത്താവും.

### രംഗം ആറ്

"ഞാൻ കുട്ടിയായിരിക്കുമ്പോഴേ അച്ഛന്റെ കാലിലൊരു മുഴയുണ്ടായിരുന്നു. എപ്പോഴും വേദനയായിരുന്നു. ഏറെക്കാലം കഴിഞ്ഞാണ് അത് ക്യാൻസറായിരുന്നു എന്ന് തിരിച്ചറിയുന്നത്. പലപ്പോഴും, നാടകത്തിൽ അഭിനയിക്കാൻ പോകുമ്പോൾ വേദന സഹിച്ച് അച്ഛൻ എനിക്കൊപ്പം വന്നു. എന്തിനാണച്ഛാ ഇങ്ങനെ ബുദ്ധിമുട്ടുന്നതെന്ന് ചോദിക്കുമ്പോൾ 'സാരമില്ല മോളേ... ' എന്നു മാത്രമായിരുന്നു മറുപടി. നാൽപ്പത്തഞ്ച് വർഷം മുമ്പ് ഒരു രാത്രി ഞങ്ങളെവിട്ട് അച്ഛൻ പോയി."

സാവിത്രിക്ക് സർക്കാരിന്റെ ഒരു പുരസ്കാരം കിട്ടുന്നത് കാണുക എന്നതായിരുന്നു ശ്രീധരന്റെ ഏറ്റവും വലിയ മോഹം. നാടകമുള്ള ദിവസമാണെങ്കിൽ ഈർച്ചമില്ലിലെ ജോലി കഴിഞ്ഞ് ഭാര്യക്കൊപ്പം പങ്കുചേരാൻ അദ്ദേഹത്തിന് അതിയായ ആവേശമായിരുന്നു. പ്രേക്ഷകരുടെ ഇടയിലിരുന്ന് കാണികളിൽ ഒരാളായി ഭാര്യയുടെ അഭിനയം ശ്രീധരൻ കണ്ടാസ്വദിച്ചു. മടക്കയാത്രയിൽ ശ്രീധരൻ പലപ്പോഴും പറയുമായിരുന്നു: "സാവിത്രീ നിനക്ക് ഗവൺമെന്റിന്റെ ഒരംഗീകാരം ലഭിക്കും, എന്നെങ്കിലും. എനിക്കത് കാണണം."

"പക്ഷേ, ഞാൻ ആ പുരസ്കാരം വാങ്ങുന്നത് കാണാൻ ശ്രീധരേട്ടന് ഭാഗ്യമുണ്ടായില്ല. എപ്പോഴും സുഖമില്ല, സുഖമില്ല എന്നു പറയും. ജോലിക്കു പോകാൻ വയ്യാതായി. പല ഡോക്ടർമാരേയും കാണിച്ചു. ഭക്ഷണം പോലും കഴിക്കാൻ കഴിയാത്ത അവസ്ഥയായിരുന്നു. ഒടുവിൽ അറിഞ്ഞു ശ്രീധരേട്ടനും കാൻസറാണെന്ന്. അച്ഛന് കാലിനായിരുന്നെങ്കിൽ ശ്രീധരേട്ടന് തൊണ്ടയ്ക്കായിരുന്നു. ശ്രീധരേട്ടനെ നോക്കാനായി നാടകാഭിനയം നിർത്തണോ എന്നുവരെ ആലോചിച്ചു. പക്ഷേ, പിന്നീട് എങ്ങനെ ജീവിക്കും? മരുന്നിനും ഭക്ഷണത്തിനുമുള്ള പൈസ എവിടന്നു കിട്ടും? പകൽ മുഴുവൻ ശ്രീധരേട്ടനെ നോക്കി രാത്രിയാകുമ്പോൾ എല്ലാവേദനകളും കടിച്ചമർത്തി ഞാൻ സ്റ്റേജിലെത്തി. പല കഥാപാത്രങ്ങൾക്കും അക്കാലത്തെ എന്റെ ജീവിതവുമായി സാമ്യമുള്ളതുപോലെ തോന്നി. വേദിയിൽ നിന്ന് ശരിക്കും കരഞ്ഞു. ആ കരച്ചിലിനും കിട്ടി കൈയടി. മെയ്ക്കപ്പ് പോലും കഴുകിക്കളയാനാകാതെ വീട്ടിലേക്ക് ഓടിയെത്തുമ്പോൾ ശ്രീധരേട്ടൻ ഉറങ്ങിയിട്ടുണ്ടാവില്ല. ക്ഷീണിച്ച മുഖത്ത് അപ്പോഴും ഒരു പുഞ്ചിരിയുണ്ടാകും. 'സാവിത്രീ.. എങ്ങനെയുണ്ടായിരുന്നു നാടകം?' ശ്രീധരേട്ടന്റെ ആ ചോദ്യത്തിന് മറുപടിയായി, 'നന്നായിരുന്നു. ഓരോ രംഗത്തിനും കാണികൾ കൈയടിച്ചു' എന്നെല്ലാം പറയുമ്പോൾ ആ മുഖത്ത് നിറഞ്ഞ സന്തോഷം കാണാൻ കഴിയുമായിരുന്നു. പിന്നീട് ഒരു രാത്രിയിൽ ശ്രീധരേട്ടൻ പതിയെപ്പതിയെ ഉറക്കത്തിലേക്ക് പോയി. പിന്നെ ഉണർന്നില്ല. മരിക്കുമ്പോൾ 58 വയസ്സായിരുന്നു ശ്രീധരേട്ടന്."

ജീവിതത്തിന്റെ കഠിനമായ പാതകളിലൂടെ സഞ്ചരിക്കുമ്പോൾ പോലും ശ്രീധരൻ പറഞ്ഞിരുന്നു: "നാടകം ഉപേക്ഷിക്കരുത്, അഭിനയിക്കണം, അവാർഡ് വാങ്ങണം.'' ആ പിന്തുണയുടെ കരുത്തിലും കരുതലിലും നിന്നുതന്നെയാവാം സാവിത്രി വീണ്ടും അരങ്ങുകളിലേക്ക് കുതിച്ചത്. മികച്ച കഥാപാത്രങ്ങൾ അവർക്കായി കാത്തുനിൽക്കുന്നുണ്ടായിരുന്നു. അച്ഛനും ഭർത്താവും വിട്ടുപോയതോടെ സാവിത്രിക്ക് കൂട്ടായെത്തിയത് സഹോദരൻ വിശ്വനാഥാണ്. നാടകത്തിനുവേണ്ടിയുള്ള നിർത്താതെയുള്ള അലച്ചിൽ, ഒരിക്കലും അവസാനിക്കാത്ത കഷ്ടപ്പാടുകൾ – ഇതൊക്കെയുണ്ടായിട്ടും നാടകത്തെ സാവിത്രി വെറുത്തില്ല, വെറുക്കാൻ അവർക്ക് കഴിയുമായിരുന്നില്ല. 10 രൂപയിൽ തുടങ്ങിയ നാടകാഭിനയത്തിന്റെ പ്രതിഫലം 500 രൂപയ്ക്ക് അപ്പുറത്തേക്ക് കടന്നിരുന്നില്ല. അമ്പതുവർഷത്തിലേറെ നീണ്ട നാടകജീവിതംകൊണ്ട് സാവിത്രിക്ക് ഒന്നും സമ്പാദിക്കാനായില്ല. എങ്കിലും ആത്മവിശ്വാസത്തോടെ അവർ പറയും, "രണ്ട് പെൺമക്കളെ കല്യാണം കഴിച്ചയച്ചു. പിന്നെ ഇത്രയും കാലം ജീവിച്ചില്ലേ? അതെല്ലാം നാടകത്തിൽ നിന്നും ലഭിച്ച ചെറിയ വരുമാനം കൊണ്ട് മാത്രമാണ്."

1995 ൽ എൽഡിഎഫ് സ്ഥാനാർഥിയായി കോഴിക്കോട് കോർപ്പറേഷനിലേക്ക് സാവിത്രി മത്സരിച്ചതും കൗൺസിലറായതും അവരുടെ ജീവിതത്തിലെ ഒരു പ്രധാന സംഭവമാണ്. "നാടകത്തിനപ്പുറം മറ്റൊരു മേഖല എനിക്കുണ്ടായിരുന്നില്ല. നാട്ടിലെ

സഖാക്കളെല്ലാം വന്നു നിർബന്ധിച്ചപ്പോൾ സ്ഥാനാർഥിയായി നിൽക്കാമെന്നു സമ്മതിച്ചു. ഞാൻ തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിനോട് മക്കൾക്കും എതിർപ്പില്ലായിരുന്നു. ജയിക്കുകയും ചെയ്തു. ജനകീയാസൂത്രണത്തിന്റെ കാലമാണ്. കൗൺസിലർ എന്ന നിലയിൽ അഞ്ചുവർഷംകൊണ്ട് നാടിനുവേണ്ടി ഒട്ടേറെ ക്ഷേമപദ്ധതികളും വികസനപ്രവർത്തനങ്ങളും നടപ്പിലാക്കാൻ കഴിഞ്ഞു. നാടകനടി നാടിനുവേണ്ടി എന്തുചെയ്തു എന്നു ചോദിക്കുമ്പോൾ ഇതുംകൂടി എനിക്കു പറയാമല്ലോ."

## രംഗം ഏഴ്

സാവിത്രിയുടെ ഓർമകളിൽ നീറുന്ന ചിത്രങ്ങൾ ഏറെയുണ്ടെങ്കിലും അംബുജം സുരാസു എന്ന അഭിനേത്രിയോടൊപ്പമുള്ള അനുഭവങ്ങൾക്ക് വല്ലാത്തൊരു തെളിച്ചവും മൂർച്ചയുമുണ്ട്. ഒരിക്കൽ പരിചയപ്പെട്ടവരുടെ മനസ്സിൽ നിന്നും ആ രൂപം അത്രപെട്ടെന്ന് മാഞ്ഞുപോകില്ല. സർഗാത്മകതയുടെ കനലുകളെറിഞ്ഞു നടന്ന സുരാസു എന്ന പ്രതിഭാശാലിയുടെ ഭാര്യ എന്ന നിലയിലും നടിയെന്ന നിലയിലും പെയ്തൊഴിയാത്ത കുറേ ഓർമകൾ ബാക്കിവെച്ചു കൊണ്ടാണ് അംബുജം സുരാസു യാത്രയായത്. അവസാന കാലത്ത് അവരനുഭവിച്ച ജീവിതനാടകത്തിലെ ദുരിതപർവ്വങ്ങൾക്ക് പലപ്പോഴും സാവിത്രിയും സാക്ഷിയായിട്ടുണ്ട്. "ഓർമ നഷ്ടപ്പെട്ട കാലത്ത് ഞാൻ അംബുജത്തെ കണ്ടിട്ടുണ്ട്. അവരുടെ മുഖത്തേക്ക് ഏറെ നേരം നോക്കിനിൽക്കാനാവുമായിരുന്നില്ല. ചില നേരങ്ങളിൽ അംബുജം മുഖത്തേക്ക് തന്നെ നോക്കും, എന്തൊക്കെയൊ



"മുസ്ലീം കഥാപാത്രങ്ങളെ അവിസ്മരണീയമാക്കുന്നതിൽ ഒരു പ്രത്യേക കഴിവ് സാവിത്രി ശ്രീധരനുണ്ടായിരുന്നു. ശാന്താദേവിക്കുശേഷം മലബാർ നാടകവേദിയിൽ മുസ്ലീം കഥാപാത്രങ്ങളെ ഇത്രത്തോളം തന്മയത്വത്തോടെ അവതരിപ്പിക്കാൻ സാവിത്രിക്കല്ലാതെ മറ്റൊരു നടിക്കും കഴിഞ്ഞിട്ടില്ല."

നമ്മളോട് പറയണമെന്ന് അവർ ആഗ്രഹിച്ചിട്ടുണ്ടാകും. പക്ഷേ, ഒന്നും പറയാനാകാതെ നനഞ്ഞ കണ്ണുകളുമായുള്ള ആ കിടപ്പ് കാണുമ്പോൾ വല്ലാതെ ഞാൻ സങ്കടപ്പെട്ടിട്ടുണ്ട്. അരങ്ങിൽ ഒന്നിച്ചഭിനയിച്ച നാളുകൾ, സംഭാഷണങ്ങൾ, പൊട്ടിച്ചിരി, കരച്ചിൽ അംബുജത്തോടൊപ്പമുള്ള അരങ്ങനുഭവങ്ങൾ വ്യത്യസ്തമായിരുന്നു. ജീവിതത്തിൽ എന്തുമാത്രം പാവമായിരുന്നു അവൾ. നന്നായി വായിക്കുമായിരുന്നു അംബുജം. ധാരാളം പുസ്തകങ്ങൾ വായിച്ചതിന്റെ അനുഭവം വലിയരീതിയിൽ അംബുജത്തെ സ്വാധീനിച്ചിട്ടുണ്ടെന്ന് പലപ്പോഴും തോന്നിയിട്ടുണ്ട്.".

അമേചർ നാടകങ്ങളിൽ അഭിനയിക്കുന്ന കാലത്താണ് ഇരിങ്ങൽ നാരായണി എന്ന കലാകാരിയെ സാവിത്രി പരിചയപ്പെടുന്നത്. അക്കാലത്ത് മലബാറിലെ മിക്ക കലാസമിതികളിലേയും നാടകങ്ങളിൽ നാരായണിയുടെ സാന്നിധ്യമുണ്ടായിരുന്നു. പ്രൊഫഷണൽ നാടകങ്ങളിലും റേഡിയോ നാടകങ്ങളിലും അവർ ശ്രദ്ധേയയായി. നാടകപ്രവർത്തകർക്കെല്ലാം ഇരിങ്ങൽ നാരായണി നാരായണിയേടത്തിയായിരുന്നു. ആ കലാകാരിയുടെ ജീവിതത്തെ 'നാടകം പോലെ ഒരു ജീവിതം' എന്നു വിശേഷിപ്പിക്കുന്നതാകും ഏറെ ഉചിതം. ആ വിശേഷണത്തെ സാവിത്രിയും ശരിവയ്ക്കുന്നു. "നാടകമായിരുന്നു ആ ജീവിതം. വർഷങ്ങളോളം സ്റ്റേജിൽ നിറഞ്ഞുനിന്ന നാരായണിയേടത്തി ഒടുവിൽ ഒന്നും നേടാതെയാണ് ജീവിതത്തിന്റെ തന്നെ അരങ്ങൊഴിഞ്ഞത്. കഥാപാത്രങ്ങളോട് നൂറു ശതമാനവും നീതിപുലർത്തിയിരുന്ന അവർ ഒപ്പമഭിനയിക്കുന്നവർക്കു

വലിയ പ്രോത്സാഹനം നൽകാനും മറന്നില്ല. അമേചർ, പ്രൊഫഷണൽ, റേഡിയോ നാടകങ്ങളിൽ നാരായണിയേടത്തിക്കൊപ്പം അഭിനയിക്കുമ്പോൾ പോലും വലിയൊരു രോഗം അവരെ കാർന്നുതിന്നുന്നുണ്ടെന്ന് അധികമാരും അറിഞ്ഞിരുന്നില്ല. അർബുദം ആ ജീവിതത്തെ ഇല്ലാതാക്കി കൊണ്ടിരിക്കുമ്പോഴും അരങ്ങിലേക്ക് ഓടിയെത്താനുള്ള മോഹമായിരുന്നു അവർക്ക്.

"കുറച്ചുനാളുകൾക്ക് മുമ്പാണ് മച്ചാട് വാസന്തിയെ കാണാൻ പോയത്. തീർത്തും അവശയായിരുന്നു വാസന്തി. എന്നിട്ടും ഏറെനേരം സംസാരിച്ചത് നാടകത്തെകുറിച്ചാണ്. മിക്ക നാടകപ്രവർത്തകരും അങ്ങനെയാണ്. സുഖമില്ലാതെ കിടപ്പിലായാൽ പോലും ആ മനസ്സിൽ ആർത്തിരമ്പി വരുന്നത് നാടകം തന്നെയാണ്. വാസന്തിയെ കണ്ടപ്പോഴും അനുഭവം മറിച്ചായിരുന്നില്ല. കോഴിക്കോട് ടൗൺ ഹാളിൽ ഇനിയും പാടണമെന്നും കഴിയുമെങ്കിൽ സ്റ്റേജിൽ അഭിനയിക്കണമെന്നുമൊക്കെയുള്ള ആഗ്രഹങ്ങളാണ് എഴുന്നേറ്റു നടക്കാൻ വയ്യാത്ത അവസ്ഥയിൽപ്പോലും വാസന്തി പങ്കുവെച്ചത്. കുട്ടിക്കാലം തൊട്ടേ വാസന്തിയെ എനിക്കറിയാം. പാട്ടുകാരി മാത്രമായിരുന്നില്ല വാസന്തി, നല്ലൊരു നടി കൂടിയായിരുന്നു. ദേശപോഷിണി അവതരിപ്പിച്ച 'ഈഡിപ്പസ്' നാടകം അക്കാലത്തെ മഹാത്ഭുതം തന്നെയായിരുന്നു. ഈഡിപ്പസായി കുഞ്ഞാണ്ടിയേട്ടനും ജക്കോസ്തയായി വാസന്തിയും അരങ്ങു തകർത്ത നാടകം. പിന്നീട് കെ.ടിയുടെ 'ഇത് ഭൂമിയാണ്' ഉൾപ്പെടെ പല നാടകങ്ങളിലും വാസന്തി വേഷമിട്ടിട്ടുണ്ട്. യേശുദാസിനൊപ്പം സിനിമയിൽ വരെ പാടിയിട്ടുണ്ട്. ചെറിയ വേഷങ്ങളാണെങ്കിലും നിരവധി സിനിമകളിലഭിനയിച്ചിട്ടുമുണ്ട്. പക്ഷേ, എന്നും ദുരിതങ്ങളായിരുന്നു വാസന്തിക്ക്. 'ആരുടെയും സഹായമില്ലാതെ തന്നെ പൊന്നുപോലെ നോക്കുന്നുണ്ട് എന്റെ മക്കൾ' എന്ന് വാസന്തി പറഞ്ഞപ്പോൾ ഒരുപാട് സന്തോഷം തോന്നി. കാലം എത്രയോ മാറിപ്പോയി. നാടകനടിയായിപോയതിന്റെ പേരിൽ തന്നെ എത്രയോ മക്കൾ സ്വന്തം അമ്മമാരുടെ ഹൃദയത്തിൽ ഒരുപാട് മുറിവുകൾ ഏൽപ്പിച്ചിട്ടുണ്ട്. സ്വന്തം വീട്ടിലെ ക്രൂരമായ അനുഭവങ്ങൾ മറികടന്നാണ് പല നടികളും നാടകരംഗത്തെത്തിയത്. അവസാനം ഒന്നും സമ്പാദിക്കാതെ കുറേ കൈയടികൾ മാത്രം അവാർഡായി സ്വീകരിച്ചു കൊണ്ടാണ് അവർ തിരിച്ച് വീട്ടിലെത്തുന്നത്. അതിനപ്പുറം പലർക്കും ഒന്നുമാവാൻ കഴിയുന്നില്ല എന്നതല്ലേ സത്യം".

## രംഗം എട്ട്

സിനിമ ഒരിക്കൽപ്പോലും സാവിത്രിയെ മോഹിപ്പിച്ചിട്ടില്ല. നാടകം സിനിമയിലേക്കുള്ള ചവിട്ടുപടിയായി അവർ കണ്ടിട്ടുമില്ല. എന്നിട്ടും സിനിമ സാവിത്രിയെ തേടിയെത്തി. എം.ടി. വാസുദേവൻ നായരുടെ 'കടവി'ൽ സുഖമില്ലാത്ത ഒരു അമ്മയുടെ വേഷം ചെയ്തു. "എം ടി നിർദ്ദേശിച്ച പ്രകാരം പുരുഷൻ കടലുണ്ടിയാണ് കടവിലഭിനയിക്കാൻ എന്നെ വിളിച്ചത്. വലിയ വേഷമൊന്നുമായിരുന്നില്ല. പിന്നെ സിനിമയിൽ അഭിനയിച്ചില്ല. അവസരങ്ങൾക്കു വേണ്ടി ആരുടെ മുന്നിലും കൈനീട്ടിയില്ല. ആരും എന്നെ അന്വേഷിച്ച് വന്നതുമില്ല."

കോഴിക്കോട്ടെ പല പ്രൊഫഷണൽ നാടകസമിതികളും അടച്ചുപൂട്ടിയപ്പോൾ നാടകത്തെ ആശ്രയിച്ചു ജീവിച്ച സാവിത്രിയെപ്പോലുള്ളവർക്ക് അതു വലിയ ആഘാതമായി. പിന്നീട് തിരൂർ 'യുഗചേതന'യിൽ ഒരു വർഷം സാവിത്രി അഭിനയിച്ചു. അതിനുശേഷം വർഷങ്ങളുടെ നീണ്ട ഇടവേള. അങ്ങനെയിരിക്കുമ്പോഴാണ് സാവിത്രിയെത്തേടി 'സുഡാനി ഫ്രം നൈജീരിയ'യുടെ പ്രവർത്തകർ എത്തുന്നത്. "സിനിമയുമായി യാതൊരു ബന്ധമില്ലാത്തുകൊണ്ട് ആരെയും മുൻപരിചയമുണ്ടായിരുന്നില്ല. എല്ലാവരും പുതിയ കുട്ടികളാണെന്ന് ആരോ പറഞ്ഞു. കഥയും കഥാപാത്രവുമൊക്കെ വിശദമായി പറഞ്ഞുതന്നു. വാഴയൂരായിരുന്നു ഷൂട്ടിംഗ്. അഭിനയിക്കുമ്പോൾ ആദ്യമൊക്കെ നാടകം വന്നിരുന്നു. സംവിധായകൻ സക്കറിയയും മറ്റുള്ളവരും സ്വന്തം മക്കളെപ്പോലെ പെരുമാറി. ചുറ്റും ക്യാമറയുണ്ടായിരുന്നു. 'ചേച്ചി അതൊന്നും ശ്രദ്ധിക്കേണ്ട. വീട്ടിൽ പെരുമാറുന്നതുപോലെ ചെയ്താൽ മതി.' എന്ന് എല്ലാവരും പറഞ്ഞു. അടുക്കളയിലെ ഒരു സീനായിരുന്നു ആദ്യമെടുത്തത്. നന്നാവണേ എന്നു പ്രാർഥിച്ചിട്ടങ്ങ് ചെയ്തു. മൂന്നാഴ്ചയോളം ഷൂട്ടിംഗ് ഉണ്ടായിരുന്നു. അതു കഴിഞ്ഞുപോരുമ്പോഴും വലിയ ടെൻഷനായിരുന്നു. ഞാനും സരസയും രണ്ടു വയസത്തികൾ അഭിനയിക്കുന്ന സിനിമ. ഇത് ആൾക്കാർ കാണുമോ? എന്തായിരിക്കും പ്രതികരണം? ഇങ്ങനെ ഒരുപാട് വേവലാതികൾ മനസിലുണ്ടായിരുന്നു. സെറ്റിലെ കുട്ടികളെല്ലാവരും പറഞ്ഞു 'നന്നായിട്ടുണ്ട് ചേച്ചീ...' അതു മാത്രമായിരുന്നു ഒരു ആശ്വാസം.

സുഡാനി റിലീസ് ആകുന്നതിന്റെ തലേദിവസം



ശ്രീധരനും സാവിത്രിയും

രാത്രി സാവിത്രിയോട് മക്കൾ പറഞ്ഞു: 'അമ്മേടെ സിനിമ കാണാൻ നമുക്ക് നാളെ പോകണം. ആദ്യ ഷോയ്ക്കു തന്നെ.' ആ രാത്രി സാവിത്രി കുറേ കരഞ്ഞു. കഴിഞ്ഞ ഇരുപത്തിയഞ്ച് വർഷമായി അവർ സിനിമ കണ്ടിട്ട്. സിനിമയുടെ ലോകം എന്താണെന്ന് പോലും അവർക്കറിയില്ല. ശ്രീധരനും സാവിത്രിയും ഒരുമിച്ചായിരുന്നു സിനിമയ്ക്കു പോയിരുന്നത്. ശ്രീധരന്റെ മരണശേഷം സാവിത്രി സിനിമ കണ്ടിട്ടില്ല. ശ്രീധരനൊന്നിച്ച് അവസാനം കണ്ട സിനിമ കോഴിക്കോട് സംഗം തിയേറ്ററിൽ വച്ച് മോഹൻലാലിന്റെ ദേവാസുരമായിരുന്നു. ആ രാത്രിയിൽ ഒരിക്കൽ വെള്ളിത്തിരയിൽ കണ്ട ഒരുപാട് ചലച്ചിത്രങ്ങൾ സാവിത്രിയെ വന്നു പൊതിഞ്ഞു.

കോഴിക്കോട് അപ്സര തിയേറ്ററിൽ കുടുംബത്തോടൊപ്പമിരുന്ന് സുഡാനി കാണുമ്പോൾ ഓരോ രംഗങ്ങളിലും സാവിത്രിയുടെ ഹൃദയമിടിപ്പ് കൂടുകയായിരുന്നു. തിയേറ്ററിൽ പൊട്ടിച്ചിരികളും കൈയടികളുമൊക്കെ ഉണ്ടായെങ്കിലും സാവിത്രി അതൊന്നും അറിഞ്ഞിരുന്നില്ല. "സിനിമ കണ്ടവരെല്ലാം പറഞ്ഞത് ഒരേ അഭിപ്രായമായിരുന്നു. ചേച്ചിമാർ രണ്ടുപേരും നന്നായിട്ടുണ്ട്. പിറ്റേ ദിവസം മുതൽ ഫോണിന് വിശ്രമമുണ്ടായില്ല. പരിചയമുള്ളവരും അല്ലാത്തവരുമായ എത്രയോ പേർ അഭിനന്ദനങ്ങൾ അറിയിച്ചുകൊണ്ട് വിളിക്കുന്നു. ഇപ്പോഴും ആ അഭിനന്ദനപ്രവാഹത്തിന് കുറവൊന്നുമില്ല. അമ്പതു വർഷത്തിലധികമായി എത്രയോ നാടകങ്ങളിൽ അഭിനയിച്ചു. പക്ഷേ, അപ്പോഴൊന്നും ഇങ്ങനെയൊരു അഭിനന്ദനം ഉണ്ടായിട്ടില്ല. നാടകത്തിൽ മികച്ച നടിക്കുള്ള സംസ്ഥാന അവാർഡ് കിട്ടിയപ്പോൾ പോലും നാടകക്കാരല്ലാതെ ആരും എന്നെ വിളിച്ചിട്ടില്ല. മികച്ച സഹനടികൾക്കുള്ള സംസ്ഥാന അംഗീകാരം സുഡാനിയിലൂടെ എനിക്കും സരസയ്ക്കും ലഭിച്ചു. പിന്നീട് ദേശീയ ചലച്ചിത്ര അവാർഡിൽ മികച്ച മലയാള ചിത്രമായി സുഡാനി ഫ്രം നൈജീരിയ തെരഞ്ഞെടുക്കപ്പെട്ടതിനൊപ്പം ജൂറിയുടെ പ്രത്യേക പരാമർശം കൂടി എനിക്കു ലഭിച്ചപ്പോൾ ഞാനെല്ലാവർക്കും പ്രിയപ്പെട്ടവളായി". സിനിമയിൽ വീണ്ടും അവസരങ്ങളുണ്ടായി. 'ഡാകിനി', 'വൈറസ്', 'മേരാ നാം ഷാജി' 'ഒരു കടത്തനാടൻ കഥ', 'സൈറയും ഞാനും', 'പട' 'മാഹി', 'ഇട്ടിമാണി' 'ഏഴാം കടലിനുമപ്പുറം' 'മടപ്പള്ളി യുണൈറ്റഡ്' തുടങ്ങിയ സിനിമകളിലും അഭിനയിച്ചു.

"ഇട്ടിമാണിയിലേക്കുള്ള അവസരം വന്നതും യാദൃശ്ചികമായിട്ടാണ്. സുഡാനിയിലെ അഭിനയത്തിന് സഹനടിക്കുള്ള സംസ്ഥാന പുരസ്കാരം ലഭിച്ചപ്പോൾ അഭിനന്ദനം അറിയിച്ചുകൊണ്ട് ആദ്യം വിളിച്ചവരിലൊരാൾ മോഹൻലാലായിരുന്നു. ലാലാണ് സംസാരിക്കുന്നതെന്നു പറഞ്ഞപ്പോൾ പെട്ടെന്ന് വിശ്വസിക്കാനായില്ല. നാടകപ്രവർത്തകരോട് അദ്ദേഹം കാണിക്കുന്ന സ്നേഹവും ദയയും ഒരുപാട് വായിച്ചറിഞ്ഞിട്ടുണ്ട്. സിനിമയിൽ വലിയ തിരക്കുള്ള നടനായിട്ടും നാടകത്തിൽ മോഹൻലാൽ അഭിനയിക്കുന്നുവെന്ന് കേൾക്കുമ്പോൾ നാടകകലാകാരിയെന്ന നിലയിൽ എനിക്കത് ഏറെ സന്തോഷം പകർന്നിട്ടുണ്ട്. ഇട്ടിമാണിയിൽ എനിക്കും സരസയ്ക്കും വേഷമുണ്ടായിരുന്നു. അത്ര പ്രാധാന്യമുള്ള കഥാപാത്രമല്ലെങ്കിലും ലാലിനൊപ്പം അഭിനയിക്കാൻ കഴിയുകയെന്നു പറഞ്ഞാൽ അത് വലിയൊരു നേട്ടമല്ലേ. ലൊക്കേഷനിൽ വെച്ച് അദ്ദേഹത്തെ കാണുമ്പോൾ വല്ലാത്തൊരു അമ്പരപ്പായിരുന്നു. എന്നാൽ ഞങ്ങളെ കണ്ടപാടെ സ്നേഹത്തോടെ കസേര വലിച്ചിട്ടു തന്ന് അതിലിരിക്കാൻ പറഞ്ഞു. ലോകമാദരിക്കുന്ന വലിയൊരു നടനാണെന്ന ഭാവം പോലും ആ മുഖത്തില്ലായിരുന്നു. സ്വന്തം സഹോദരങ്ങളോട് സംസാരിക്കുന്ന രീതിയിലായിരുന്നു ലാൽ ഞങ്ങളോട് സംസാരിച്ചത്. സിനിമയിലെ മറക്കാനാകാത്ത അനുഭവത്തെ കുറിച്ച് ചോദിച്ചാൽ ലാൽ ഞങ്ങളോട് കാണിച്ച സ്നേഹത്തെ കുറിച്ച് പറയാതിരിക്കാനാവില്ല".

സുഡാനിയുടെ വിജയത്തിനുശേഷം തിരൂർ തുഞ്ചൻപറമ്പിലേക്ക് ഒരു നട്ടുച്ച നേരത്ത് ചായം തേക്കാത്ത മുഖവുമായി ബാലുശ്ശേരി സരസയ്ക്കൊപ്പം സാവിത്രി ശ്രീധരൻ കടന്നുവന്നത് ഇപ്പോഴും ഓർമയിലുണ്ട്. എസി കാറിൽ വന്നിറങ്ങിയ അവരുടെ മുഖത്ത് വല്ലാത്തൊരു ചിരിയുണ്ടായിരുന്നു. ലോകം കീഴ്മേൽ മറിഞ്ഞതുപോലെ. നാടകനടികൾ മാത്രമായിരുന്നപ്പോൾ ക്ഷണിക്കപ്പെട്ട പരിപാടികളിൽ പങ്കെടുത്ത് മടങ്ങാൻ നേരം ഓട്ടോറിക്ഷക്കുള്ള കാശുപോലും നൽകാതിരുന്ന സംഘാടകരെ അന്നേരമവർ ഓർത്തുപോയിട്ടുണ്ടാകാം. വെള്ളിത്തിരയിൽ മുഖമെത്തിയതോടെ വമ്പൻ വാഹനങ്ങളുമായി ആളുകൾ യാത്രാസൗകര്യമൊരുക്കുന്നത് കാണുമ്പോൾ വേദന കലർന്ന ഈ ചിരി മാത്രമാണ് ഇവരുടെ മുഖത്ത് ഭാവമായി വരുന്നത്. "ഇക്കാലമത്രയും ഞങ്ങളുടെ ജീവിതം വെന്തുരുകിയപ്പോൾ ആ സങ്കടം കാണാൻ നിങ്ങളിലെത്ര പേരുണ്ടായി? ഇപ്പോൾ... ? ഞങ്ങൾക്കറിയാം, എല്ലാം നാടകമാണെന്ന്. ജീവിതമെന്ന മഹാനാടകത്തിലെ അഭിനേതാക്കളാണ് നമ്മളെല്ലാവരും"... എന്ന് സാവിത്രിയോടൊപ്പം സരസയും പറയാതെ പറഞ്ഞിട്ടുണ്ടാകാം.

സിനിമയിൽ പുതിയ അവസരങ്ങൾ വന്നുകൊണ്ടിരിക്കുമ്പോഴും സാവിത്രിയുടെ മനസ്സിൽ ഇപ്പോഴും ആർത്തിരമ്പുന്നത് അരങ്ങാണ്. "എല്ലാ വിഷമങ്ങളെയും മാറ്റിനിർത്തി അരങ്ങിലേക്ക് ഓടിയെത്തിയ ആ നാളുകളാണ് ഇന്നും എനിക്ക് കരുത്തേകുന്നത്. നാടകമില്ലാതെ എനിക്കൊരു ജീവിതവുമില്ല. അവസാന ശ്വാസംവരെ ഞാൻ നാടകവേദിയിലുണ്ടാകും."

## രംഗം ഒമ്പത്

ഇ എം എസ് മന്ത്രിസഭയുടെ 60–ാം വാർഷിക വേളയിലാണ് സാവിത്രി ഒടുവിൽ അരങ്ങിലെത്തിയത്. തിരുവനന്തപുരത്ത് നിശാഗന്ധിയിൽ കോഴിക്കോട് കലിംഗ 'ഇത് ഭൂമിയാണ്' അവതരിപ്പിച്ചപ്പോൾ അതിലെ ആമിനയായി നിറഞ്ഞാടി. "ഇനിയും, നാടകത്തിൽ അഭിനയിക്കാൻ പറഞ്ഞാൽ ഞാൻ അഭിനയിക്കും. നാടകത്തിലൂടെ ഒരുപാട് ജീവിതങ്ങളെ ഞാനറിഞ്ഞു. ഒന്നും നേടാനായില്ലെങ്കിലും ആത്മസംതൃപ്തി അതിലും എത്രയോ വലുതാണ്.'' കർട്ടൻ താഴുമ്പോൾ ഉയരുന്ന കരഘോഷങ്ങളുടെ ആരവത്തിൽ നിന്നും ആർജിച്ചെടുത്ത ഊർജമാണ് ഇന്നും സാവിത്രി ശ്രീധരൻ എന്ന നടിയുടെ ഏറ്റവും വലിയ കരുത്ത്. ◘

കവിത

മണമ്പൂർ രാജൻബാബു



# ആത്മാവിന്റെ മുറിവുകൾ



നിങ്ങൾ ഇരിക്കുന്ന ഈ കസേരയോ
മാർച്ചട്ടയിലെ ആ നക്ഷത്രങ്ങളോ അല്ല നിങ്ങൾ.
വേഷവിധാനങ്ങൾക്കുള്ളിലെ
ദേഹവുമല്ല.
അതിനും ഉള്ളിലെ
അനശ്വരമായ ആത്മാവുമല്ല.
അതിലെ ചോരയിറ്റുന്ന
മുറിവുകളാകുന്നു നിങ്ങൾ.
ഉണങ്ങാൻ കൽപ്പാന്തം
കണ്ണീരൊഴുക്കേണ്ടുന്ന മുറിവുകൾ...

നശ്വരതകളിലെ
അഹങ്കാരങ്ങൾക്കു മീതെ
അനശ്വരതയുടെ
കൊടിത്തുകിലാകട്ടെ നിങ്ങൾ...

** നിമാ ജാവിദിയുടെ 'വാർഡൻ'*
*എന്ന ഇറാൻ ചലച്ചിത്രം*
*കണ്ടിറങ്ങിയപ്പോൾ തോന്നിയത്.*

കവിത

വിജയരാജമല്ലിക



# രാവും പകലും

രാവും പകലും മാത്രമല്ല,
സന്ധ്യയുമുണ്ട്.
സന്ധ്യയിൽത്തന്നെ എത്ര
സന്ധികൾ,
മനുഷ്യരെപ്പോലെ!

എന്നിട്ടും ചിലർ
ആണാക്കുന്നു,
പെണ്ണാക്കുന്നു,
രണ്ടുമല്ലാത്തവരെ
വെറുക്കുന്നു.

അപ്പോഴും
ഉമ്മറത്ത് വിളക്ക്,
സന്ധ്യാനാമം.
രാമനും കണ്ണനും
കുളത്തിൽ കല്ലെറിയുന്നു. ▫



കെ.രേഖ/അനൂപ് കെ അപ്പുണ്ണി





# ഓർമമഴകൾ പെയ്യുന്ന ഓണക്കാലം

ഇനിയുമെത്രയോ മഴകളാണ് എനിക്ക് നനഞ്ഞുതീർക്കാനുള്ളത്. വെള്ളാനിയിലെ വെയിൽ പച്ചകളെ മോഹിപ്പിച്ചുകടന്നുകളയുന്ന മഴപ്പൊട്ടുകളായിരുന്നു എന്റെ ജീവിതം. മഴപോലെ നനുത്ത, വെയിൽ പോലെ പൊള്ളുന്ന ആ ജീവിതമാണ് എന്നെ മുന്നിലേക്ക് നയിച്ചത്. മലയാളികളുടെ പ്രിയഎഴുത്തുകാരിയും പത്രപ്രവർത്തകയും ഇപ്പോൾ അധ്യാപികയുമായ കെ.രേഖ പറഞ്ഞുതുടങ്ങി. ജീവിതത്തിലെ അടർത്തിമാറ്റാൻ കഴിയാത്ത ആ അനുഭവങ്ങളെ കുറിച്ച്...

അസാധാരണമായ ഈ ഓണത്തിന് ഞാൻ കോട്ടയത്താണ്. ആഘോഷങ്ങളും ആരവങ്ങളുമില്ലാതെ മലയാളി ഓണം ആഘോഷിക്കുന്നത് ഓർമയിൽ ആദ്യമാണ്. അതുകൊണ്ടുതന്നെ എല്ലാവരുടെയും പോലെ എന്റെ ഓണവും നിശബ്ദമാണ്. ഓർമകളുടെ ഒരു കാട് എന്നും കൂടെയുണ്ട്. അതുകൊണ്ടുതന്നെ വർത്തമാനങ്ങൾ ചെന്നെത്തുന്നത് ഓർമയിലെ പൂക്കാലങ്ങളിലേക്ക് തന്നെ.

ഇരിങ്ങാലക്കുടയ്ക്കടുത്തുള്ള നിറയെ ചെമ്മൺ പാതകളുള്ള വെള്ളാനി എന്ന ഉൾഗ്രാമത്തിലെ പാവാടക്കാരിയിൽ നിന്നും ഇന്നത്തെ അധ്യാപികയിലേക്ക് നടന്നുതീർത്ത ദൂരങ്ങൾ വളരെ വലുതായിരുന്നു. എനിക്ക് 7 വയസ്സുള്ളപ്പോഴാണവിടെ ബസ് പോലും എത്തുന്നത്. കുഞ്ഞുവയസ്സിലേ അച്ഛനെ നഷ്ടപ്പെട്ട എന്റെ എല്ലാം അമ്മയായിരുന്നു. അമ്മ വളരെ ബോൾഡ് ആയിരുന്നു. ഇരുപത്തിമൂന്നാം വയസ്സിൽ മനോരമയിൽ പത്രപ്രവർത്തകയായി ചേർന്നതോടെ അതുവരെയുള്ള ജീവിതത്തിന് സ്ഥലം മാറ്റമായി. ചുരുക്കം പറഞ്ഞാൽ അതിൽപ്പിന്നെ ഒരു ബസ്സിൽ പോലും കയറാൻ പറ്റിയിട്ടില്ല. നൊസ്റ്റാൾജിയ ആണോ എന്ന് ചോദിച്ചാൽ അല്ല. ബസ്സിൽ യാത്രചെയ്യുന്നത് എനിക്ക് ഇഷ്ടമാണ്.

അക്ഷരക്കേളി

ആദ്യമായി ഒരു നോവലെഴുത്ത് തുടങ്ങിയെന്ന വിശേഷവും ഈ കൊറോണ കാലത്ത് സംഭവിച്ചു. ജോലിയും യാത്രയുമെല്ലാം വീട്ടകങ്ങളിൽ മാത്രമായപ്പോൾ ഞാനെഴുത്തിലും വായനയിലും കൂടുതൽ ശ്രദ്ധിച്ചു. ലോകം മുഴുവൻ മഹാമാരിയിലാണെന്ന ആകുലത ഉള്ളിൽ വച്ചുകൊണ്ടുതന്നെ.

## ലോക്ക്ഡൗൺ കാലം

യാതൊരു മുന്നൊരുക്കങ്ങളുമില്ലാതെ കുറേദിവസങ്ങളെ കൈയിലേക്ക് ഇട്ടുതന്നു. കുറേ വായിച്ചു. ഉള്ളിൽ മടക്കി ഒതുക്കി വച്ചിരുന്ന എഴുത്തും ഉറക്കവും അലസതയുമെല്ലാം പൊടിതട്ടി പുറത്തെടുത്തു. മാതൃഭൂമി ആഴ്ചപ്പതിപ്പിൽ വന്ന 'അങ്കമാലിയിലെ മാങ്ങാക്കറിയും നിന്റെ അപ്പവും വീഞ്ഞും' എന്ന കഥ എഴുതിയത് ലോക്ക്ഡൗണിലെ ഏപ്രിൽ മാസത്തിലാണ്. അതുപോലെ എറെക്കാലമായി എല്ലാവരും ചോദിച്ചിരുന്ന നോവൽ എഴുത്തിലേക്ക് ഞാൻ കടന്നതും ഈ ലോക്ക്ഡൗണിലാണ്. 'അകലപ്പുഴ'യെന്ന നോവൽ രണ്ട് അധ്യായങ്ങളിൽ എത്തിനിൽക്കുന്നു

പത്തുപതിനഞ്ച് വർഷമായി ഞാൻ ആഗ്രഹിക്കുന്നുണ്ട് ഒരു നോവലെഴുതണമെന്ന്. പക്ഷേ, സാഹചര്യങ്ങൾ അനുകൂലമായിരുന്നില്ല. എല്ലാ എഴുത്തുകാരും ജീവിതത്തിൽ എപ്പോഴെങ്കിലും നിർബന്ധിതമായ മൗനങ്ങളിലേക്ക് പോകാറുണ്ട്. അത് തൊഴിൽ പരമാവാം, കുടുംബപരമാവാം, രാഷ്ട്രീയമാവാം.

സൗഹൃദങ്ങളെ ഏപ്പോഴും മാനിക്കുന്ന ഒരാളാണ് ഞാൻ. അടുത്തിടെ ഒരു സുഹൃത്ത് ചോദിച്ചു 'രേഖയ്ക്കൊരു ക്രൈം നോവലെഴുതിക്കൂടെ' എന്ന്. ഉള്ളിന്റെയുള്ളിൽ ഞാനൊരു തന്നിഷ്ടക്കാരിയാണ്. എന്തുകൊണ്ട് എനിക്ക് പാടില്ലയെന്ന ഒറ്റത്തോന്നലിൽ നിന്നും ഞാൻ ക്രൈം നോവൽ എഴുത്തിലേക്ക് കടന്നു. ഇപ്പോൾ അതും നടന്നുകൊണ്ടിരിക്കുന്നു.

## എഴുത്തിലെ രേഖാംശം

വേദനയാണ് എഴുത്തിന്റെ ഹേതു. അതുകൊണ്ടുതന്നെ ആവലാതിക്കാരാണ് എന്റെ കഥാപാത്രങ്ങളിൽ അധികവും. എന്റെ മിക്കകഥാപാത്രങ്ങളും രണ്ടക്ഷര പേരുകാരാണ്. അവസാനമെത്തിയ ശ്രീജയെ പോലെ. ചുറ്റുവട്ടങ്ങളെ, അനുഭവങ്ങളെയൊക്കെ കഥയാക്കാൻ വേണ്ടി

വേദനയാണ് എഴുത്തിന്റെ ഹേതു. അതുകൊണ്ടുതന്നെ ആവലാതിക്കാരാണ് എന്റെ കഥാപാത്രങ്ങളിൽ അധികവും. എന്റെ മിക്കകഥാപാത്രങ്ങളും രണ്ടക്ഷര പേരുകാരാണ്. അവസാനമെത്തിയ ശ്രീജയെ പോലെ. ചുറ്റുവട്ടങ്ങളെ, അനുഭവങ്ങളെയൊക്കെ കഥയാക്കാൻ വേണ്ടി ഞാൻ കുട്ടിവയ്ക്കാറുണ്ട്.



ഞാൻ കൂട്ടിവയ്ക്കാറുണ്ട്. പക്ഷേ, ചിലപ്പോഴെക്കെ മാത്രമെ അത് സംഭവിക്കാറുള്ളു. എനിക്ക് പതിനെട്ട് വയസ്സുള്ളപ്പോൾ ഒരിക്കൽ ഞാൻ ആലുവയിലെ ഒരു ബന്ധുവീട്ടിൽ പോയപ്പോഴാണ് അയാളെ ആദ്യമായി കണ്ടത്. വീടിന്റെ മുന്നിലൂടെ അലസമായി സൈക്കിൾ ചവിട്ടി പോകുന്ന ഒരു അലസ മനുഷ്യൻ. ബന്ധുക്കളിൽ ആരോ പറഞ്ഞു ആ നാട്ടിൽ ആദ്യമായി ബെൻസ് കാർ വാങ്ങിയ ആളാണ് മുന്നിലൂടെ പോയത്. അത്രയും സമ്പന്നനായിരുന്നു ആ മനുഷ്യൻ. സിനിമാ മോഹം തലയ്ക്കുപിടിച്ച് മദിരാശിക്ക് പോയത്രെ. ശ്രീവിദ്യയോടുള്ള അടക്കാനാവാത്ത പ്രണയം മൂലമാണ് അയാൾ സിനിമ പിടിക്കാൻ ഇറങ്ങിത്തിരിച്ചത്. കാലം അയാളെ ഒന്നുമില്ലാത്തവനാക്കി മാറ്റി. പതിനഞ്ചുവർഷം കഴിഞ്ഞാണ് ഈ സംഭവം ഞാൻ കഥയാക്കിയെഴുതിയത്. 'മാനം നോക്കി സഞ്ചാര'മെന്ന പേരിൽ.

ഞാനെഴുതി തുടങ്ങുന്നത് മാതൃഭൂമി ആഴ്ചപ്പതിപ്പിലെ ബാലപംക്തിയിലാണ്. പത്രപ്രവർത്തനം പഠിച്ചപ്പോൾ എഡിറ്റിംഗ് ഒരു വിഷയമായി ഉണ്ടായിരുന്നെങ്കിലും കുഞ്ഞുണ്ണി മാഷാണ് എന്റെ എഡിറ്റിങ്ങിലെ യഥാർഥ ഗുരു. അന്നൊക്കെ പത്ത് പേജിലുള്ള വലിയ കഥകളായി എഴുതിഅയയ്ക്കും. മാഷ് അത് വെട്ടിച്ചുരുക്കി തിരിച്ചയച്ചുതരും. വീണ്ടും ഞാൻ അയച്ചുകൊടുക്കും. ഇങ്ങനെയിങ്ങനെ കഥയെഴുത്തിലെ വാക്കുകൾ, എഡിറ്റിങ്ങ് ഒക്കെ ഞാൻ പഠിച്ചത് മാഷിൽ നിന്നാണ്. പിന്നീട് പത്രപ്രവർത്തനത്തിൽ ഇതെന്നെ ഏറെ സഹായിച്ചിട്ടുണ്ട്.

നീണ്ട ഇടവേളയ്ക്ക് ശേഷം 1994ൽ കോളേജ് വിദ്യാർഥികൾക്കായി സംഘടിപ്പിച്ച സാഹിത്യമത്സരത്തിൽ മൃതി വൃത്തം എന്ന കഥയ്ക്ക് എനിക്ക് സമ്മാനം ലഭിച്ചു. സുഭാഷ് ചന്ദ്രന്റെ ഘടികാരങ്ങൾ നിലയ്ക്കുന്ന സമയത്തിനാണ് അന്ന് ഒന്നാം സമ്മാനം. ഇപ്പോൾ ഇരുപത്തിയഞ്ച് കൊല്ലം കഴിഞ്ഞു. അന്ന് കഥയെഴുതുമ്പോഴുള്ള അതേ ആശങ്ക ഇന്നുമെനിക്കുണ്ട്. കഥയെഴുത്തിന് ഇരിക്കുമ്പോൾ കഥയുടെ തുടക്കവും ഒടുക്കവും എനിക്ക് കൃത്യമായി മനസ്സിലുണ്ടാവും. പക്ഷേ, ഇടയിലുള്ള ദൂരങ്ങൾ എന്നെ ഒരുപാട് അമ്പരപ്പിക്കാറുണ്ട്. ശരിക്കുമൊരു കടൽയാത്ര പോലെയാണത്. കടലിലേക്കിറങ്ങുന്ന വള്ളം തിരിച്ചെത്തുമെന്ന് നമ്മൾക്കറിയാം. ഇടയിലുള്ള കടൽദൂരങ്ങളിൽ ആ തോണി എവിടെയെല്ലാം പോകുമെന്ന് നമുക്ക് ഉറപ്പിക്കാനാവില്ലല്ലോ. കഥയെഴുത്തിലും എനിക്ക് എപ്പോഴും ഇങ്ങനെ തോന്നാറുണ്ട്.

## ജീവരേഖ

പത്രക്കാരിയായി ടീച്ചറായതാണ് ഞാൻ. ഒരിക്കലും തോൽവി സമ്മതിക്കാത്ത ഒരമ്മയുടെ മകളാണ് ഞാൻ. എന്റെ അമ്മയും ടീച്ചറായിരുന്നു. നാട്ടിൻപുറത്തെ ഒരു എൽ.പി.സ്കൂൾ അധ്യാപിക. പത്രക്കാലം എനിക്കുതന്നത് ഒരുപാട് നേരനുഭവങ്ങളായിരുന്നു. എന്നാൽ ടീച്ചറായപ്പോൾ എന്നിലെ യുവത്വം തിരിച്ചുവന്നു. ഇന്നത്തെ യുവതയ്ക്ക് ഒപ്പം പിടിച്ചു നിൽക്കണ്ടേ. ഞാനും കുറച്ചുകൂടി അപ്ഡേറ്റഡായി. പുതിയ



തലമുറയുമായുള്ള നേരിട്ടുള്ള ഇടപഴകൽ സന്തോഷം തരുന്നുണ്ട്. കേരള യൂണിവേഴ്സിറ്റിയുടെ കീഴിൽ മലയാളം അധ്യാപികയായി ഇത് മൂന്നാം വർഷമാണ്.

ടീച്ചിംഗ് എപ്പോഴും ചെറുപ്പത്തിന്റെ കലയാണ്. കഥാകാരിയായതുകൊണ്ടാവാം കുട്ടികൾ വളരെ അടുപ്പത്തോടെയാണ് പെരുമാറുന്നത്. നമ്മളെപ്പോഴും ചെറുപ്പുത്തിലേക്ക് ഇറങ്ങിനിന്നുകൊണ്ട് വേണം കുട്ടികളോട് സംവദിക്കാൻ. തിരിച്ചും അതേ സ്നേഹതീവ്രത അവർ നമുക്കും തരും.




## പത്രരേഖ

എന്നിലെ എഴുത്തുകാരിയെ ചേർത്തു നിർത്താൻ വേണ്ടിയാണ് ഞാൻ ജേർണലിസം പ്രൊഫഷനാക്കിയത്. ജോലിയുടെ ഭാഗമായി ഒരുപാട് യാത്രകൾ വേണ്ടിവരാറുണ്ട്. നല്ലതും ചീത്തയുമായ ഒരുപാട് അനുഭവങ്ങൾ മുന്നിലുണ്ട്. അവ തന്ന ചില നോവുകളും വേവുകളും ഇപ്പോഴും പുറത്തേക്ക് എടുത്തിട്ടില്ല. ഒരിക്കൽ മധ്യതിരുവിതാംകൂറിലെ ഒരു അനാഥാലയത്തിൽ ഫീച്ചറിനുവേണ്ടി പോയതായിരുന്നു ഞാൻ. അവിടെ എല്ലാവരോടും കളിച്ചു ചിരിച്ചു നടക്കുന്ന ഒരു പെൺകുട്ടിയെ കണ്ടു. ഒരു പത്രക്കാരിയുടെ കൂർമബുദ്ധിയിൽ കുത്തിക്കുത്തി ചോദിച്ചപ്പോഴാണ് അറിഞ്ഞത്. സ്വന്തം അച്ഛനാൽ ഗർഭിണിയായ പെൺകുട്ടിയുടെ മകൾ ആണെന്ന്. കുറേനേരത്തേക്ക് തീക്കട്ട വിഴുങ്ങിയ പോലെയായി ഞാൻ. കുട്ടികളെ കുറിച്ച് പരമ്പര എഴുതി തീർന്നെങ്കിലും ആ പെൺകുട്ടിയുടെ ചിരി ഇപ്പോഴും എന്റെയുള്ളിൽ ദഹിക്കാതെ കിടക്കുന്നുണ്ട്.

പത്രം ഓഫീസിലേക്ക് ഒരിക്കൽ ഒരു നട്ടുച്ച വെയിലിൽ വിയർത്തൊലിച്ച് ആവലാതിക്കാരിയായ ഒരു സ്ത്രീ കടന്നുവന്നു. സ്വന്തം കിഡ്നി വിൽക്കാൻ എന്ന അപേക്ഷയുമായി. എനിക്കന്ന് ഡസ്കിലായിരുന്നു ഡ്യൂട്ടി. ന്യൂസ് എഡിറ്റർ അവരെ എന്റെ അടുത്തേക്ക് പറഞ്ഞുവിട്ടു. എന്തൊക്കെയോ പറഞ്ഞ് ആശ്വസിപ്പിച്ച് ഞാൻ അവരെ തിരിച്ചയച്ചു. ഇടയ്ക്ക് വിളിക്കാമെന്ന് പറഞ്ഞു നമ്പർ വാങ്ങുകയും ചെയ്തു. പക്ഷേ, കാലമിത്ര കഴിഞ്ഞിട്ടും ഞാൻ ആ നമ്പറിലേക്ക് വിളിച്ചതേയില്ല. ലേഡി കിഡ്നിയെന്ന പേരിലാണ് ആ നമ്പർ സേവ് ചെയ്തിട്ടുള്ളത്. അവർ കിഡ്നി വിറ്റുവോ, അതോ ജീവനോടെയുണ്ടോയെന്ന് ഇതുവരെയും എനിക്ക് അറിയില്ല. ഇടയ്ക്കിടെ ആ നമ്പറിന്റെ വാട്ട്സാപ്പ് സ്റ്റാറ്റസിൽ ചിത്രങ്ങളും എഴുത്തുകളും കാണുമ്പോൾ അവർ ജീവനോടെയുണ്ടെന്ന് വെറുതെ ഞാൻ ഉറപ്പിക്കും.

## ലൈവ് രേഖ

ജീവിതത്തിലും സോഷ്യൽ മീഡിയയിലും ഞാൻ സജീവമാണ്. സൗഹൃദങ്ങളിലും. പഴയ പോലെയല്ലല്ലോ. ഒരു കഥയെഴുതിയാൽ അതിന്റെ ഫീഡ്ബാക്ക് നമുക്ക് വളരെ വേഗം കിട്ടും. ഇപ്പോൾ 'അങ്കമാലിയിലെ മാങ്ങാക്കറി' കഥ വന്ന അന്ന് ഞാൻ കോളേജിൽ എത്തുന്നതിന് മുമ്പ് ഫോണിൽ തുരുതുരാ മെസേജുകൾ വന്നുതുടങ്ങി. വിമർശനങ്ങളും കിട്ടാറുണ്ട്. ചിലപ്പോൾ നമ്മൾ പോലും ഉദ്ദേശിക്കാത്ത തരത്തിൽ കഥയെ ചിലർ വ്യാഖ്യാനിക്കാറുണ്ട്. പത്രത്തിൽ ആയിരുന്നപ്പോൾ എന്നും സമദൂരസിദ്ധാന്തത്തിലായിരുന്നു ഞാൻ. ഉള്ളിന്റെയുള്ളിൽ എനിക്ക് വ്യക്തമായ പൊളിറ്റിക്സ് ഉണ്ട്. സ്വതന്ത്ര പത്രമായതിനാൽ നമുക്ക് നമ്മുടെ രാഷ്ട്രീയം പ്രകടിപ്പിക്കാനാവില്ലല്ലോ. പിന്നെ കോളേജ് അധ്യാപികയായപ്പോൾ ഞാൻ വിചാരിച്ചു നമ്മുടെ പക്ഷം ഉയർത്തിക്കാട്ടാൻ പറ്റുമെന്ന്. പക്ഷേ, അവിടെയും പല വിദ്യാർഥി പ്രസ്ഥാനങ്ങളുടെയും അമരക്കാർ നമുക്ക് തുല്യരായ വിദ്യാർഥികളാണ്. അതുകൊണ്ട് സമദൂരം തന്നെ അവിടെയും.

ജീവിതത്തിലെ ഏറ്റവും മനോഹരമായ കാര്യങ്ങളിലൊന്നാണ് പ്രണയം. പ്രണയമില്ലാത്ത മനുഷ്യരുടെ കണ്ണുകൾ വരണ്ടതായിരിക്കും. നിന്നിൽ ചാരുന്ന നേരത്ത് എഴുതിപൂക്കുന്ന ഒരുപാട് കഥകളും നോവലുകളും ഒക്കെ ഉഴുതുമറിക്കുന്ന ഒരു പാവം മനസ്സല്ലേ എന്റേതെന്ന് ഉറക്കെ പറയുന്ന വികാരജീവിയും ബുദ്ധിജീവിയും ഈ പേനത്തുമ്പിൽ ഉറങ്ങിയുണരുന്നുണ്ട്. നീ ബാക്കിവച്ചുപോയ കിനാക്കളിലല്ലേ ഞാൻ എന്ന ഈണത്തിൽ. ◘

കവിത

ആര്യാഗോപി



# ഒറ്റമുഖം



അനക്കമറ്റ ദിവസം
തടവിലായ സമയം
നിഴലുപൂത്ത മുറിയിൽ
തനിച്ചിരിക്കുവതാര്?

ഇരുളുവീണ ചിരിയിൽ
നിറമടർന്ന ചുവരിൽ
സ്ഥിരമൊരൊറ്റ മുഖമായ്
തുറിച്ചുനോക്കുവതാര്?

മരച്ചിരുന്നു മടുത്ത്
ഉറച്ചിരുന്നു രസിച്ച്
ഉരച്ചതെന്തെന്നറിയാൻ
ഒരുത്തനുണ്ടോ, ഉലകിൽ?

നിസ്സംഗജീവിതവേഷം
അഴിച്ചുവെയ്ക്കാതുഴറി
സ്വയം മറന്നവനാണോ?
അകം ഭയന്നവനാണോ?

ഉടഞ്ഞ കുമിളപ്പൊട്ടായ്
ഒഴുക്കുകാണാതൊരുവൻ
ചമഞ്ഞിരിക്കുകയാണോ?
തപസ്സിരിക്കുകയാണോ?

ഋതുക്കളിവനെ തീണ്ടാ-
തൊളിച്ചുമായുകയാണോ?
ഒരൊറ്റ മുദ്രയിലെല്ലാം
ഒതുക്കി വയ്ക്കുകയാണോ?

മൃതിക്കറുപ്പിലുദിച്ച്
പ്രപഞ്ചസൂര്യപടത്തിൽ
ലയിച്ചതാരെന്നറിയാൻ
കൊളുത്തിവയ്ക്കുക പ്രാണൻ! ◘

കവിത

രോഷ്നിസ്വപ്ന



# ഒൺ ബീ

ഇന്നലെ ഒന്ന് ബി യിൽ നിന്ന് എന്നെ ഇറക്കിവിട്ടു
നീണ്ട വരാന്ത കടന്ന്
ഒരു കാറ്റ് ഉരുണ്ട് പോയി
നിറമില്ലാത്ത ഒരു പൂവ്
ചെടിയിൽ നിന്നടർന്നു പോയി
എത്ര തിരിഞ്ഞു നോക്കിയിട്ടും
'ഇങ്ങോട്ടു തന്നെ പോരേ'എന്ന്
ആരും പറഞ്ഞില്ല
പാടിയ പാട്ടുകൾ മിണ്ടാട്ടം മുട്ടി നിന്നു
നാരങ്ങാമിട്ടായികൾ
'അലിഞ്ഞത് മതി' എന്ന് പറഞ്ഞു.

പഴയ പാഠപുസ്തകത്തെ  കുറിച്ച്
കവിത എഴുതി
ആ ഓർമയിൽ
കുന്നിന്റെ  അറ്റത്തിരുന്ന്
ആകാശം കാണുന്ന കിളിയെ കണ്ടു
ഞാൻ ഒരിക്കലും കാണുമെന്നു കരുതിയിട്ടില്ലാത്ത
ആകാശം
കിളി
മിണ്ടാതിരുന്ന് കാണുന്നു



എഴുതിയപ്പോൾ ആണ്
ഒന്നുകൂടി വെട്ടിച്ചെറുതാക്കാം എന്ന് തോ
ന്നിയത്
വെട്ടി...എഴുതി...തിരുത്തി...കുറച്ചു...

നോക്കുമ്പോൾ അതാ
മുളയ്ക്കുകയെ ഇല്ലെന്നു ഞാൻ കരുതിയ
ഒരു ചെറുമുള
കവിതയിൽ നിന്നുണർന്നു നോക്കുന്നു.

ഒരിക്കലും നടന്നെത്തില്ല
എന്ന് കരുതിയിരുന്ന ഒരു കുന്ന്
ഇന്നലെ ഞാൻ ഇടിച്ചു നിരത്തി

ചുറ്റും നടന്നു,
ഓടി, കിതച്ചു
ഓരോ തരി മണ്ണും പരസ്പരം കെട്ടിപ്പിടിച്ചു

ഇവിടെ ഒരു കുന്നേ ഉണ്ടായിരുന്നില്ലെന്ന്
പറയുമെന്നു തോന്നി
സന്തോഷിച്ചു

അതും പോരാഞ്ഞു
കുറേ കുഴികൾ കുഴിക്കാം എന്നുവച്ചു.

കുറേ നഗരങ്ങൾ കുഴിച്ചെടുത്തു
കുറേ തെരുവുകൾ
കുറേ ഗ്രാമങ്ങൾ...
നദികൾ...

കുട്ടികൾ മറന്നുവച്ച കൊത്തംകല്ലുകൾ
സ്ഥാനം മാറാതെ
മിണ്ടാതെ നിൽക്കുന്നത് കണ്ടു.

എല്ലാവരും ഒളിച്ചു പോയിടത്തേക്ക്
വിരൽചൂണ്ടി
ഒരു കാറ്റ് അടർന്നു പോയി
വരണ്ടുപോയ ആ നദിയിൽ
ഞാൻ മുഖം നോക്കി
കണ്ണുകളും മൂക്കും വായും നഷ്ടപ്പെട്ട
ഒരു ശൂന്യത കണ്ടു

പതുക്കെ പതുക്കെ
ഒരു ലോകം അപ്രത്യക്ഷമായി
തെരുവുകൾ...
ഇടുങ്ങിയ വഴികൾ...
ഏകാകികളായ പട്ടികൾ...
അനാഥരായ കുട്ടികൾ...
വെളിച്ചം നഗ്നമാക്കിയ അങ്ങാടികൾ...
ഒളിച്ചുവച്ച കണ്ണാടികൾ...
കെട്ടിടങ്ങളിൽ അകപ്പെട്ട പൂമ്പാറ്റകൾ
വെളുത്ത ഞരമ്പുകൾ ഉള്ള പൂക്കൾ...

ഗ്രൂപ്പ് ഫോട്ടോയിൽ നിന്ന്
ഒരാൾ പതുക്കെ മാറിനിന്നു
ആരോ എന്റെ പേര് വിളിച്ചു

പ്രച്ഛന്നവേഷ മത്സരത്തിന്റെ
നിര നീണ്ടു കിടപ്പായിരുന്നല്ലോ

തിരിഞ്ഞു നോക്കിയപ്പോൾ
വേറെ ഒരാൾ
ചെന്നപ്പോൾ
എന്നെപ്പോലെ തന്നെ മറ്റൊരാൾ
വിളിച്ചത് ഒരാൾ
വിളി കേട്ടത് ഞാൻ
ചെന്നത് മറ്റൊരു ഞാൻ. ◘



കബിത മുഖോപാധ്യായ/ഷൈമി.ഇ.പി



Prabhakaran is in his last days...

അരികു ജീവിതങ്ങളെ ക്യാൻവാസിൽ അടയാളപ്പെടുത്തിയ ചിത്രകാരന്റെ അവസാന നാളുകളിലൊന്നിൽ കബിത മുഖോപാധ്യായ എന്നോട് പറഞ്ഞു.

വരാനിരിക്കുന്ന ശൂന്യതയുടെ ആഴം ആ വാക്കുകളിലുണ്ടായിരുന്നു.

ഇന്ന് പ്രഭാകരനില്ല.

പ്രഭാകരന്റെ അസാന്നിധ്യം ഉണ്ടാക്കിയ ഏകാന്തതയെ തുടർച്ചയായി ചിത്രം വരച്ച് കബിത അതിജീവിക്കുന്നു. ഇരുപത്തിയൊന്ന് വർഷം മുമ്പാണ് പ്രഭാകരന്റെ 'ചിത്രസഖിയായി' കബിത കേരളത്തിലെത്തിയത്. ശാന്തിനികേതനിലെ ചിത്ര കലാ പഠനത്തിനും, ചിത്രങ്ങളുമായും ചിത്രം വരച്ചും ഇന്ത്യ ചുറ്റിയുള്ള യാത്രയ്ക്കും ശേഷമായിരുന്നു ഇരുവരും കോഴിക്കോട്ടെ സ്ഥിരതാമസക്കാരായത്. നിലവിലെ ചിത്രഭാഷയെക്കുറിച്ചും ചിത്രങ്ങളിലൂടെ സ്വയമറിയാൻ നടത്തുന്ന അന്വേഷണങ്ങളെക്കുറിച്ചും കബിത സംസാരിക്കുന്നു.

# ശൂന്യതയെ മറികടക്കാൻ ചിത്രംവരയ്ക്കുന്നു

**കബിത മുഖോപാധ്യായ**



## പ്രഭാകരനില്ല... ഇനി ഒറ്റയ്ക്ക്

ഇന്ത്യയിലെ തന്നെ മികച്ച ഫിഗറേറ്റീവ് ചിത്രകാരിൽ ഒരാളായിരുന്നു പ്രഭാകരൻ. അരികുവൽക്കരിക്കപ്പെട്ട മനുഷ്യരായിരുന്നു പ്രഭാകരന്റെ വരകളിൽ നിറഞ്ഞത്. കലയിലും ജീവിതത്തിലും എന്റെ നല്ലപാതി. പ്രഭാകരനില്ലാത്ത കേരളം, പ്രഭാകരനില്ലാത്ത കോഴിക്കോട്, എന്റെ വീട് എല്ലാം ദുഷ്കരം തന്നെയായിരിക്കും. 25 വർഷം മുമ്പ് പ്രഭാകരന്റെ കൂടെ ജീവിക്കാൻ തുടങ്ങിയതിനുശേഷം അടുപ്പിച്ച് അഞ്ച് ദിവസം പോലും ഞങ്ങൾ വിട്ടുനിന്നിട്ടില്ല. പ്രഭാകരൻ പോയിട്ട് ഇപ്പോൾ അഞ്ച് മാസം ആവാറായി. ഇവിടെ പ്രഭാകരന്റെ സാന്നിധ്യം കൂടിക്കൂടി വരുന്നു. ഒരു മേശപോലെ, എന്റെ ബ്രഷ് പോലെ, മുറ്റത്തെത്തുന്ന ചെറിയ വെളിച്ചമായി പ്രഭാകരൻ ഇവിടെ



ത്തന്നെയുണ്ട്. എനിക്ക് അസാന്നിധ്യം ഫീൽ ചെയ്യുന്നില്ല. ഇവിടം വിട്ട് പോയാൽ ഒരുപക്ഷേ, എന്നെയത് വേട്ടയാടാം.

കുട്ടികൾ കൃഷ്ണയും നിരഞ്ജനയും വരയ്ക്കുന്നുണ്ട്. താറാവുകുട്ടികൾ തനിയെ നീന്താൻ പഠിക്കുന്നതുപോലെ ഇരുവരും സ്വാഭാവികമായാണ് വരയിലേയ്ക്കെത്തിയത്. പിന്നെ മാസ്റ്റേഴ്സിന്റെ ഒരുപാട് പുസ്തകങ്ങൾ ഇവിടെയുണ്ട്. അവയെല്ലാം അവരെ വര പഠിപ്പിക്കുന്നു.

## വരകളിലൂടെയുള്ള അതിജീവനം

1957–58 കാലഘട്ടത്തിൽ രാഷ്ട്രീയമായി വളരെ അസ്വസ്ഥമായിരുന്നു വെസ്റ്റ് ബംഗാളിലെ ഹലിസഹർ എന്ന എന്റെ ഗ്രാമം. മാർക്സിസ്റ്റ് പാർട്ടി അധികാരത്തിലെത്തിയശേഷമാണ് ഈയൊരരക്ഷിതാവസ്ഥയിൽ നിന്ന് മാറ്റം വന്നത്. ഇപ്പോൾ വീണ്ടും പഴയ സ്ഥിതിയിലായല്ലോ. അന്നൊക്കെ ഞാനും അമ്മയുമായിരിക്കും വീട്ടിലു



ണ്ടാവുക. കറണ്ടൊന്നും കിട്ടിയിട്ടില്ല. അതുകൊണ്ടുതന്നെ എനിക്ക് പേടിയായിരുന്നു. വല്ലാത്ത ഏകാന്തതയായിരുന്നു അന്ന്. ആ ഒരു തീവ്രതയിൽ പിന്നീടിതുവരെ ഞാൻ ഏകാന്തത അനുഭവിച്ചിട്ടില്ല. ചിത്രം വരച്ചു തുടങ്ങിയാൽ മനസ്സ് പൂർണമായും അതിൽ മുഴുകും, മറ്റൊന്നും അറിയുകയില്ല. അത് എന്നിലെ പേടിയെ എടുത്തുകളയും. ചുമരിൽ വന്നുപതിക്കുന്ന വിളക്കിന്റെ വെളിച്ചവും അവിടെ നിന്നു വരയ്ക്കുന്ന എന്നെയും ഒരു മങ്ങിയ ചിത്രം പോലെ ഇന്നും ഓർക്കുന്നു. ചിത്രംവര പേടിയെ ഇല്ലാതാക്കുന്നതായി ഞാൻ തിരിച്ചറിയുകയായിരുന്നു.

ആളുകളെ ഇല്ലാതാക്കുന്നതും ഉപദ്രവിക്കുന്നതും അമ്പതുകളിലെ സ്ഥിരം സംഭവമായിരുന്നു. അമ്മയ്ക്കും പേടിയായിരുന്നു. രാത്രി വലിയ നിലവിളി കേൾക്കും. പിറകെ കുറുക്കന്റെയും നായുടെയും ഓരിയിടൽ. മുറിവേറ്റവരെയോ മരിച്ചവരെയോ എടുത്തുകൊണ്ട് ആളുകൾ ഹോസ്പിറ്റലിലേക്ക് പായുന്നു. പേടി എന്നെ വരിഞ്ഞുമുറുക്കുകയാണ്. ചുമരിൽ ചാർക്കോൾ കൊണ്ട് നിലവിളിക്കുന്ന ആ മനുഷ്യനെ വരച്ചു. പേടിയിൽ നിന്ന് ഞാൻ രക്ഷപ്പെടുകയായിരുന്നു. റിയാലിറ്റിയിൽ നിന്നുള്ള ഒളിച്ചോടലല്ല. റിയാലിറ്റിയുടെ മറ്റൊരു ഡയമെൻഷൻ കണ്ടെത്തുകയാണ്. എന്റെ ചിന്തകളുടെ അടയാളപ്പെടുത്തലുകളാണ് ആ ചുമരിലുള്ളത്. പ്രഭാകരൻ മരിച്ച സമയത്ത് ഇതേ തിയറിയാണ് ഞാൻ പ്രയോഗിച്ചത്. രാത്രി ഉറങ്ങാതെ ഒരുപാട് വരച്ചു. അവസ്ഥ തരണം ചെയ്യാൻ കുട്ടിക്കാലത്തെ അനുഭവം എന്നെ സഹായിച്ചു. എന്തിനു പേടിക്കണം, ഇതിനെ മറികടക്കാൻ സാധിക്കും എന്നെന്നോട് പറഞ്ഞുകൊണ്ടിരുന്നു. പ്രശ്നങ്ങളെ തരണം ചെയ്യാനുള്ള എന്റെ രീതിയിലുള്ള ശ്രമം.

## വരയ്ക്കുപിന്നിൽ

ചിത്രം വരയ്ക്കാൻ എപ്പോഴും ഒരു നല്ല വിദ്യാർഥിയുടെ മനസ്സ് വേണം. ഏതു മാധ്യമം മനസ്സിനെ പ്രദർശിപ്പിക്കാൻ/വരയ്ക്കാൻ തെരഞ്ഞെടുക്കണം എന്നത് മുൻകൂട്ടി തീരുമാനിക്കേണ്ടതല്ല. ആ ചിത്രത്തിന്റെ സ്വഭാവമാണ് മാധ്യമത്തെ നിർണയിക്കുന്നത്. മുൻകൂട്ടി തീരുമാനിച്ചിട്ട് വരയ്ക്കാനിരുന്നാൽ അതൊരു ബർഡൻ ആകും. വിൽപ്പനക്കാരന്റെ വടി എനിക്കുമുന്നിലില്ലാത്തതുകൊണ്ട് വരയിൽ ഞാൻ സ്വതന്ത്രയാണ്.

ഷൂ വരയ്ക്കുമ്പോൾ ഒരു ഷോപ്പിലെ അലമാരയിലിരിക്കുന്ന ഷൂ അല്ല വരയ്ക്കുന്നത്. ആ ഷൂവിന്റെ ചരിത്രം കൂടി ചിത്രത്തിലുണ്ടാവണം. അതാരാണ് ഉപയോഗിച്ചത് എന്ന് സൂചിപ്പിക്കുന്ന ഒരു അടയാളമെങ്കിലും ഷൂവിലുണ്ടാവണം. ഒരു പോർട്രെയിറ്റ് വരയ്ക്കുമ്പോൾ അയാളുടെ ചിത്രം മാത്രമല്ല, വികാരങ്ങളുടെ ഒരു ബണ്ടിൽ കൂടി അതിൽ ഉൾപ്പെടണം. ജ്യാമിതീയ രൂപങ്ങളല്ല (geometry) എനിക്ക് പോർട്രെയിറ്റ്. ജീവിതത്തിൽ അയാളെന്തായിരുന്നു, എങ്ങനെ ഇവിടം വരെയെത്തി എന്നുകൂടി ആ ചിത്രം പറയണം. എങ്കിലേ അതൊരു മികച്ച പോർട്രെയിറ്റ് ആവൂ. ഏരിയൽ വ്യൂ മാത്രമല്ല ലാൻഡ്സ്കേപ്പ്. അവിടെയും ഇതേ ഇമോഷൻസ് വേണം.

## ചിത്രരചന സാധാരണക്കാരോട് സംവദിക്കുന്നു?

ഒരിക്കൽ ഒരു വലിയ എക്സിബിഷനിൽ വച്ച് പിക്കാസോയോട് നിങ്ങളുടെ പെയിന്റിംഗ് എനിക്ക് മനസിലായില്ല എന്ന് ഒരു സ്ത്രീ പറഞ്ഞു. നിങ്ങൾക്ക് സ്പാനിഷ് അറിയുമോ എന്ന് പിക്കാസോ തിരിച്ചു ചോദിച്ചു. ഇല്ല എന്ന് അവർ മറുപടി പറഞ്ഞു. എങ്കിൽ സ്പാനിഷ് പഠിച്ചുവരൂ അപ്പോൾ നിങ്ങൾക്ക് ആ ഭാഷ മനസിലാവും എന്നായിരുന്നു പിക്കാസോയുടെ മറുപടി.

ഒരു സാധാരണ മനുഷ്യൻ ഒരുപാട് ഇമേജുകളുമായിട്ട് ഫെമിലിയർ ആയിരിക്കും. അതുകൊ

ണ്ടുതന്നെ ഒരു പെയിന്റിംഗിൽ അയാൾക്ക് മനസിലാകുന്ന ഒരുപാട് ബിംബങ്ങളുണ്ടാവും. ഇത്തരം ചിത്രങ്ങൾ മനസിലാവില്ല എന്ന മുൻവിധിയോടെ അവയെ സമീപിച്ചാൽ മനസിലാവുകയില്ല. അവിടെ മാനസിക അകൽച്ച ഉണ്ടാവുന്നു. മറിച്ച്, ഫ്രീയായി അവയെ സമീപിച്ചു നോക്കൂ. അപ്പോൾ കാര്യങ്ങൾ നേരെ തിരിഞ്ഞുവരും. ഇത്തരം മുൻവിധികൾ കോർപ്പറേറ്റ് ലോകത്തിന്റെ സൃഷ്ടിയാണ്. കലയിൽ നിന്ന് സാധാരണക്കാരെ അകറ്റിനിർത്തുക എന്ന ഗൂഢഉദ്ദേശമാണ് ഇതിനു പിന്നിൽ. മനുഷ്യന്റെ സംസ്കാരവുമായി വളരെ അടുത്തുനിൽക്കുന്ന ഒന്നാണ് ചിത്രകലയുടെ ദൃശ്യഭാഷ. ആശയവിനിമയം ചെയ്യാൻ പറ്റാത്ത കല പിന്നെന്തിനാണ് സൃഷ്ടിക്കപ്പെടുന്നത്.

## വരയിൽ ഞാനെവിടെ നിൽക്കുന്നു

കലയെ പോസ്റ്റ് മോഡേൺ, മോഡേൺ എന്നിങ്ങനെ വേർതിരിച്ചു കാണുന്നത് നിരൂപകരും ചരിത്രകാരന്മാരുമാണ്. വരയ്ക്കുന്നവരല്ല. വിൻസെന്റ് വാൻഗോഗിന് അദ്ദേഹമൊരു പോസ്റ്റ് മോഡേൺ ചിത്രകാരനാണെന്ന് അറിയില്ലായിരുന്നു. മറ്റുള്ളവരാണ് ഇത്തരം പേരുകൾ നൽകി അവരെ ചില ചതുരങ്ങളിലൊതുക്കുന്നത്.

ഹൃദയത്തിൽ തോന്നുന്ന എക്സ്പ്രഷൻസ് ക്യാൻവാസിലേക്കാക്കുന്നതാണ് പെയിന്റിംഗ്. നിരൂപകൻ പറയുന്നത് അയാളുടെ കാഴ്ചപ്പാടും വിലയിരുത്തലുമാണ്. എന്റേതല്ല, എന്റെ മാതൃഭാഷ മനുഷ്യഭാഷയാണ്. കലയുടെ ഭാഷയാണ്. ഒരു കവിതയ്ക്ക് ഞാൻ വരയ്ക്കുമ്പോൾ അത് എന്റെ ഇമേജാണ്. എഴുത്തുകാരന്റേതല്ല.

## വാക്കുകൾ വരയാകുമ്പോൾ

നമ്പൂതിരിയും മദനനും ഭാഗ്യനാഥും പോലുള്ള അതികായരുടെ ലോകമാണ് സാഹിത്യ ചിത്രീകരണം. കേരളത്തിൽ എത്തിയശേഷം 2000 ൽ മാധ്യമത്തിൽ ആണ് വരച്ചുതുടങ്ങുന്നത്. എന്റെ ചിത്രങ്ങൾ ഫുൾപേജിൽ കളറിൽ വന്നുതുടങ്ങി. കണ്ടുശീലിച്ച ഇമേജുകളിൽ നിന്നുള്ള ഒരു വ്യത്യാസം വായനക്കാരെ ആകർഷിച്ചിരുന്നു. പല മാസികകളിലേക്കും വര വ്യാപിപ്പിക്കാനായി. എന്നാൽ, വ്യത്യസ്തമായ അനുഭവം ഒരു പ്രമുഖ മാധ്യമത്തിൽ നിന്നുണ്ടായി. വളരെ നല്ല ചിത്രങ്ങൾ പ്രസിദ്ധീകരിച്ചു വന്നിട്ടും അതിൽ ചിത്രകാരിയുടെ പേരില്ല. നല്ല പെയിന്റിംഗ് ആയിട്ടും പേരുകൊടുക്കാത്തതിനെ ചോദ്യം ചെയ്തു. അതിനുശേഷമാണ്





**ഞാനൊരു ചിത്രകാരിയായ അമ്മയാണ് (painter mother). എന്റെ ജൻഡർ, സ്ത്രീത്വം, എന്റെ ബ്രഷിലൂടെയും പെയിന്റിലൂടെയും നടത്തുന്ന ആശയവിനിമയം എന്റെ അസ്ഥിത്വത്തിന്റെ ഭാഗമാണ്. ജാതിയും സമ്പത്തും പുരുഷാധിപത്യവും അടക്കിവാഴുന്ന ഈ സമൂഹത്തിൽ ജീവിക്കാനുള്ള എന്റെ ഏകവഴിയാണ് പെയിന്റിംഗ്.**

ആ മാസികയിൽ ചിത്രകാരന്റെ/ചിത്രകാരിയുടെ പേര് അച്ചടിച്ചു തുടങ്ങിയത്. പലപ്പോഴും ചിത്രകാരന് അയാളുടെ അവകാശങ്ങൾ ചോദിച്ചു പോകേണ്ടിവരുന്നു.

കഥയുടെ /കവിതയുടെ നിലവാരത്തിനനുസരിച്ചായിരിക്കില്ല ചിത്രം വരയ്ക്കുന്നത്. അത് ആ സൃഷ്ടിയിലൂടെ പറയാനുദ്ദേശിച്ചതിനും അപ്പുറത്തെത്തും. ചിലപ്പോൾ തിരിച്ചുമാവാം. അതാണ് സാഹിത്യചിത്രീകരണത്തിന്റെ പ്രത്യേകത. ചന്ദ്രനെ വരയ്ക്കുമ്പോൾ നമ്മൾ ജീവിതത്തിൽ കണ്ട നല്ല ചന്ദ്രനെയൊക്കെ ഓർമയിൽ വരും. അതുപോലെയാണ് ചിത്രം വരയ്ക്കുമ്പോഴും മികച്ചത് പുറത്തെടുക്കാൻ ശ്രമിക്കും.

ബംഗാളിയായിട്ട് എന്തിനാണ് മലയാള കഥകൾക്ക് വരയ്ക്കാൻ നടക്കുന്നതെന്ന് പലരും എന്നോട് ചോദിച്ചിട്ടുണ്ട്. ഞാൻ വരയ്ക്കുന്നതിൽ പലരും അസ്വസ്ഥരാണെന്ന് എനിക്ക് മനസിലായി. എന്റെ ചിത്രങ്ങൾ മലയാളി വായനക്കാർ തുറന്ന ഹൃദയത്തോടെയാണ് സ്വീകരിക്കുന്നതെന്നെനിക്കറിയാം.

## നോർത്ത് 24 പർഗനാസ്

വെസ്റ്റ് ബംഗാളിലെ 24 പർഗനാസ് ജില്ലയിലെ ഹലിസഹറിലായിരുന്നു കുട്ടിക്കാലം. അച്ഛൻ ബിമൽ ജ്യോതി മുഖർജി ഒരു ഗവൺമെന്റ് ഹോസ്പിറ്റലിലെ ഡോക്ടറായിരുന്നു. അമ്മ കല്യാണി ടീച്ചറും.

ബംഗാളിൽ അന്ന് വികേന്ദ്രീകരണം വന്നിട്ടില്ല. എല്ലാത്തിനും കൊൽക്കത്തയിലേക്കുതന്നെപോകണം. ഹലിസഹർ സിറ്റിയിൽ നിന്ന് ഏകദേശം എട്ടുകിലോമീറ്റർ അകലെയായിരുന്നു. തുണിമില്ലെല്ലാം ഉള്ള ചെറിയ ഗ്രാമം. അവിടെ ആശുപത്രിയൊന്നും ഉണ്ടായിരുന്നില്ല. പപ്പ അവിടെ സൗജന്യമായി രോഗികളെ ചികിത്സിച്ചു. വീട്ടിൽ അദ്ദേഹത്തിന്റെ സാന്നിധ്യം കുറവായിരുന്നു. ഒഴിവുസമയത്ത് കൃഷി അദ്ദേഹത്തിന്റെ വിനോദമായിരുന്നു. അല്ലാത്തപ്പോൾ കിടപ്പിലായ രോഗികളെ വീട്ടിൽ സന്ദർശിക്കും.

കുട്ടിക്കാലത്ത് കുറച്ചുപേർ എന്നെ തട്ടിക്കൊണ്ടുപോയി. അച്ഛനുമായി ശത്രുതയുള്ളവർ അദ്ദേഹത്തെ പേടിപ്പിക്കാൻ വേണ്ടി ചെയ്തതായിരുന്നു. ഞാൻ കളിച്ചുകഴിഞ്ഞ് വൈകിട്ട് വീട്ടിലേക്കുവരികയായിരുന്നു. അയാളെ എനിക്കറിയാം. ബൈക്ക് നിർത്തി വേഗം കയറൂ വീട്ടിലിറക്കാം എന്നുപറഞ്ഞ് എന്നെ നിർബന്ധിച്ചുകയറ്റി. പശുത്തൊഴുത്തുപോലെ ഒരിടത്താണ് എന്നെ എത്തിച്ചത്. അവിടെ മറ്റൊരാൾ ഉണ്ടായിരുന്നു. അയാൾക്ക് ബീഹാറി മാത്രമേ അറിയൂ. ഞാൻ വെള്ളം ചോദിച്ചതുപോലും അയാൾക്ക് മനസിലായില്ല. ഞാനവിടെയിരുന്നു ഒരു കഷ്ണം ഇഷ്ടികയെടുത്ത് മൺകൂജയും ഗ്ലാസുമെല്ലാം വരയ്ക്കാൻ തുടങ്ങി. അങ്ങനെ അയാൾ എനിക്ക് വെള്ളമെത്തിച്ചുതന്നു. പല ഘട്ടങ്ങളിലും വര എന്നെ രക്ഷിച്ചിട്ടുണ്ട്. ചിത്രകലയെ മുറുകെ പിടിക്കാൻ എനിക്ക് കാരണങ്ങളേറെയായിരുന്നു.

ബംഗാളി മീഡിയം സ്കൂളിലാണ് ഞാൻ പഠിച്ചത്. നാടകം, ഡാൻസ്, പാട്ട് എല്ലാത്തിലും ആക്ടീവായിരുന്നു. സാമൂഹ്യമാറ്റത്തെക്കുറിച്ചും ജനാധിപത്യ അവകാശങ്ങളെക്കുറിച്ചും മനുഷ്യവകാശവും കമ്മ്യൂണിസവും എല്ലാം വീട്ടിലും ചർച്ചാവിഷയമായിരുന്നു. ഈ ആശയസംവാദങ്ങളുടെയെല്ലാം സ്വാധീനം കുട്ടിക്കാലം മുതലേ എന്നിലുണ്ട്.



**ഏതു മാധ്യമം വരയ്ക്കാൻ തെരഞ്ഞെടുക്കണം എന്നത് മുൻകൂട്ടി തീരുമാനിക്കേണ്ടതല്ല. ആ ചിത്രത്തിന്റെ സ്വഭാവമാണ് മാധ്യമത്തെ നിർണയിക്കുന്നത്. വിൽപ്പനക്കാരന്റെ വടി എനിക്കു മുന്നിലില്ലാത്തതുകൊണ്ട് വരയിൽ ഞാൻ സ്വതന്ത്രയാണ്.**

## എന്റെ ആദ്യ ഗുരു

പപ്പ രോഗികളെ കാണാൻ പോകുമ്പോൾ ചിലപ്പോൾ ഞാനും കൂടെ പോകും. അതിനിടയിലാണ് അദ്ദേഹത്തെ ഞാൻ കാണുന്നത്. കുറേ കുട്ടികളോടൊപ്പം ചുമരിൽ വരച്ചുകൊണ്ടിരിക്കുകയായിരുന്നു. ആരാണെന്ന് പപ്പയോട് ചോദിച്ചപ്പോൾ എന്നെയുംകൂട്ടി പരിചയപ്പെടാനായി പോയി.

കൊൽക്കത്തയിലെ ഇന്ത്യൻ ട്രാംഹൗസിൽ ജോലി ചെയ്യുന്ന ഒരു പെയിന്ററാണയാൾ. ശനിയാഴ്ചകളിൽ ഹലിസഹറിലുള്ള ബംഗ്ലാദേശ് കോളനിയിലെത്തും. അവിടെയുള്ള കുട്ടികൾക്ക് മിഠായിയും ഭക്ഷണവുമൊക്കെ നൽകി അവരെ കൂട്ടി അവിടെയുള്ള മതിലുകളിൽ രാവിലെ മുതൽ വൈകുന്നേരം വരെ ചിത്രം വരയ്ക്കും. എല്ലാ അവധി ദിവസങ്ങളിലും കോളനിയിലെത്തി നിരാലംബരും നിർധനരുമായ കുട്ടികളെ അവർ പോലുമറിയാതെ വരയുടെ വർണലോകത്തിലേക്ക് കൈപിടിച്ചെത്തിക്കുന്നു. എന്റെ താൽപ്പര്യം കണ്ടിട്ട് പപ്പ പറഞ്ഞു ഫ്രീയാകുമ്പോൾ വീട്ടിൽ വന്ന് മകളെ പഠിപ്പിക്കണമെന്ന്. അങ്ങനെ ഗോപിനാഥ് ദാസ് എന്റെ ആർട്ട് മാസ്റ്ററായി.

ഞാൻ അഞ്ചാം ക്ലാസിൽ പഠിക്കുമ്പോഴാണ്



അദ്ദേഹത്തിന്റെ കൂടെ ചേരുന്നത്. ശങ്കേഴ്സ് ഇന്റർനാഷണൽ കോംപറ്റീഷനിൽ പങ്കെടുക്കാൻ ഡൽഹിയിലേക്ക് പോകുന്നത് അതിനുശേഷമാണ്. ഗോപിനാഥ് സാറിന്റെ പതിനൊന്ന് കുട്ടികൾക്ക് അവിടെ ഗോൾഡ് മെഡൽ കിട്ടി. അതിൽ ഞാനുമുണ്ടായിരുന്നു. തോർത്തിനകത്ത് അവിലും ശർക്കരയുമെല്ലാം കെട്ടി ട്രെയിനിലായിരുന്നു ഡൽഹിയിലേക്കുള്ള യാത്ര. ആദ്യമത്സരം, യാത്ര എല്ലാം തീർത്തും ആസ്വദിച്ചു. തുടർച്ചയായി നാല് വർഷത്തോളം ഈ പരിപാടിയിൽ ഞങ്ങൾ പങ്കെടുത്തു.

അവിടെവച്ചാണ് കാർട്ടൂണിസ്റ്റ് ശങ്കറിനെ പരിചയപ്പെടുന്നത്. ഒരു ദിവസം മുഴുവനും അദ്ദേഹത്തോടൊപ്പം പെയിന്റ് ചെയ്യാൻ അവസരം കിട്ടുകയും ചെയ്തു. ഡൽഹിയിൽ ഒരുപാട് സ്ഥലങ്ങളിൽ പോയി. ഡോൾസ് മ്യൂസിയമൊക്കെ അപ്പോഴാണ് കാണുന്നത്. ഓർമയിൽ നിൽക്കുന്ന ദിവസങ്ങളാണവ. ടർക്കി, ബ്രിട്ടൺ, തായ്ലാന്റ്, അമേരിക്ക തുടങ്ങിയ വിവിധ രാജ്യങ്ങളിൽനിന്നുള്ള കുട്ടികൾ, വിവിധ ചിന്താഗതിക്കാരായ അവരുടെ രക്ഷിതാക്കൾ എനിക്കൊരു പുതിയ അനുഭവമായിരുന്നു. എല്ലാവരെയും ഒരുമിപ്പിക്കുന്നതിന്, ആശയവിനിമയത്തിന് ചിത്രം തന്നെ മതി.

## മാണിക് ദായും സന്ദേശും

സത്യജിത്ത് റായ്യുടെ മുത്തച്ഛൻ കുട്ടികൾക്കായി തുടങ്ങിയ മാസികയാണ് സന്ദേശ്. കുട്ടിക്കാലത്തുതന്നെ സന്ദേശ് മാസികയിൽ ഞാൻ വരച്ചു തുടങ്ങിയിരുന്നു. അന്ന് സത്യജിത്ത് റായ് അതിന്റെ എഡിറ്ററായിരുന്നു. മാണിക് ദാ എന്നാണ് ഞങ്ങൾ അദ്ദേഹത്തെ വിളിച്ചിരുന്നത്. എല്ലാ ലക്കങ്ങളിലും പ്രസിദ്ധീകരിക്കുന്ന എന്റെ കലാസൃഷ്ടി അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നു. പിന്നീട് ഞാനെന്തയച്ചാലും പ്രസിദ്ധീകരിച്ചുവരുന്ന സ്ഥിതിയുണ്ടായി. അദ്ദേഹത്തിന്റെ പുസ്തകങ്ങളെല്ലാം കയ്യൊപ്പോടുകൂടി എനിക്കുതരുമായിരുന്നു.

ശനിയാഴ്ചകളിൽ സന്ദേശ് മാസികയുടെ ടെറസിൽ വച്ച് ഞങ്ങൾ മീറ്റിംഗ് കൂടും. വരുന്ന ആഴ്ചകളിലേക്കുള്ള ഉള്ളടക്കം തീരുമാനിക്കുന്നതോടൊപ്പം പുതിയ സാഹിത്യസൃഷ്ടികൾ അവതരിപ്പിക്കാനും വരച്ച ചിത്രങ്ങൾ പ്രദർശിപ്പിക്കാനും അവസരമുണ്ടായിരുന്നു. ഇതൊരു വലിയ പ്ലാറ്റ് ഫോം ആയിരുന്നു. സംവിധായകൻ ഗൗതം ഘോഷെല്ലാം അന്നത്തെ ഞങ്ങളുടെ കൂട്ടായ്മയുടെ ഭാഗമാണ്.

നാര എന്ന പേരിൽ ഒരു കാർട്ടൂൺ പരമ്പരയും ഞാൻ സന്ദേശ് മാസികയിൽ ചെയ്തു. മാണിക് ദാ എനിക്ക് നൽകിയ തൂലികാനാമം ഹിജിബിജ്ബിജ് എന്നായിരുന്നു. ആ പേരിലാണ് പതിനാല് വർഷം തുടർച്ചയായി വരച്ചത്.

എന്നെ മെഡിസിൻ പഠിപ്പിക്കാനായിരുന്നു അച്ഛന് താൽപ്പര്യം. എന്റെ ചിത്രം വരയും ആശയവിനിമയത്തിലുള്ള കഴിവും കാരണം ഞാനൊരു മികച്ച ഡോക്ടറായേക്കുമെന്ന് അദ്ദേഹം കണക്കുകൂട്ടി. സമൂഹത്തിന് എന്നെപ്പോലെയുള്ളവരെയാണ് ആവശ്യം എന്നദ്ദേഹം എപ്പോഴും പറയുമായിരുന്നു. എന്നാൽ, എനിക്കതിൽ ഒട്ടും താൽപ്പര്യം തോന്നിയില്ല. ചിത്രകല പഠിക്കണമെന്ന് പപ്പയോട് പറഞ്ഞപ്പോൾ ആദ്യമെല്ലാം അദ്ദേഹം എതിർത്തു. നിനക്കത് തനിയെ ചെയ്യാൻ സാധിക്കുമെന്ന് തെളിയിക്കാൻ പപ്പ പറഞ്ഞു.

മാണിക് ദായോട് ഇക്കാര്യം പഞ്ഞപ്പോൾ മാഗസിനിൽ ചെറിയ ജോലികൾ ചെയ്യാൻ അദ്ദേഹം ആവശ്യപ്പെട്ടു. അങ്ങനെയാണ് പ്രൂഫ് റീഡിങ്ങ്, ലേ ഔട്ട് തുടങ്ങിയ ജോലികൾ ചെയ്തുതുടങ്ങിയത്. കൊൽക്കത്തയിലെ ആന്റിയുടെ വീട്ടിൽ താമസി



ച്ചുകൊണ്ട് രണ്ടരവർഷം അവിടെ തുടർന്നു. പന്ത്രണ്ടാം ക്ലാസ് പൂർത്തിയാക്കിയശേഷമായിരുന്നു ഇത്. മാണിക് ദായുടെ അനുവാദത്തോടെയാണ് ശാന്തിനികേതനിലേക്ക് പോകുന്നത്.

## ശാന്തിനികേതൻ

ശാന്തിനികേതനിൽ എത്തുന്നതോടെയാണ് എന്റെ ലോകം കുറേക്കൂടി വിശാലമാവുന്നത്. അവിടെ കിട്ടുന്ന ഫ്രീഡം മറ്റൊന്നാണ്. ക്ലാസ്റൂം സ്റ്റഡിയല്ല, അവിടത്തെ ചുറ്റുവട്ടമാണ് നമ്മെ അമ്പരപ്പിക്കുന്നത്. രാംകിങ്കർ ബേജ്, നന്ദലാൽ ബോസ്, സുജാത തുടങ്ങിയ മാസ്റ്റേഴ്സിന്റെ സ്കൾപ്ചറുകളും പെയിന്റിങ്ങുമായി വ്യത്യസ്തമായ അന്തരീക്ഷം.

ലിവിങ്ങ് മ്യൂസിയം പോലെ തോന്നും ക്യാംപസിലെത്തിയാൽ. സോംനാഥ് ഹോർ, കെ.ജി.സുബ്രഹ്മണ്യൻ തുടങ്ങിയവർ കുട്ടികളുമായി അടുത്തിടപഴകാനും സമയം ചെലവഴിക്കാനും അവിടെ വരുമായിരുന്നു. നല്ല ചർച്ചകളും സൗഹൃദ സംഭാഷണങ്ങളുമായി ചിന്തയിലും വരയിലും പുതിയ മാനങ്ങൾ നേടിത്തന്ന ഇടമായിരുന്നു ശാന്തിനികേതൻ. ശിവകുമാർ, ജഗൻ ചൗധരി, സുഹാസ് റോയ്, ലാലു പ്രസാദ് തുടങ്ങി ഇന്ത്യൻ ചിത്രകലയിൽ അത്ഭുതം സൃഷ്ടിച്ചവരുടെ അടുത്തുനിന്നാണ് ചിത്രംവര പഠിച്ചത്. അവരിൽനിന്ന് ലഭിച്ച ഊർജവും സർഗാത്മകതയുമാണ് എന്റെ ചിത്രഭാഷയെ രൂപപ്പെടുത്തിയത്.

ബി.എഫ്.എയും എം.എഫ്.എയും നാഷണൽ സ്കോളർഷിപ്പോടെ ശാന്തിനികേതനിൽ തന്നെ പഠിച്ചു. എൺപത്തിയേഴിൽ ഞാനവിടെ ലിറ്ററി സെക്രട്ടറി ആയിരുന്നു. എം.എ രണ്ടാംവർഷത്തിൽ ജൂനിയർ റിസർച്ച് ഫെല്ലോഷിപ്പ് (ജെ ആർ എഫ്) കിട്ടി. വീണ്ടും ഒരു വർഷം കൂടി അവിടെത്തന്നെ തുടർന്നു. പിന്നീടാണ് ഒന്നുമുതൽ 10 വരെയുള്ള കുട്ടികളെ പഠിപ്പിക്കുന്ന ശാന്തിനികേതന്റെ തന്നെ ഭാഗമായ പാഠഭവൻ എന്ന സ്കൂളിൽ പഠിപ്പിക്കാൻ അവസരം കിട്ടുന്നത്.

പിന്നീട് മസൂറി. അവിടെനിന്ന് ബറോഡയിലേക്ക്. ബറോഡയിൽ വച്ചാണ് ഞാൻ ആദ്യമായി സോളോ എക്സിബിഷൻ ചെയ്യുന്നത്. ജെ ആർ എഫ് നേടിയ ശേഷം ബറോഡ സർവകലാശാലയിൽ ആർട്ട് ഹിസ്റ്ററി പഠിക്കാനായി ചേർന്നു. പ്രഭാകരൻ അവിടെ അധ്യാപകനായിരുന്നു. ശാന്തിനികേതനിൽ വച്ചുതന്നെ ഞങ്ങൾ പരിചയക്കാരാണ്. നല്ല സൗഹൃദം. ഞാൻ ബറോഡയിലേക്കു പോകാനുണ്ടായ കാരണങ്ങളിലൊന്ന് പ്രഭാകരൻ അവിടെ ഉണ്ട് എന്നതായിരുന്നു. അവിടെവച്ച് ഞങ്ങൾ ഒരുമിച്ച് ജീവിക്കാൻ തീരുമാനിച്ചു. പിന്നീട് ശാന്തിനികേതനിലേക്കുതന്നെ തിരിച്ചുപോയി. കുറച്ചുകാലം അവിടെ തുടർന്നു. എൻ.ഐ.എയിലെ ഫൈനൽ സബ്മിഷനിൽ ജഗൻ ചൗധരിയായിരുന്നു പ്രഭാകരന്റെ എക്സാമിനർ. റെക്കോർഡ് മാർക്കായിരുന്നു പ്രഭാകരന്.

പിന്നീട് മദ്രാസിലെ ചോളമണ്ഡലിലേക്ക് വന്നു. അവിടെ വച്ചാണ് ഞാൻ ആദ്യമായി മലയാളം കഥയ്ക്കും കവിതയ്ക്കുമെല്ലാം ചിത്രങ്ങൾ വരയ്ക്കാൻ തുടങ്ങുന്നത്. ഇന്ത്യാ ടുഡേക്കുവേണ്ടിയായിരുന്നു അത്. അങ്ങനെയാണ് മലയാളം വായിക്കാൻ പഠിക്കുന്നത്. കെ.പി.കുമാരൻ, ടി.പത്മനാഭൻ, പി.





വത്സല തുടങ്ങിയവരുടെ കഥകൾക്ക് ചിത്രം വരച്ചുകൊണ്ടായിരുന്നു തുടക്കം. അവിടെനിന്ന് 1999 ൽ കേരളത്തിലേക്ക്... കോഴിക്കോടേക്ക്...

## പ്രിയ കോഴിക്കോട്

എന്നെ നിങ്ങൾക്ക് കോഴിക്കോടുനിന്ന് പുറത്താക്കാം. എന്നാൽ കോഴിക്കോടിനെ എന്നിൽ നിന്ന് പുറത്താക്കാൻ പറ്റില്ല. 25 വർഷങ്ങൾ ഞാൻ ചെലവഴിച്ചത് കോഴിക്കോടാണ്. ആ ഇരുപത്തിയഞ്ചു വർഷങ്ങളിലെ ജീവിതം എനിക്കെങ്ങനെ കുഴിച്ചുമൂടാൻ പറ്റും? ഞാനിവിടെത്തന്നെയുണ്ടാവും. എന്റെ ചിത്രങ്ങളുമായി.

കോഴിക്കോട് സിൽവർ ഹിൽസ് സ്കൂളിൽ ചിത്രരചനാ അധ്യാപികയാണിപ്പോൾ. പലപ്പോഴും കുട്ടികളുമായി കൗൺസിലിംഗ് തലത്തിലുള്ള ആശയവിനിമയത്തിന് എന്നെയാണ് നിയോഗിക്കുക. ആർട്ടിലൂടെ ആശയവിനിമയം (Communication through Art) എന്ന രസകരമായ വിഷയമാണ് കുട്ടികളെയും എന്നെയും അടുപ്പിക്കുന്നത്.



അച്ഛനും അമ്മയ്ക്കും അനിയത്തിക്കുമൊപ്പം കബിത

## ബംഗാളിയും മലയാളിയും

ഞാൻ സ്ഥിരമായി കേൾക്കുന്ന ചോദ്യമാണിത്. അൻപതു വർഷങ്ങൾക്കുമുമ്പുള്ള ഒരു കഥയാണ് പറയുന്നതെങ്കിൽ അക്കാലത്തെ ചിത്രങ്ങളിലാക്കണമെങ്കിൽ ചരിത്രം നമ്മളിയണം. റിസർച്ച് ചെയ്യണം. ഓരോ ചിത്രത്തിനുപുറകിലും ഇത്തരത്തിലുള്ള ശ്രമങ്ങളുണ്ടാവും. അതുപോലെ ബംഗാളി ഫിഗറുകൾ മലയാളി ഫിഗറുകൾ എന്നൊന്നുമില്ല. കൈയിൽ പന്തുപിടിക്കുന്ന ഒരു ചിത്രം വരയ്ക്കണമെങ്കിൽ കണ്ണാടിയിൽ അതൊന്നു ചെയ്തുനോക്കുകയെങ്കിലും വേണം. അത് ചിത്രമാക്കുമ്പോൾ കണ്ണാടിയിൽ കണ്ട ഇമേജ് വരച്ചാൽ വിരലുകൾ തിരിഞ്ഞുപോകും. അതുപോലെ എല്ലാറ്റിനുപുറകിലും ഗവേഷണങ്ങൾ വേണ്ടിവരും. തിരുവനന്തപുരത്തുകാരനും കാസർഗോഡുകാരനും ഒരേ ആകൃതിയിലുള്ള തലയോട്ടിയായിരിക്കില്ല ഉണ്ടാവുക. അത്തരത്തിലുള്ള വ്യത്യാസങ്ങൾ മനസ്സിലാക്കി വരച്ചാൽ അവിടെ മലയാളിയും ബംഗാളിയുമില്ല.

## കൊറോണയ്ക്കുശേഷമുള്ള കല

കൊറോണ ഒരു തിരിച്ചറിവിന്റെ കാലം കൂടിയാണ്. മനുഷ്യനിൽ ആഴത്തിൽ വേരോടിയ പല ദുശ്ശീലങ്ങളിൽ നിന്നും ചിന്തകളിൽ നിന്നും മാറി നല്ല മനുഷ്യരാവാനുള്ള ഒരു അവസരമാണിത്. അത് എത്രത്തോളം ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നു എന്നതാണ് പ്രധാനം. സോഷ്യലിസം മനുഷ്യരുടെയുള്ളിൽ വരണമെങ്കിൽ വിപ്ലവം തന്നെ വരണം. കൊറോണയോ പ്ലേഗോ പോര.

## ചിത്രകാരിയായുള്ള നിലനിൽപ്പ്

ഞാനൊരു ചിത്രകാരിയായ അമ്മയാണ് (painter mother). എന്റെ ജൻഡർ, സ്ത്രീത്വം, എന്റെ ബ്രഷിലൂടെയും പെയിന്റിലൂടെയും നടത്തുന്ന ആശയവിനിമയം എന്റെ അസ്ഥിത്വത്തിന്റെ ഭാഗമാണ്. ജാതിയും സമ്പത്തും പുരുഷാധിപത്യവും അടക്കിവാഴുന്ന ഈ സമൂഹത്തിൽ ജീവിക്കാനുള്ള എന്റെ ഏകവഴിയാണ് പെയിന്റിംഗ്. ഇപ്പോഴും ഏകാന്തതയും വേദനയും വെല്ലുവിളികളും മറികടക്കാൻ എന്റെ വരയല്ലാതെ വേറൊരു ശക്തിയില്ല. അവസാനം വരെ വരയ്ക്കുകയും എന്റെ നിലപാടുകളിൽ ജീവിക്കുകയുമാണ് ലക്ഷ്യം. അല്ലാതെ പണം എന്നെ മോഹിപ്പിച്ചിട്ടില്ല. ◘

കഥ

എച്ച്മുക്കുട്ടി





ഒരു സിനിമാ നടനാവുന്നത് അതികഠിനമായ ഏർപ്പാടാണ്.

നടനാവണമെങ്കിൽ, നല്ല പടം കിട്ടണമെങ്കിൽ, കിട്ടിയാൽ അത് ഭംഗിയായി പൂർത്തിയാകണമെങ്കിൽ, ആയാൽ തട്ടും പരിക്കും കേസും കുന്തവും കുടച്ചക്രവും ഇല്ലാതെ തിയേറ്ററിൽ ഹൗസ് ഫുള്ളായി ഒരു നൂറ് ദിവസം ഓടണമെങ്കിൽ, ഓവർസീസ് റൈറ്റ്സും സാറ്റലൈറ്റ് റൈറ്റ്സും ഭംഗിയായി ലഭിക്കണമെങ്കിൽ... ഏറ്റവുമധികം വേണ്ടത് ഭാഗ്യമാണ്.

കുടവയറും തൂങ്ങിയ മസിലും ഒന്നും നടന് പാടില്ല. അമ്പത് വയസ്സിലും കൂടിപ്പോയാൽ മുപ്പതേ മതിക്കാവൂ. അതിന് ജിം, പേർസണൽ ട്രെയിനർ, കൃത്യം ഭക്ഷണം, സ്വന്തം ഡ്രസ്സ് ഡിസൈനർ, സ്വന്തം ഹെയർ സ്റ്റൈലിസ്റ്റ്, സ്വന്തം മേക്കപ്പ് മാൻ ഇവരെയെല്ലാം കോ-ഓർഡിനേറ്റ് ചെയ്യാൻ മാനേജർ, ഫോണുകൾക്കും മെസേജുകൾക്കും വാർത്തകൾക്കും മറുപടി നൽകാൻ ഒരു വക്താവ്, കഥ കേൾക്കാനും അത് അരിച്ചരിച്ച് തന്റടുത്തെത്തിക്കാനും മറ്റൊരു ബുദ്ധിമാനായ വിശ്വസ്തൻ... ചാർട്ടേഡ് അക്കൗണ്ടന്റ്സിന്റെ ടീം, ഡോക്ടർമാരുടെ ടീം... ഇവ

# കളിസംഘങ്ങളിലെ പെരുംനോയ്

രിൽ ഏതെങ്കിലും ഒരാൾ വിചാരിച്ചാൽ മതി നടന്റെ കിങ് സൈസ് ജീവിതം കുഴപ്പത്തിലാവാൻ.

പറയുമ്പോൾ ഗ്ലാമറോട് ഗ്ലാമറാണ്. അതിന്റെ ഉള്ളിലെ നിലകിട്ടാത്ത അടിയൊഴുക്കുകൾ ആലോചിച്ചാൽ ഭ്രാന്തെടുത്തുപോകും. ഭാര്യക്ക് സംശയം കൂടി ഉണ്ടെങ്കിൽ പിന്നെ ആത്മഹത്യ തന്നെയാണ് ഭേദം.

വലിയ നടന്മാർ പലരും കാലങ്ങളായി വിജയിച്ച് നിൽക്കുന്നത് എന്തുകേട്ടാലും കുലുക്കമില്ലാത്ത കുടുംബത്തിന്റെ പിന്തുണ കൊണ്ടാണ്.

ദേവിക്ക് ഇതുവരെ ഒരു പ്രശ്നവും ഉണ്ടായിരുന്നില്ല. വനിതയിലും ഗൃഹലക്ഷ്മിയിലും മറ്റു പെൺമാസികകളിലും പത്രങ്ങളിലും മറ്റും 'കൃഷ്ണകുമാറിന്റെ സ്വന്തം ദേവി,' 'കൃഷ്ണന്റെ ദേവി,' 'കൃഷ്ണകുമാർ എന്നും ദേവിക്ക് സ്വന്തം'... എന്നൊക്കെ അടിച്ചുവരുന്ന അഭിമുഖങ്ങൾ, അവരുടെ ഫോട്ടോഷൂട്ടുകൾ ഒക്കെ വലിയ താൽപ്പര്യമായിരുന്നു.

ബുട്ടീക്കുകളും കോഫീ ടേബിൾ ബുക്ക് ഷോപ്പുകളും ജ്വല്ലറികളും ഉദ്ഘാടനം ചെയ്യാനും ആനീസ് കിച്ചണിലും ബേബി ഷോയ്ക്കും ഫ്ളവർഷോയ്ക്കും എല്ലാം ഉടുത്തൊരുങ്ങി പോകുമായിരുന്നു. ദേവി രണ്ടു പ്രസവിച്ചുവെങ്കിലും കണ്ടാൽ ഇപ്പോഴും ഒരു ഇരുപത്തഞ്ചേ മതിക്കൂ.

സിനിമയിൽ പെണ്ണുങ്ങൾക്ക് വേറെ സംഘടന വേണ്ട എന്നാണ് കൃഷ്ണകുമാറിന്റെ ഇപ്പോഴത്തെ സുചിന്തിതമായ അഭിപ്രായം. മലയാളസിനിമയ്ക്ക് ഒഴിവാക്കാൻ ആവാത്ത താരമെന്ന നിലയ്ക്ക് ഇത്തരം അഭിപ്രായങ്ങൾ പറയുന്നതിൽ അയാൾക്ക് പ്രയാസമുണ്ടായിരുന്നില്ല. സിനിമാക്കാർ– സെറ്റിലെ തൂപ്പുകാർ മുതൽ സുരേഷ് ഗോപിയും മോഹൻലാലും മമ്മൂട്ടിയുമടങ്ങുന്ന സൂപ്പർ മെഗാസ്റ്റാറുകൾ വരെ സിനിമയുടെ സ്വന്തം കുടുംബമാണ് എന്നാണ് അയാൾ പറയുക. എല്ലാവരും പരസ്പരം ഗാഢമായി സ്നേഹിക്കുന്നു. സിനിമയാണ് എല്ലാവരുടേയും ചോറ്. ഒരാൾക്ക് ഒരു പ്രശ്നം വന്നാൽ അവർ എല്ലാവരും ഒന്നിച്ചുനിന്ന് അതുപരിഹരിക്കും. മാധ്യമങ്ങളും സോഷ്യൽ മീഡിയയും ചുമ്മാ അവർക്ക് വായനക്കാരെ കിട്ടാൻ ഓരോ ഇല്ലാക്കഥകൾ പടച്ചുവിടുകയാണ് എന്നായിരുന്നു പണ്ടേ കൃഷ്ണകുമാറിന്റെ പക്ഷം.

അയാൾ എന്നും സമവായത്തിന്റെ, നിലപാട് വിശദീകരണത്തിന്റെ, സ്നേഹത്തിന്റെ, ശാന്തതയുടെ, കാരുണ്യത്തിന്റെ ആളായിരുന്നു.

മമ്മൂട്ടി ഒരിക്കൽ ചോദിച്ചിട്ടു കൂടിയുണ്ട്.. 'ഇതെങ്ങനെ സാധിക്കുന്നു കിണ്ണാ, ഇത്ര സംയമനം പാലിക്കാൻ... എന്നെക്കൊണ്ടാണെങ്കിൽ പറ്റില്ല.'

മുകേഷ് ആണ് പറഞ്ഞത്, 'അത് മമ്മൂക്ക, കിണ്ണൻ പാലും പഴവും വെണ്ണയും പഞ്ചസാരയുമേ തിന്നത്തൊള്ളൂ.'

പെണ്ണുങ്ങളുടെ സംഘടന അങ്ങനെയുള്ള തനിക്കെതിരെ വന്നിരിക്കുന്നുവെന്ന് ലോകം അറിഞ്ഞാൽ, എത്ര ഭയങ്കര ചീത്തപ്പേരാവും ഉണ്ടാവുക. ആലോചിച്ചിട്ട് എത്തും പിടിയും കിട്ടുന്നില്ല. അവർ എന്തിനാണ് ദേവിയേയും തന്റെ ഒപ്പം വിളിച്ചിരുത്തി ആ പരാതി ചർച്ച ചെയ്തത്?

പൊതുവെ സിനിമാക്കാർ പുരുഷന്മാർ സ്ത്രീകളോട് ചില്ലറ കളിമ്പങ്ങൾ കാണിക്കാറുണ്ട്. അത് ആരും അങ്ങനെ വലിയ ഒരു പ്രശ്നമാക്കാറില്ല..

തലമുടിയിൽ തഴുകുന്നതു മുതൽ കവിളിൽ തട്ടുന്നതും കെട്ടിപ്പിടിക്കുന്നതും കൈപിടിച്ച് അമർത്തുന്നതും ഒക്കെ പോലെ മുലയിലും മൂട്ടിലും തട്ടുന്നതും ഒക്കെയുണ്ടാവാറുണ്ട്.

അങ്ങനെ ഒന്നും ചെയ്യാത്ത തനി പ്യൂരിട്ടൻ

ഗൗരവക്കാരും നടന്മാരിലുണ്ട്. അവർക്ക് അവരുടെ ഭാര്യയെ മാത്രമെ ഈ പ്രപഞ്ചത്തിൽ പെണ്ണായി തോന്നുകയുള്ളൂ.

പെൺതാരങ്ങളിൽ ചിലർക്ക് എല്ലാം ഇഷ്ടമാണ്. കൊഞ്ചാതെ സംസാരിക്കില്ല... ക്ഷണിക്കുന്ന പോലേയേ നോക്കൂ.. 'സാറ് മുറിയിൽ തനിച്ചാണോ... വല്ലാതെ സങ്കടം വരുന്നു സാർ... പത്തുമിനിറ്റ് അവിടെ വന്നിരുന്നോട്ടെ' എന്ന് ഗദ്ഗദത്തോടെ ചോദിച്ച് സീ ത്രൂ നൈറ്റിയുമിട്ട് വരും. കണ്ണു നിറച്ചാണെങ്കിലും കൊത്തിവലിക്കുന്ന പോലെ നോക്കും.

പെൺതാരങ്ങളിലും ഉണ്ട് ഈ വക ഏർപ്പാടുകൾ ഒന്നും തീരെയില്ലാത്തവർ. അധികവും അങ്ങനെയാണ്. വരുന്നു സ്വന്തം ജോലി ചെയ്യുന്നു. മടങ്ങുന്നു. അൽപ്പം ശൃംഗാരം അബദ്ധത്തിലെങ്ങാനും നമ്മുടെ നോട്ടത്തിൽ വന്നുപോയാൽ ആ സ്ത്രീകളുടെ കണ്ണുകൾ അഗ്നി പോലെ ജ്വലിക്കും.

എപ്പോഴാണ് തന്റെ പക്കൽ നിന്ന് ഇങ്ങനെ ഒരു കളിമ്പം ഉണ്ടായതെന്ന് ഓർത്തെടുക്കാൻ അയാൾ വല്ലാതെ പാടുപെട്ടു. അന്ന് കഴിച്ച മദ്യമാണോ ഓർമയെ വിലക്കുന്നത്?

എത്രയോ നടിമാർ, ജൂനിയർ ആർട്ടിസ്റ്റുമാർ, ഇവർക്കെല്ലാം ഒപ്പം ജോലി ചെയ്തുകഴിഞ്ഞു. തമിഴ്, കന്നഡ, തെലുങ്ക് സിനിമകളിലും അഭിനയിച്ചു. അനവധി വലിയ ബ്രാൻഡുകളുടെ അംബാസിഡർ ആയി. കുറെ അവാർഡുകൾ മേടിച്ചു. ലോകത്തെ മിക്കവാറും എല്ലാ വിദേശരാജ്യങ്ങളിലും പോയി. ഗവർണറും മുഖ്യമന്ത്രിയും ഡിജി പിയും എന്നു വേണ്ട പ്രധാനമന്ത്രി വരെ എല്ലാവരെയും അറിയും. ഫാൻസ് അസോസിയേഷനുകളുണ്ട്... ശരിക്കും ഏറെ ധനികനാണ്.. ഇഷ്ടം പോലെ ഭൂസ്വത്തുണ്ട്. വിലയേറിയ കാറുകളുടെ ഒരു ശേഖരമുണ്ട്.

ദേവിയെ അല്ലാതെ ഒരു പെണ്ണിനെയും തൊട്ടിട്ടില്ലെന്നല്ല. തയ്യാറായി വന്നവരെ വളരെ ഭംഗിയായി അനുഭവിച്ചിട്ടുണ്ട്. അങ്ങനെ വരുന്ന സ്ത്രീകളുടെ ആരാധന, അവരുടെ ശരീരസമർപ്പണത്തിലൂടെ അനുഭവിക്കുന്നത് വല്ലാതെ ത്രസിപ്പിക്കുന്ന ഒരു കാര്യമാണ്. അവർക്ക് സന്തോഷം... തനിക്കും സന്തോഷം... പണവും സമ്മാനങ്ങളും കൈനിറയെ നൽകിട്ടുണ്ട്. കൂടെ കിടന്നിട്ട് പണം കിട്ടാതെ പോയി എന്നാരും വേദനിക്കരുത്. അത് നിർബന്ധമാണ്. രണ്ടാമത് അവർ സ്വയം വരാതെ ഒരിക്കലും അങ്ങോട്ട് പോയി ക്ഷണിച്ചിട്ടില്ല. പിന്നീട് ഒരു പരിചയഭാവം പോലും മുഖത്ത് വയ്ക്കാറുമില്ല.

എന്നിട്ടും ഈയൊരു പെണ്ണ് എവിടന്നു വന്നു?

മദ്യപിക്കാറുണ്ട്... അങ്ങനെ അധികമൊന്നുമില്ല. മലയാള സിനിമാ പാർ



ട്ടികളിലൊന്നും ഒട്ടും മദ്യപി
ക്കാറില്ല. വിദേശത്തോ
തെലുങ്ക് പടം ചെയ്യാനോ
പോവുമ്പോൾ മാത്രം...
അല്ലെങ്കിൽ ദേവിയുടെ
മുന്നിൽ, സ്വന്തം വീട്ടിലെ
ബാറിൽ.

മദ്യപിച്ച് നില തെറ്റിയ
ഒരു നിമിഷം താനറിയാതെ
കടന്നുവന്നിരുന്നോ ഗ്ലാമറ
സായ ആരും കൊതിക്കുന്ന
ഈ ജീവിതത്തിൽ... ജൂനിയർ
ആർട്ടിസ്റ്റ് ആയ അവളെ മദ്യ
ത്തിന്റെ ബലത്തിൽ കീഴ്പ്പെ
ടുത്തി അമർത്തിവെച്ച
ഫാന്റസികൾ വല്ലതും
സാധിച്ചോ...

ഇത് രഹസ്യമായി ഒതു
ക്കിവെക്കാൻ ഒന്നും പറ്റില്ല.
എല്ലാവരും ഇപ്പോൾ
അറിയും. പെണ്ണുങ്ങളുടെ സം
ഘടനയിൽ കുറച്ച് പാര
വെപ്പും അടിച്ചു പിരിയലും
മുറുമുറുപ്പും ഒക്കെ ഉണ്ടെങ്കി
ലും ഇക്കാര്യം മാധ്യമങ്ങൾ
വഴിയും സോഷ്യൽ മീഡിയ
വഴിയും ലോകം മുഴുവൻ
അറിയും. കൃഷ്ണകുമാർ
എന്ന വലിയ നടൻ എ സി
മുറിയിലിരുന്നിട്ടും വെട്ടി
വിയർത്തു.

എന്തായാലും ആദ്യം
ദേവിയെ അനുനയിപ്പിക്കുക
തന്നെ. അവൾ ഒപ്പം നിന്ന്
'എന്റെ ഏട്ടൻ ആരേം ചതി
ക്കില്ലെ'ന്ന് പറഞ്ഞാൽ പകു
തി പ്രശ്നം തീരും. ബാക്കി
ആലോചിക്കാം. പിറ്റേന്ന് പുല
രേണ്ടി വന്നില്ല... ലോകം മുഴു
വനും വാർത്ത പരന്നുകഴി
ഞ്ഞിരുന്നു. ടിവി ചാനലുകളാ
ണല്ലോ പ്രധാന പ്രശ്നം.
എല്ലാവരോടും നിഷേധിച്ചു
പറഞ്ഞു. ദേവി ഒപ്പം തന്നെ
നിന്നത് ആശ്വാസമായി.

സൗന്ദര്യമുള്ള പൗരുഷ
മുള്ള മുഖം, അനുഗൃഹീത
മായ ശബ്ദം, വികാരങ്ങളെ
കൺകോണിന്റെ ഒരു നോട്ട
ത്തിലൂടെ പ്രതിഫലിപ്പിക്കാനു
ള്ള അസാധാരണമായ കഴിവ്,
മുഴക്കമുള്ള വാക്കുകൾ,
അതീവ ശാന്തമായ സംഭാ
ഷണം. നിഷ്കളങ്കനാണെന്നേ
ആരും കരുതൂ.

ഓർമ വന്നു ആ പെൺ
കുട്ടിയെ... അസാധാരണമായ
സൗന്ദര്യമായിരുന്നു. മനോഹ
രമായ എക്സ്പ്രഷനുകളായി
രുന്നു. ആ സിനിമയിൽ
ശരിക്കും അവളാണ് നായിക
ആവേണ്ടിയിരുന്നത്.

സംസാരിച്ചിരുന്നു. വൈ
കിട്ട് ഡിന്നറിന് ക്ഷണിച്ചു.
രുചിയേറിയ നല്ല ഭക്ഷണം
കഴിച്ചപ്പോൾ തന്നെ അവൾക്ക്
ഉറക്കം വന്നുതുടങ്ങിയിരുന്നു.
പിന്നെ എല്ലാം എളുപ്പത്തിൽ
നടന്നു.

പെൺസംഘടനകളാണ്
കാര്യങ്ങൾ കുത്തിയിളക്കി
യത്. അവളുടെ പേരും കിട്ടി.
ഇടവും കിട്ടി.

അയാൾ എല്ലാം ഭംഗി
യായി നിഷേധിച്ചു. ആ
കുട്ടിക്ക് ഇങ്ങനെ ഒരു ദുർവി
ധി ഉണ്ടായതിൽ കഠിനമായ
നൊമ്പരമുണ്ടെന്ന് പറഞ്ഞു.
എന്തു സഹായവും ചെയ്യാ
മെന്ന് പറഞ്ഞു. അയാളുടെ
നിഷ്കളങ്കത കണ്ട
സ്ത്രീപ്രേക്ഷകർ അധിക
വും ന്യൂസാണെന്ന് പോലും
മറന്ന് കരഞ്ഞുപോയി.

'അവളും ഈ പെണ്ണുങ്ങ
ളുടെ സംഘടനാന്നും
പറഞ്ഞ് വീടും കുടുംബവും
ഒന്നുമില്ലാത്ത മുടീം മുറിച്ച്
നടക്കണ പെണ്ണുങ്ങളും
കൂടി ഉണ്ടാക്കണ കള്ളത്തര
മാണെന്നേയ്. ആ മനു
ഷ്യന്റെ മുഖത്തോട്ടൊന്ന്
നോക്കിയേ. ഒരു കള്ളത്തര
മില്ലാത്ത മുഖം. കാശടി
ക്കാൻ വേണ്ടി ഓരോ അവ
ളുമാരും പിന്നാലെ നടക്കാൻ
കുറെ പെണ്ണുങ്ങളും. അല്ലെ
ങ്കിലും മഹാലക്ഷ്മിയെപ്പോ
ലെയാണ് അദ്ദേഹത്തിന്റെ
ഭാര്യ ദേവി. അവര് വീട്ടിൽ
കാത്തുകാത്തിരിക്കുമ്പോൾ
അദ്ദേഹം എന്തിനാണ് ഈ
നാണക്കേടിന് പോകുന്നത്?
ഇനീപ്പോ അങ്ങേർക്ക്
പെണ്ണിനെ വേണമെന്ന് തോ
ന്നിയാൽ ഇവള് വേണോ.
ഒന്നു കൈ ഞൊടിച്ച് വിളി
ച്ചാൽ ആയിരം പേര് ആ
കാലീ ചെന്ന് വീഴില്ലേ?'

മണിക്കൂറുകൾക്കുള്ളിൽ
രണ്ടുതരം വാർത്തകൾ
പരന്നു. ഉണ്ടെന്നും
ഇല്ലെന്നും. എന്തായാലും
കൃഷ്ണകുമാറെന്ന സുമുഖ
നായ പ്രശസ്ത സിനിമാതാ
രത്തിന്റെ ജനസ്വാധീനത്തി
നടുത്തൊന്നും വരില്ലല്ലോ
ഒരു ജൂനിയർ ആർട്ടിസ്റ്റിന്
സംഭവിച്ചെന്ന് പറയുന്ന
ലൈംഗിക പീഡനത്തിന്റെ
ചീള് വാർത്ത.

സിനിമയിലും പുറത്തു
മുള്ള സ്ത്രീ സംഘടന
കളുടെ സമരമൊന്നും എവി



ടെയും എത്താൻ പോകുന്നില്ലെന്ന് അയാൾക്കറിയാമായിരുന്നു. പൊലീസും കാര്യമായി ഒന്നും ചെയ്തില്ല.

ഒരാഴ്ച ദേവിക്കൊപ്പം ചെലവാക്കീട്ട്, അവളാണ് തന്റെ ദേവിയെന്ന് പറ്റാവുന്ന അത്രയും ബോധ്യമാക്കീട്ട് അയാൾ അന്ന് അതിരാവിലെ തമിഴ്നാട് ബോർഡറിനടുത്തുള്ള മലയോര ഗ്രാമത്തിലേക്ക് കാറോടിച്ചു. നാലഞ്ചുമണിക്കൂറിനുള്ളിൽ അവിടത്തെ പള്ളിയിൽ എത്തി...

സർവീസ് ഒന്നുമുണ്ടായിരുന്നില്ല. വികാരിയച്ചൻ തുറന്നുപോയ വായ് അടയ്ക്കാൻ അൽപ്പം വൈകിയോ? അയാൾ ഹാർദ്ദമായി ചിരിച്ച് അച്ചന് കൈ കൊടുത്തു. അഭൗമമായ ആ പുരുഷസൗന്ദര്യത്തെ അത്ര അടുത്ത് കണ്ട അത്ഭുതമായിരുന്നു അച്ചന്. അയാൾ അൾത്താരയ്ക്ക് മുന്നിൽ മുട്ടുകുത്തി. കുരിശുവരച്ച് പ്രാർഥിച്ചു... അച്ചൻ അയാളുടെ തലയിൽ കൈവെച്ച് അനുഗ്രഹം ചൊരിഞ്ഞു.

പള്ളിമേടയിലിരുന്ന് സംസാരിക്കുമ്പോഴാണ് അയാൾ മനസ്സുതുറന്നത്. ആ പെൺകുട്ടി ഈ ഇടവകയിലെ ആണെന്ന് അയാൾക്കെന്ന പോലെ അച്ചനും അറിയാമായിരുന്നു. ദൈവഭയമില്ലാതെ തമിഴ്, തെലുങ്ക് നാടകങ്ങളിലും സിനിമകളിലും ആടിയിട്ടാണ് ആരോ കള്ളോ മറ്റോ കൊടുത്ത് പണി പറ്റിച്ചത്. അയാൾ അഗാധമായ വേദന ധ്വനിപ്പിക്കുന്ന സ്വരത്തോടെ തിരുത്തി.

‘ദാരിദ്ര്യം ഒരു പ്രധാന കാര്യമാണ് ഫാദർ. ഇല്ലായ്മ അഭിമാനത്തെ നഷ്ടപ്പെടുത്തിക്കളയും.’

ഫാദർ അയാളെ കരുണയോടെ നോക്കി. അയാൾ തുടർന്നു.

‘ഈ ഇടവകയിലെ അല്ലെങ്കിൽ ഈ ഏരിയയിലെ വീടില്ലാത്തവർ, പരമദരിദ്രർ അവരെയൊക്കെ സഹായിക്കാമെന്ന് കരുതുകയാണ് ഞാൻ... ഫാദർ അവരെ കാണിച്ചുതന്നാൽ ഞാൻ ചെറുതാണെങ്കിലും വീടുകളും ഒരു ചെറിയ ജീവിതമാർഗവും ചെയ്യാൻ ശ്രമിക്കാം ഫാദർ.

വലിയ പരസ്യം വേണ്ട... പെസഹാ വ്യാഴത്തിന്റെ അന്ന് സാധാരണ പുരുഷന്മാരുടെ കാലുകഴുകലല്ലേ പതിവുള്ളൂ. ഇത്തവണ സ്ത്രീകളുടെ കാലുകഴുകൽ ഞാനും ദേവിയും വന്ന് ചെയ്യാം. ഉച്ചഭക്ഷണം, വീടുകളുടെ താക്കോൽ ദാനം, കോഴി ഫാം, ആടു ഫാം, ഓട്ടോറിക്ഷകൾ ഒക്കെ അന്ന് നൽകാം.

ഫാദർ ഒന്ന് മുന്നിൽ നിന്ന് നയിച്ചാൽ മതി. ദാരിദ്ര്യമാണ് നമ്മുടെ പെൺകുട്ടികളെ ദ്രോഹിക്കുന്നതെന്ന് എനിക്ക് നല്ല ഉറപ്പാണ്.’

ഫാദർ വികാരാധീനനായി. അദ്ദേഹം എഴുന്നേറ്റുനിന്ന് ആ സിനിമാനടന്റെ നിറമാർന്ന് തിളങ്ങുന്ന ആത്മാർഥതയ്ക്ക് മുന്നിൽ കൈകൂപ്പി. യേശുക്രിസ്തു ഹിന്ദുവായ ഒരു സിനിമാനടന്റെ രൂപത്തിലും വരുമെന്ന് ഫാദർ കണ്ടു.

തിരികെ കൊച്ചിയിലേക്ക് വരുമ്പോൾ കൃഷ്ണകുമാർ ഉല്ലാസവാനായിരുന്നു.

ദേവി എതിർത്തു. ‘അവളുടെ, ആ നാശം പിടിച്ചവളുടെ കാല് കഴുകേണ്ടി വന്നാലോ. അയ്യേ...’ അയാൾ പൊട്ടിച്ചിരിച്ചു. ‘പൊന്നുമോളേ, അതോടെ എന്റെ പേരിലുള്ള എല്ലാ ചീത്തപ്പേരും പോവില്ലേ. നീ നോക്കിക്കോ ഇത് വലിയൊരു സംഭവമായിരിക്കും. എന്റെ പ്രശസ്തി കുതിച്ചുയരും.. കാരുണ്യ പ്രവർത്തനത്തിൽ മമ്മൂട്ടി പോലും ഇനി എന്റടുത്ത് എത്തില്ല.

ദേവി പിറുപിറുത്തു. ‘അങ്ങേര് എന്തായാലും ഈ ജന്മത്ത് നിങ്ങൾക്കൊപ്പം വരില്ല.’

ദേവിയുടേത് പരിഹാസമാണോന്നറിയാൻ പറ്റിയില്ല. അത്ര ശാന്തമായ ശബ്ദമായിരുന്നു അവളുടേത്.

ജി. ശങ്കർ മതി ആർക്കിടെക്ട് എന്നായിരുന്നു കൃഷ്ണകുമാർ വിചാരിച്ചത്. മണ്ണ് വീട് പോര എന്ന് ഫാദർ ചൂണ്ടിക്കാട്ടി. അങ്ങനെ അതു നടന്നില്ല. അച്ചൻ വെറും പത്തു വീടുകളേ നിർദേശിച്ചുള്ളൂ. ഒന്ന് അവളുടെ അമ്മയ്ക്കായിരുന്നു. അയാൾ തമിഴ് നാട്ടിലെ ഒരു ബിൽഡറെ ഏർപ്പാടാക്കി.

പ്രശസ്തി വേണ്ട എന്ന് പറഞ്ഞെങ്കിലും അതിനായി എല്ലാം കൃത്യമായി ചെയ്യപ്പെട്ടിരുന്നു. ചാരിറ്റിക്കായി ചെലവിടുന്നതിന്റെ ടാക്സ് എക്സംപ്ഷൻ ചാർട്ടേർഡ് അക്കൗണ്ടന്റ് കണക്കുകൂട്ടി വെച്ചിരുന്നു.

പെസഹയുടെ അന്ന് രാവിലെ തന്നെ അയാൾ ദേവിയുമൊത്ത് അവിടെ എത്തി. ഒരുക്കങ്ങൾ എല്ലാം തികച്ചും ഭംഗിയായിട്ടുണ്ടെന്ന് സ്വയം നോക്കി തൃപ്തിപ്പെട്ടു. ചടങ്ങിനായി ലളിതമെന്ന് തോന്നിപ്പിക്കുന്ന വസ്ത്രധാരണവും ശ്രദ്ധാപൂർവം അശ്രദ്ധമാക്കിയ തലമുടിയും മേക്കപ്പും അയാൾ നിശ്ചയിച്ചിരുന്നു.

ഭിക്ഷക്കാരികളും കുഷ്ഠരോഗികളുമുൾപ്പെടെ അനവധി സ്ത്രീകൾ ഉണ്ടായിരുന്നു. അവൾ വരില്ലെന്നാണ് അയാൾ കരുതിയിരുന്നത്. കൂസലില്ലാതെ അവൾ വന്നിരിക്കുന്നത് കണ്ടപ്പോൾ അയാൾക്ക് പരിഭ്രമം തോന്നി.

ചടങ്ങുകൾ ലൈവ് ആയി പ്രസാരണം ചെയ്യപ്പെടുന്നുണ്ടായിരുന്നു, പല ചാനലുകളിലും.

ദേവി തട്ടം അതിഥികളുടെ കാൽക്കീഴിൽ വെച്ച് വെള്ളമൊഴിക്കുമ്പോൾ അയാൾ മയമുള്ള ടവൽ കൊണ്ട് വെള്ളം ഒപ്പി മാറ്റി. കാൽകഴുകൽ ശുശ്രൂഷ തീരുന്നതനുസരിച്ച് ആളുകൾ ഭക്ഷണത്തിനായി നീങ്ങിക്കൊണ്ടിരുന്നു.

അവളുടെ കാലിൽ വെള്ളമൊഴിച്ച് ദേവി പൊടുന്നനെ അടുത്തയാളുടെ അടുത്തേക്ക് നീങ്ങിയ ആ നിമിഷം പല്ലുകൾ കടിച്ചുപിടിച്ച് അവൾ പ്രാകി.

‘കടങ്കാറാ, മഹാപാപീ...




പെരുംനോയ് വരുമെടാ ഒനക്ക്'.

അയാൾ ആ ഒരു നിമിഷം ആയിരം തുണ്ടുകളായി ചിതറിപ്പോയി.

******************

ഇപ്രാവശ്യത്തെ പെസഹ വന്നപ്പോൾ മാർപ്പാപ്പയുടെ പക്കൽ നിന്ന് കഴിഞ്ഞ വർഷം അയാൾക്ക് ലഭിച്ച വിലയേറിയ ആ സർട്ടിഫിക്കറ്റ് എല്ലാവരേയും കാണിക്കുന്ന തിരക്കിലായിരുന്നു ദേവി.

അയാൾ നിശ്ശബ്ദമായി അവളെ നോക്കിക്കൊണ്ടിരുന്നു.

കർദ്ദിനാൾ നേരിട്ടാണ് മാർപാപ്പയുടെ ആ സർട്ടിഫിക്കറ്റ് അയാൾക്ക് സമ്മാനിച്ചത്. ഒരു ഹിന്ദു മതവിശ്വാസിയായ അയാൾ ഭിക്ഷക്കാരികളുൾപ്പെടെയുള്ള പാവപ്പെട്ട സ്ത്രീകളുടെ കാൽകഴുകൽ ശുശ്രൂഷ ചെയ്തു ക്രിസ്തുവിന്റെ പ്രിയപുത്രനായിരിക്കുന്നുവെന്ന് മാർപ്പാപ്പ അനുഗ്രഹിച്ചിരുന്നു.

ലോകം മുഴുവനുമുള്ള ചാനലുകളിലും പത്രങ്ങളിലും അയാളുടെ നന്മ വാർത്തയായിരുന്നു. അയാളുടെ അരുമയായ മുഖം ആ മനസ്സിന്റെ കണ്ണാടിയാണെന്ന് എല്ലാവരും പറഞ്ഞു.

പ്രധാനമന്ത്രിയും പ്രസിഡന്റും അയാളെ വിളിച്ചു അഭിനന്ദിച്ചു. ആഭ്യന്തരമന്ത്രി അഭിനന്ദിച്ച് പറഞ്ഞത് ഇന്ത്യക്കാർ പുലർത്തുന്ന മതസൗഹാർദ്ദത്തിന്റെ ഉത്തമദൃഷ്ടാന്തമാണ് കൃഷ്ണകുമാറിന്റെ പ്രവൃത്തിയെന്നാണ്...

ഉറങ്ങാൻ കിടന്നപ്പോൾ ദേവി മെല്ലെ ചിരിക്കുന്നത് കേട്ടു.

'എന്തേ ഒരു ചിരി?'

'അതല്ല, കിച്ചേട്ടാ, ഈ കോവിഡ് കാലത്താരുന്നു ആ പെണ്ണിന്റെ ഇഷ്യൂ വന്നതെങ്കിൽ കിച്ചേട്ടൻ കുടുങ്ങിപ്പോയേനേ. ഇത്ര വിപുലായിട്ട് ഇന്ന സെൻസ് പ്രൂവ് ചെയ്യാൻ പറ്റില്ലാരുന്നു. കാര്യം അന്ന് ആ പെണ്ണ് കിച്ചേട്ടനെ പ്രാകീന്ന് വെച്ചാലും..

അതോർത്തപ്പോൾ ചിരിച്ചതാ..

ഉറങ്ങിയോ കിച്ചേട്ടാ.. ' ◘

കഥ

അജിത മേനോൻ



# ആനകപുതൂരിലെ വർണ്ണനൂലുകൾ

**ആനകപുതൂരിലെ** ദേവി കരുമാരിയമ്മൻ കോവിലിൽ ആളും ആരവങ്ങളുമില്ലാതെ കർക്കിടകമാസത്തിലെ ആദ്യ ഞായറാഴ്ചയായ ഇന്ന് ഉത്സവച്ചടങ്ങുകൾ മാത്രം നടക്കുന്നു. സാധാരണ ഈ ദിവസം നൂറുകണക്കിന് സ്ത്രീകളാണ് ഇവിടെ പൊങ്കാലയിടാൻ എത്താറുള്ളത്. ഈ വർഷം കൊറോണ വൈറസ് ഭീഷണിയിലും, ലോക്ക്ഡൗൺ നിയമക്കുരുക്കിലുമാണ് കോവിലിലെ ഉത്സവം നാമമാത്രമായത്. കോവിലിന്റെ കവാടത്തിനരികെ ചാരനിറത്തിലുള്ള ഇക്കോ സ്പോട്ട് കാറിന്റെ ചില്ലുകൾ താഴ്ത്തി രാജേന്ദ്രൻ കോവിലിന്റെ പടിക്കെട്ടുകളിലേക്ക് നോക്കിയിരുന്നു. മഞ്ഞ പട്ടുപാവാടയണിഞ്ഞ ഒരു പെൺകുട്ടി മാസ്ക് ധരിച്ച പാട്ടിയമ്മയുടെ കൈ പിടിച്ച് പടികളിറങ്ങുന്നു. വെള്ള മുണ്ടും ഷർട്ടും ധരിച്ച് രണ്ടുമൂന്നു മധ്യവയസ്ക്കരായ പുരുഷന്മാർ പടി കയറിപ്പോകുന്നു. അയാൾ



വീണ്ടും വീണ്ടും ആകാംക്ഷയോടെ നോക്കി. ഇല്ല. വേറെ ആരും അവിടെയില്ല.

“അച്ഛാ... കോവിലിലെ പൂജയൊക്കെ കഴിയാറായിരിക്കുന്നു. ഇനി നമുക്ക് തിരികെ പോയാലോ...?” രാജേന്ദ്രന്റെ തൊട്ടടുത്ത് ഡ്രൈവിംഗ് സീറ്റിൽ അതുവരെ മൊബൈൽ ഫോണിൽ മുഴുകിയിരുന്ന വിജയ് പെട്ടെന്ന് ചോദിച്ചു.

“കുറച്ച് കൂടി കഴിയട്ടെ. കോവിൽ അടച്ചിട്ട് പോകാം”. രാജേന്ദ്രൻ നിസ്സംഗനായി പറഞ്ഞു.

“കോവിൽ ഇന്ന് വൈകുന്നേരമേ അടയ്ക്കൂ. അതുവരെ ഇവിടെയിരിക്കണോ? ഈ കോവിഡ് മഹാമാരിക്കാലത്ത് ആരും ഉത്സവത്തിനൊന്നും വരില്ല. അല്ലെങ്കിലും ഉത്സവത്തിന്റ ചടങ്ങ് മാത്രമല്ലേയുള്ളൂ.”

വിജയുടെ സ്വരത്തിലെ അസഹിഷ്ണുത രാജേന്ദ്രൻ തിരിച്ചറിഞ്ഞു. “വിജയ് ..... ഇന്നൊരു ദിവസം നീ എനിക്കായി മാറ്റിവെക്കാമെന്ന് വാക്ക് തന്നതാണ്. എന്നിട്ടിപ്പോൾ....” അയാൾ പൂർത്തീകരിച്ചില്ല.

“ഓകെ സോറി അച്ഛാ... ഞാൻ പെട്ടെന്നെന്തോ പറഞ്ഞ് പോയതാണ്. നമുക്ക് കോവിൽ അടയ്ക്കുന്നത് വരെ ഇവിടെയിരിക്കാം.”

വിജയ് വീണ്ടും ഇയർ ഫോൺ ചെവിയിൽ വച്ച് മൊബൈൽ ഫോണിലേക്ക് മടങ്ങി.

രാജേന്ദ്രൻ സീറ്റിൽ ചാരി പുറത്തേക്ക് നോക്കിയിരുന്നു. അയാളുടെ ഓർമകളുടെ തറികളിൽ പച്ചയും മഞ്ഞയും ചുവപ്പുമൊക്കെ വർണ്ണനൂലുകൾ കുരുങ്ങിക്കിടന്നു.

നാൽപ്പത്തിയൊന്ന് വർഷങ്ങൾക്ക് മുമ്പായിരുന്നു അയാൾ ആദ്യമായി ഈ മനോഹരമായ ഗ്രാമത്തിലെത്തിയത്. ഇന്ന് ഇത് ഗ്രാമം എന്ന് പറയാൻ കഴിയില്ല. നഗരവൽക്കരണം ഗ്രാമക്കാഴ്ചകളെ പാടെ തുടച്ച് നീക്കിയിരിക്കുന്നു. ആനകപുതൂർ നെയ്ത്തുകാരുടെ ഗ്രാമമായിരുന്നു. നെയ്ത്ത് തറികളുടെ ഇമ്പമാർന്ന താളത്തിലുള്ള ശബ്ദം ഗ്രാമത്തിന്റെ സംഗീതമായിരുന്നു. പല നിറങ്ങളിലുള്ള നൂലുകളുടെ വർണ്ണക്കാഴ്ചകൾ ഓരോ വീടിനെയും അഴകുള്ളതാക്കിയിരുന്നു. തറികളിൽ തൂണി നെയ്യാനായി കാല് താഴോട്ട് തൂക്കിയിട്ട് ദിവസം മുഴുവൻ ഇരിക്കുന്നതുകൊണ്ട് ആളുകളുടെ കാലൊക്കെ നീര് വന്ന് ആനയുടെ കാല് പോലെയാകാറുണ്ട്. അതുകൊണ്ടാണത്രെ ആ സ്ഥലത്തിന് ആനകപുതൂർ എന്ന് പേര് വന്നത്.

രാജേന്ദ്രന്റെ അച്ഛനും അമ്മാവനും ചേർന്ന് വർഷങ്ങളായി അവിടെയൊരു ഹോട്ടൽ നടത്തുകയായിരുന്നു. പ്രിന്റിംഗ് ടെക്നോളജിയിൽ ബിരുദം നേടിയ രാജേന്ദ്രന് ചെന്നൈയിൽ ജോലി ശരിയായപ്പോൾ അയാൾ അമ്മയേയും കൂട്ടി തമിഴ്നാട്ടിലേക്ക് ചേക്കേറി. അങ്ങനെ സന്തോഷപൂർണമായ ദിവസങ്ങൾ കടന്ന് പൊയ്ക്കൊണ്ടിരുന്നു.

രാജേന്ദ്രന്റെ വീടിന് മുന്നിലുള്ള വീതികുറഞ്ഞ മണ്ണ് റോഡിനപ്പുറം ഒരു വലിയ മൂന്ന് നില കെട്ടിടമുണ്ടായിരുന്നു. അതിൽ അഞ്ചോ ആറോ കുടുംബങ്ങൾ താമസിച്ചിരുന്നു. നെയ്ത്ത് ജോലിക്കായി കോൺട്രാക്ടർ കൊണ്ടുവന്ന് താമസിപ്പിച്ചിരുന്ന കുടുംബങ്ങളാണത്. അവർക്കൊക്കെ കോൺട്രാക്ടർ അഡ്വാൻസായി പൈസ കൊടുത്തിട്ടുള്ളതുകൊണ്ട് സത്യത്തിൽ ആ പാവങ്ങളൊക്കെ അയാളുടെ അടിമകളായിരുന്നു. കൂറ്റൻ മതിലും, വലിയ ഇരുമ്പു ഗെയ്റ്റുമൊക്കെ ശരിക്കും ജയിലിനെ ഓർമിപ്പിക്കുന്നതായിരുന്നു. പൈസ അഡ്വാൻസായി വാങ്ങി അവരെങ്ങാനും പറ്റിച്ച് കടന്നുകളഞ്ഞാലോയെന്ന ഭയത്തിൽ കോൺട്രാക്ടർ എന്നും വൈകുന്നേരം ആറ് മണിക്ക് ഇരുമ്പു ഗെയ്റ്റ് പൂട്ടും. പിന്നെ പിറ്റേന്ന് രാവിലെ 5 മണിക്കേ അത് തുറക്കൂ. നെയ്ത്ത് ജോലിക്കായി സ്ത്രീകൾ വളരെനേരത്തെ വീട്ടിൽ നിന്നും ഇറങ്ങും. തന്റെ വീടിന്റെ തൊട്ടുമുന്നിലായിരുന്നതുകൊണ്ട് രാജേന്ദ്രൻ ഇതൊക്കെ കൗതുകത്തോടെ ശ്രദ്ധിച്ചിരുന്നു.

“രാജാ... എണീക്ക് നിനക്കിന്ന് ജോലിക്ക് പോകണ്ടേ? എട്ടുമണിയാകുന്നു.”

പതിവ് പോലെ അമ്മയുടെ ശബ്ദം കേട്ടാണ് അന്നും ചാടിയെഴുന്നേറ്റത്. ഗെയ്റ്റിനടുത്ത് നിന്ന് പല്ലുതേച്ചുകൊണ്ട് റോഡിലുള്ള ടാപ്പിൽ നിന്നും വെള്ളമെടുത്ത് മുഖം കഴുകി. അതായിരുന്നു പതിവ്. പെട്ടെന്നായിരുന്നു വീടിന് മുന്നിലെ വലിയ ഇരുമ്പു ഗെയ്റ്റ് തുറന്ന് പുറത്തേക്ക് ഇറങ്ങിയ നീണ്ട് മെലിഞ്ഞ പെൺകുട്ടി തലേ ദിവസത്തെ മഴയിൽ ചെളിപൂണ്ട് കിടന്ന മണ്ണ് വഴിയിൽ കാൽ വഴുക്കി അയാളുടെ മുന്നിലേക്ക് വീണത്. അവൾ മാറോട് ചേർത്തുപിടിച്ചിരുന്ന പുസ്തകങ്ങളും ചോറ്റുപാത്രങ്ങളുമൊക്കെ ചിതറി വീണു. അയാൾ വേഗം അവളുടെ കൈയിൽ പിടിച്ചെഴുന്നേൽപ്പിച്ച് പുസ്തകങ്ങൾ പെറുക്കി കൊടുത്തു. നീലപ്പാവാടയും വെള്ള ബ്ലൗസും വെള്ള ധാവണിയുമായിരുന്നു അവളുടെ വേഷം. തലമുടി രണ്ടായി പിന്നി രണ്ട് വശത്തും വെള്ള റിബൺ കൊണ്ട് മടക്കി കെട്ടിയിരുന്നു. ഇരു നിറത്തിൽ സാമാന്യം സുന്ദരിയായൊരു പെൺകുട്ടി. അവളുടെ വിടർന്ന കണ്ണുകളിൽ ഒരു നിമിഷം നന്ദിയും സന്തോഷവും നാണവുമൊക്കെ കൂടികലർന്നൊരു സുഖകരമായഭാവം അലയടിച്ചു. അവളുടെ ആ



നോട്ടം രാജേന്ദ്രനിലെ പുരുഷനെ തൊട്ടുണർത്തി. അതിനു മുമ്പോ അതിന് ശേഷമോ അത്രയും മനോഹരവും ഹൃദ്യവുമായൊരു നോട്ടം അയാൾ അനുഭവിച്ചിട്ടില്ലായിരുന്നു. അവൾ പോയിക്കഴിഞ്ഞും അയാൾ വല്ലാത്തൊരു ആലസ്യത്തിൽ അങ്ങനെ നിന്നു.

"രാജാ... നീ എന്തെടുക്കുകയാണ്...? സമയം കുറേ ആയി. പോകണ്ടേ?" അമ്മയുടെ വാക്കുകൾ അയാളെ ഉണർത്തി.

പിന്നീടുള്ള ദിവസങ്ങളിൽ അമ്മയ്ക്ക് അയാളെ ഉണർത്തേണ്ടി വന്നില്ല. അയാൾ എന്നും എട്ടുമണി കഴിയുമ്പോഴേക്കും ഗെയ്റ്റിനടുത്തോ, റോഡിലോ അവളെ വരവേൽക്കാൻ തയ്യാറായി നിൽക്കുമായിരുന്നു. അവളുടെ പേര് ജയന്തി എന്നാണെന്നും പ്ലസ് ടു വിദ്യാർഥിനിയാണെന്നുമൊക്കെ അവൾ നടന്നു പോകുമ്പോൾ താഴെ ചുരുട്ടിയിടുന്ന കടലാസുകളിൽ നിന്നും അയാൾ അറിഞ്ഞു. അവൾ തമിഴ്, ഇംഗ്ലീഷ് അക്ഷരങ്ങൾ ഉപയോഗിച്ചാണ് എഴുതിയിരുന്നത്. അങ്ങനെ ചുക്കിച്ചുളിഞ്ഞ കടലാസിൽ ഒന്നോ രണ്ടോ വാക്കുകളിൽ അവർ പ്രണയം പങ്കുവെച്ചു. രാജന്റെ ജീവിതത്തിലെ ഏറ്റവും മനോഹരമായ ദിവസങ്ങളായിരുന്നു അത്. എന്നും രാവിലെ 5 മണിക്ക് ജയന്തി വീടുനു മുന്നിൽ കോലമിടാൻ എത്തുമായിരുന്നു. അത് കൊണ്ട് രാജേന്ദ്രന്റെ ദിവസവും അഞ്ചുമണിക്ക് തന്നെ തുടങ്ങുമായിരുന്നു.

ജയന്തിയുടെ മുറൈമാമനുമായി അവളുടെ വിവാഹം നടത്താനൊരുങ്ങുന്നുവെന്നറിഞ്ഞപ്പോൾത്തന്നെ, രാജേന്ദ്രൻ അവളുടെ അച്ഛനെ കണ്ട് ജയന്തിയെ വിവാഹം ചെയ്യാൻ ആഗ്രഹമുണ്ടെന്ന് അറിയിച്ചു.

"എന്നാലെ ഒന്നും പണ്ണമുടിയാത് തമ്പീ... എല്ലാമേ മുറൈപടിതാൻ നടക്കമുടിയും. നീങ്ക വന്ത് അന്ത ആസൈ വിട്ടിട്ങ്കെ...."

ജയന്തിയുടെ അച്ഛൻ അയാളുടെ നിസ്സഹായത വെളിപ്പെടുത്തി.

തമിഴ് രീതികൾ മറി കടന്ന് അവളെ വിവാഹം ചെയ്താൽ അവളുടെ ബന്ധുക്കളും നാട്ടുകാരും ആ കുടുംബത്തെ സമാധാനമായി ജീവിക്കാൻ അനുവദിക്കില്ലെന്നും അതുകൊണ്ട് അങ്ങനെയൊരാഗ്രഹം ഉപേക്ഷിക്കുന്നതാണ് നല്ലതെന്നും അച്ഛനും അമ്മാവനുമൊക്കെ തറപ്പിച്ച് പറഞ്ഞു. ജയന്തിയുടെ നന്മയെ ഓർത്ത് അയാൾ ഒരുവിവാഹത്തിന് തയ്യാറായി.

ആ ദിവസങ്ങളിലൊക്കെ ഒരു കൂമ്പിയ താമര പോലെ നിസ്സഹായയായി നിറകണ്ണുകളോടെയും കുനിഞ്ഞ ശിരസ്സോടെയും നടന്നുപോകുന്ന ജയന്തിയുടെ ചിത്രം രാജേന്ദ്രന്റെ അകം പൊള്ളിച്ചിരുന്നു.

കർക്കിടകമാസത്തിലെ ആദ്യത്തെ ഞായറാഴ്ച ദേവി കരുമാരിയമ്മൻ കോവിലിൽ പൊങ്കാലയിടാൻ എത്തിയ ജയന്തിയെ അന്ന് അയാൾ അവസാനമായി കണ്ടു. അതിനടുത്ത ദിവസം തന്നെ അവർ സ്വന്തം ഗ്രാമത്തിലേക്ക് പോകുകയും അവിടെ വെച്ച് അവളുടെ വിവാഹം നടക്കുകയും ചെയ്തു.

എത്രയൊക്കെ സ്വയം ആശ്വസിക്കാൻ ശ്രമിച്ചിട്ടും പ്രണയ നിലാവുള്ള അവളുടെ ആദ്യനോട്ടത്തിനും നിറകണ്ണുകളോടെയുള്ള അവസാനത്തെ നോട്ടത്തിനുമിടയിൽ രാജേന്ദ്രന്റെ മനസ്സ് അനക്കമറ്റ് കിടന്നു. ഊണും ഉറക്കവുമില്ലാതെ, ജോലിക്ക് പോകാൻ കഴിയാതെ അയാൾ മാസങ്ങളോളം വെന്തുരുകിക്കൊണ്ടിരുന്നു.

"രാജാ... നീ എന്തിനാണിങ്ങനെ സ്വയം നശിക്കുന്നത്? ഞങ്ങൾക്ക് നീ മാത്രമല്ലേയുള്ളൂ. ഇന്നലെ കണ്ട പെൺകുട്ടിക്ക് വേണ്ടി നീ ജീവിതം ഹോമിക്കുമ്പോൾ ഒരിക്കലെങ്കിലും ഞങ്ങളെക്കുറിച്ച് ചിന്തിക്കുന്നുണ്ടോ? ഞാനും നിന്റെ അച്ഛനും ശരിക്കും ആഹാരം കഴിച്ചിട്ടും ഉറങ്ങിയിട്ടും എത്ര നാളായെന്നോ... സ്നേഹമെന്നത് സ്വാർഥതയല്ല, ത്യാഗമാണെന്ന് നീ മനസ്സിലാക്കണം. നീ ശരിക്കൊന്ന് ആലോചിച്ച് നോക്ക്..."

അമ്മ നിറകണ്ണുകളോടെ അങ്ങനെ പറഞ്ഞപ്പോൾ



പതുക്കെ സ്വയം നിയന്ത്രിച്ച് സാധാരണ ജീവിതം തിരിച്ചു പിടിക്കാൻ തുടങ്ങി. പക്ഷേ, അമ്മ എത്രയൊക്കെ നിർബന്ധി ച്ചിട്ടും അയാൾ മറ്റൊരു വിവാഹ ത്തിന് തയ്യാറായില്ല.

"അപ്പുറത്തെ കനകത്തിന്റെ മോള് പാർവ്വതിയുടെ കാര്യം കഷ്ടം തന്നെ. കാണാനൊക്കെ നല്ല കുട്ടി. സംസാരിക്കാൻ കഴി യാത്തതുകൊണ്ട് കല്യാണ മൊന്നും ശരിയാകുന്നില്ല. നിങ്ങൾക്ക് അറിയാവുന്ന ഏതെ ങ്കിലും പയ്യന്മാരുണ്ടെങ്കിൽ ഒന്ന് ശ്രമിച്ചു നോക്കൂ..."

ഒരു ദിവസം അമ്മ അച്ഛ നോട് പറയുന്നത് കേട്ടപ്പോ ഴാണ് രാജേന്ദ്രന് പെട്ടെന്ന് ജയ ന്തിയുടെ നിസ്സഹായത നിഴലി ക്കുന്ന നിറഞ്ഞുതുളുമ്പിയ കണ്ണുകൾ ഓർമ്മ വന്നത്. പിന്നെ രണ്ടാമതൊന്ന് ആലോചിച്ചില്ല. ആരുടേയും ഉപദേശങ്ങളും എതിർപ്പുകളും വകവെ യ്ക്കാതെ അയാൾ പാർവ്വതിയെ വിവാഹം ചെയ്തു.

പാർവ്വതി സ്നേഹവും കരു തലും വിവേകവുമുള്ള പെൺകുട്ടിയായിരുന്നു. അതു കൊണ്ടുതന്നെയാണ് രാജേന്ദ്രൻ ഇടയ്ക്കിടെ തന്റെ വിശുദ്ധ പ്രണയം ഓർത്തെടുക്കുമ്പോൾ പാർവ്വതി ലാഘവത്തോടെ കാണാറുള്ളതും. വർഷങ്ങൾ പത്തിന്റെ ഗുണിതങ്ങളായി മൂന്നാലുവട്ടം കടന്നു പോയിട്ടും രാജേന്ദ്രന്റെ മനസ്സിൽ പ്രണ യാർദ്രമായ ആ മിഴികൾ തെളിഞ്ഞു നിന്നു. ഇതിനിട യിൽ പാർവ്വതിയും മക്കളും അയാളുടെ പ്രണയകഥ ഒരാ യിരം തവണയെങ്കിലും കേട്ടു കാണും. വിദ്യ ഇടയ്ക്കൊക്കെ ഈർഷ്യ കാണിക്കാറുണ്ടെ ങ്കിലും പാർവ്വതി എപ്പോഴും ആദ്യമായി കേൾക്കുന്ന കൗതു കത്തോടെ കേട്ടിരിക്കും. "ഭർത്താവിന്റെ പ്രണയകഥ കേട്ടിരിക്കുന്ന ആദ്യ ഭാര്യയായി രിക്കും അമ്മ."

വിദ്യ ഇടയ്ക്കൊക്കെ കളി യാക്കിക്കൊണ്ട് പറയും.

"നീ മിണ്ടാതിരിക്ക് വിദ്യാ... രാധാകൃഷ്ണ പ്രണയം പോലെ ഇത്രയും പ്ലാറ്റോണിക് ആയ ഒരു പ്രണയം നമുക്കൊന്നും ഒരിക്കലും ഉണ്ടാകില്ല. ശരി ക്കൊന്നു സംസാരിക്കുകയോ, ഒന്നു തൊടുകപോലുമോ ചെയ്യാതെ പരസ്പരം ഇത്ര ഗാഢമായി സ്നേഹിക്കാൻ കഴി യുന്നുവെന്ന് ആലോചിക്കു മ്പോൾ അത്ഭുതം തോന്നുന്നു. അച്ഛൻ അതിൽ സന്തോഷിച്ചോ ട്ടെ. നമുക്കാർക്കും അതു കൊണ്ട് ദോഷമൊന്നും ഇല്ലല്ലോ അല്ലേ അമ്മേ...?"

വിജയ് അച്ഛനെ പിൻതാങ്ങി ക്കൊണ്ട് പറയും. "അച്ഛനൊരു പാവമാണ് മക്കളേ... നമ്മളെ യൊക്കെ എത്രമാത്രം സ്നേഹ ത്തോടെയാണ് അച്ഛൻ സംര ക്ഷിക്കുന്നത്. പിന്നെ ഇത്രയും കാലം കഴിഞ്ഞിട്ടും അച്ഛന്റെ മനസ്സിൽ ജയന്തി ഒരു സ്വകാര്യ സന്തോഷമായിട്ടിരിക്കുന്നെങ്കിൽ ഇരുന്നോട്ടെ. അച്ഛന് ഈ ജന്മ ത്തിൽ ഒരിക്കൽ കൂടി അവളെ കാണണമെന്ന് മാത്രമേ ആഗ്ര ഹമുള്ളൂ. അത് സാധിക്കണേ യെന്ന് ഞാനും പ്രാർഥിക്കാ റുണ്ട്."

പാർവ്വതി ഡയറിയിൽ എഴുതി കാണിച്ചു. എന്തായാലും വിദ്യയ്ക്ക് ഇതിനോട് യോജി ക്കാൻ കഴിഞ്ഞിരുന്നില്ല. അവൾ വിവാഹിതയായി പോകും വരെ ഇക്കാര്യത്തിൽ അച്ഛനുമായി തർക്കമുണ്ടായിരുന്നു.

ദേവി കരുമാരിയമ്മൻ കോവിലിൽ എന്നെങ്കിലുമൊരു ഉത്സവനാളിൽ ജയന്തി പൊങ്കാലയിടാൻ വരാതിരിക്കി ല്ലെന്ന് രാജന്ദ്രൻ ഉറച്ച് വിശ്വസി ച്ചു. കഴിഞ്ഞ നാൽപ്പത് വർഷ ങ്ങളായി അയാൾ കോവിലിൽ, കർക്കിടക മാസത്തിലെ ആദ്യ ഞായറാഴ്ച ഉത്സവത്തിനെത്താ റുണ്ട്. ഓരോ ഉത്സവവും കഴി യുമ്പോൾ കടുത്ത നിരാശയും അതിനൊപ്പം അടുത്ത ഉത്സവ മെന്ന നിരാശയെ മറികടക്കുന്ന പ്രതീക്ഷയുമായി അയാൾ കോവിലിൽ നിന്നും തിരിച്ചു പോകും.

ഇത്തവണത്തെ ഉത്സവവും കഴിഞ്ഞു. തിരിച്ച് വീട്ടിലേ ക്കുള്ള യാത്രയിൽ അയാൾ കാറിന്റെ സീറ്റിൽ ചാരിക്കിടന്ന് ഒന്നു മയങ്ങി.

" എന്നങ്കെ... എത്ക്ക് എന്നെ തേടി ഇന്തമാതിരി വരി ഷാവരിഷം വന്നിട്ടിരിക്ക്. നാൻ മാപ്പിളൈ കൂടെ സൗഖ്യമായ് താൻ ഇരിപ്പേൻ... ഇനി മേൽ നീങ്ക വരക്കൂടാത് .... അന്ത പാർവ്വതി അമ്മാവോട് മനസ്സ് എവളവ് കഷ്ടമായിരിക്കും തെരി യുമാ.... എന്നൈ വിട്ട്ടങ്കെ..."

രാജേന്ദ്രൻ ഞെട്ടിയുണർന്ന പ്പോൾ കാറ് വീടിന് മുമ്പിൽ എത്തിയിരുന്നു. ഗെയ്റ്റിന് മുമ്പിൽ കാത്ത് നിന്നിരുന്ന പാർവ്വതി ജയന്തിയെ കണ്ടു വോയെന്ന് ആംഗ്യഭാഷയിൽ തിരക്കി.

"ഉവ്വ് ജയന്തിയെ കണ്ടു. അവളുടെ രണ്ട് ആൺമക്കളും കൂടെയുണ്ടായിരുന്നു. അവൾ സുഖമായിരിക്കുന്നു. എനിക്ക് സന്തോഷമായി പാർവ്വതി. ഇനി ഈ യാത്ര അവസാനിപ്പിക്കുക യാണ്. അവളെയൊന്ന് കാണ ണമെന്നേ ഉണ്ടായിരുന്നുള്ളൂ."

അയാൾ പാർവ്വതിയുടെ തോളിൽ കൈവച്ചുകൊണ്ട് അകത്തേക്ക് കയറി.

വിജയ് അത്ഭുതത്തോടെ അച്ഛനെ നോക്കിനിന്നു. അച്ഛൻ എപ്പോഴാണ് അവരെ കണ്ടത്? എന്നിട്ട് ഇതുവരെ എന്നോട് പോലും പറഞ്ഞില്ലല്ലോ... അച്ഛന്റെ സ്വകാര്യതയെ കൂടു തൽ ഇഴപിരിച്ചെടുക്കാൻ നിൽക്കാതെ വിജയും അവർക്കൊപ്പം വീടിനകത്തേക്ക് നടന്നു. ◘

നിള



# ശകുന്തളാ ദേവി
# ഗണിതത്തിനു മറുപുറത്തെ ജീവിതം


**മനക്കണക്കു കൊണ്ട് കമ്പ്യൂട്ടർ ബുദ്ധിയെ പോലും തോൽപ്പിച്ച ആ ഗണിതശാസ്ത്ര പ്രതിഭയെ ലോകം 'ഹ്യൂമൻ കമ്പ്യൂട്ടർ' എന്നുവിളിച്ചു. ഗണിതശാസ്ത്രത്തിലെ ഇന്ത്യൻ പ്രതിഭയായ ശകുന്തളാ ദേവിയാണ് കണക്കിലെ കളികൾ കൊണ്ട് ലോകത്തെ വിസ്മയിപ്പിച്ചത്.**





സെക്കന്റുകളുടെ ദൈർഘ്യത്തിൽ പ്രയാസമേറിയ ഗണിത പ്രശ്നങ്ങൾക്ക് അനായാസം ഉത്തരം കണ്ടെത്തി ആ ബാലിക ആദ്യം വീട്ടുകാരെ അമ്പരപ്പിച്ചു. ബാലികയുടെ അത്ഭുതശേഷിയുടെ കഥ പിന്നീട് നാട്ടിലാകെ പരന്നു. മുതിർന്നപ്പോഴും ആ മാന്ത്രികത അവളെ കൈവിട്ടില്ല. ഗണിതത്തിലെ വിഷമക്രിയകൾ ഓരോന്നും അവളുടെ ബുദ്ധികൂർമതയ്ക്കുമുന്നിൽ തീരെ എളുപ്പത്തിൽ കുരുക്കഴിഞ്ഞു കൊണ്ടിരുന്നു. വളർച്ചയുടെ ഓരോ ഘട്ടത്തിലും ഗണിതം അവൾക്കൊപ്പമുണ്ടായിരുന്നു. മനക്കണക്കുകൊണ്ട് കമ്പ്യൂട്ടർ ബുദ്ധിയെ പോലും തോൽപ്പിച്ച ആ ഗണിതശാസ്ത്ര പ്രതിഭയെ ലോകം 'ഹ്യൂമൻ കമ്പ്യൂട്ടർ' എന്നു വിളിച്ചു.

ഗണിതശാസ്ത്രത്തിലെ ഇന്ത്യൻ പ്രതിഭയായ ശകുന്തളാ ദേവിയാണ് കണക്കിലെ കളികൾ കൊണ്ട് ലോകത്തെ വിസ്മയിപ്പിച്ച ഈ ബാലിക. വിദ്യാലയത്തിൽ പോയി അക്കാദമികമായ യോഗ്യതകൾ നേടാതെ തന്നെ സംഖ്യകളെ മെരുക്കിയെടുത്ത ശകുന്തളാദേവി ആറാം വയസ്സിൽ മൈസൂർ സർവകലാശാലയിൽ തന്റെ ശരവേഗത്തിലുള്ള കണക്കുകൂട്ടൽ കഴിവും ഓർമശക്തിയും പ്രദർശിപ്പിച്ചു. എട്ടാം വയസ്സിൽ തമിഴ്നാട്ടിലെ അണ്ണാമലൈ സർവകലാശാലയിലും ഇത് ആവർത്തിച്ചു. 1977 ൽ അമേരിക്കയിലെ ഡള്ളാസിൽ കമ്പ്യൂട്ടറുമായി ക്യൂബ് റൂട്ട് മത്സരത്തിലേർപ്പെട്ട ശകുന്തളാദേവി അമ്പതു സെക്കന്റിനകമാണ് ഉത്തരം നൽകിയത്. 201 അക്ക സംഖ്യയുടെ 23-ാം വർഗമൂലം ശകുന്തളാ ദേവി മനക്കണക്കിലൂടെ കണ്ടെത്തി. 1980 ൽ ലണ്ടനിലെ ഇംപീരിയൽ കോളേജിൽ 13 അക്കങ്ങൾ 28 സെക്കൻഡിനുള്ളിൽ ഗുണിച്ച് ശരിയായ ഉത്തരം പറഞ്ഞ് 1982 ലെ ഗിന്നസ് ബുക്ക് ഓഫ് വേൾഡ് റെ



> നല്ല നർമബോധവും സ്ത്രീപക്ഷചിന്തയും ഉന്നതമായ സ്വാതന്ത്ര്യ ബോധവുമുള്ള ശകുന്തളാ ദേവിയുടെ മനോധർമവും മാനറിസങ്ങളും ഉൾക്കൊണ്ടുകൊണ്ടുള്ള പ്രകടനമാണ് വിദ്യാ ബാലൻ കാഴ്ചവച്ചത്.

ക്കോർഡ് നേടി. അങ്ങനെ ഹ്യൂമൻ കമ്പ്യൂട്ടർ എന്ന വിളിപ്പേരും ലഭിച്ചു.

ലോകമൊന്നടങ്കം വിസ്മയത്തോടെ മാത്രം വീക്ഷിച്ച ഗണിതശാസ്ത്രത്തിലെ ഈ അത്ഭുതപ്രതിഭയ്ക്ക് ഉചിതമായ ചിരസ്മരണയാണ് അനു മേനോൻ തിരക്കഥയെഴുതി സംവിധാനം ചെയ്ത 'ശകുന്തളാ ദേവി – ഹ്യൂമൻ കമ്പ്യൂട്ടർ' എന്ന ചിത്രം നൽകുന്നത്. ശകുന്തളാ ദേവിയുടെ ജീവിതത്തെ കുറേക്കൂടി അടുത്തറിയാൻ അവസരം നൽകുകയാണ് വിദ്യാ ബാലൻ മുഖ്യവേഷത്തിലെത്തിയ ചിത്രം.

ശകുന്തളാ ദേവിയുടെ പ്രതിഭ തിരിച്ചറിയപ്പെടുന്ന ബാല്യകാലം മുതൽ ചിത്രത്തിൽ പരാമർശിക്കപ്പെടുന്നുണ്ട്. ബയോപിക് വിഭാഗത്തിൽ പെടുന്ന ചിത്രമാണെങ്കിൽ കൂടി ഉടനീളം എന്റർടെയ്നർ സ്വഭാവം നിലനിർത്താൻ സംവിധായികയ്ക്കായിട്ടുണ്ട്. ശകുന്തളാ ദേവിയുടെ ബാല്യം മുതൽക്കുള്ള ഗണിതവുമായുള്ള സഞ്ചാരമാണ് സിനിമയുടെ ഇതിവൃത്തം. അതേസമയം ഗണിതശാസ്ത്രത്തിനു പുറത്ത് കണക്കുകൂട്ടലുകൾ തെറ്റിപ്പോയ ശകുന്തളാ ദേവിയുടെ ജീവിതത്തെയും അടയാളപ്പെടുത്തുന്നു. ഗണിത ലോകത്തിൽ നിന്നു മാറിയുള്ള ശകുന്തളാ ദേവിയുടെ ജീവിതത്തിലെ രസങ്ങളും രസക്കേടുകളും എങ്ങനെയെന്ന കൗതുകത്തിന് തിരക്കഥയിൽ പ്രാധാന്യം നൽകിയിട്ടുണ്ട്. ഒരു വ്യക്തിയുടെ പ്രധാന സംഭാവനകളിൽ മാത്രം ഒതുങ്ങി നിന്ന് ജീവിത സംഭവങ്ങളെ ക്രമമായി കോർത്തുവയ്ക്കുന്ന ബയോപിക് ശൈലിയിൽ നിന്ന് അനു മേനോന്റെ സിനിമ വേറിട്ടു നിൽക്കുന്നത് അങ്ങനെയാണ്.





സർക്കസിൽ അഭ്യാസ പ്രകടനങ്ങൾ നടത്തുന്ന തുച്ഛവരുമാനക്കാരന്റെ മകൾ എന്ന നിലയിൽ നിന്ന് ഗണിതത്തിലെ മനക്കണക്കുകൾ ആളുകൾക്കു മുന്നിൽ അവതരിപ്പിച്ച് രാജ്യങ്ങളിൽ നിന്ന് രാജ്യങ്ങളിലേക്ക് പര്യടനം നടത്തുന്ന സ്ത്രീ എന്ന നിലയിലേക്കുള്ള ശകുന്തളാ ദേവിയുടെ വളർച്ചയെ സിനിമ അടയാളപ്പെടുത്തുന്നു. അതിനിടയിൽ ശകുന്തളയുടെ ജീവിതത്തിൽ വരികയും ഇടപെടുകയും അവരെ സ്വാധീനിക്കുകയും ചെയ്യുന്നവരാണ് സിനിമയിലെ കഥാപാത്രങ്ങൾ. ചെറുപ്പത്തിലെ ദരിദ്രമായ ചുറ്റുപാടുകളെ തന്റെ പ്രതിഭ കൊണ്ട് മറികടക്കാൻ ശകുന്തളയ്ക്കാകുന്നു. ലണ്ടൻ ജീവിതം അവർക്ക് ജീവിതവും സമ്പാദ്യവും നൽകി. ഗണിതശാസ്ത്രത്താൽ ലഭിച്ച സമ്പന്ന ജീവിതവും പ്രശസ്തിയും അവർ നന്നായി ആസ്വദിക്കുന്നുമുണ്ട്.

യൂറോപ്യൻ വാസത്തിനു ശേഷം നാട്ടിൽ തിരിച്ചെത്തിയ ശകുന്തളാ ദേവി, സിവിൽ സർവീസ് ഉദ്യോഗസ്ഥനായ പാരിതോഷ് ബാനർജിയെ പ്രണയിക്കുകയും വിവാഹം കഴിക്കുകയും ചെയ്യുന്നു. കണക്കിലെ സങ്കീർണമായ പ്രശ്നങ്ങൾക്ക് നിമിഷങ്ങൾക്കകം ഉത്തരം കണ്ടെത്തുന്ന ചടുലത പക്ഷേ ജീവിതത്തിൽ ശകുന്തളാ ദേവിയെ തുണച്ചില്ല. വിവാഹം കഴിഞ്ഞ് അധികം താമസിയാതെ തന്റെ ഭർത്താവ് ഒരു സ്വവർഗാനുരാഗിയാണ് എന്ന സത്യം ശകുന്തളാദേവിക്കു മുന്നിൽ വെളിപ്പെട്ടു. ഇത് മാനസികമായി ഏറെ ഉലച്ചെങ്കിലും അവർ പിടിച്ചുനിന്നു. എന്നാൽ ഏറെ വൈകാതെ വിവാഹമോചിതയാകുകയും ചെയ്തു. ഗണിതത്തിനും പ്രശസ്തിക്കും പിറകെയുള്ള സഞ്ചാരത്തിനിടയിൽ നല്ല അമ്മയാകാനും ശകുന്തളാ ദേവിക്ക് കഴിഞ്ഞില്ലെന്ന് മകൾ തന്നെ ഓർമപ്പെടുത്തുന്നുമുണ്ട്. പിന്നീട് അമ്മയുടെ സ്നേഹവും പരിഗണനയും മകൾ തിരിച്ചറിയുന്നിടത്താണ് സിനിമ പൂർണമാകുന്നത്. ജീവിതം മുന്നോട്ടു വച്ച പ്രതിസന്ധിയിൽ തളരാതെ അതിൽ നിന്നു പോലും ക്രിയാത്മകമായ സംഭാവനകൾ സമൂഹത്തിന് നൽകാൻ ശകുന്തളാ ദേവി കാണിച്ച മനസ്സാന്നിധ്യവും സിനിമ ചർച്ച ചെയ്യുന്നുണ്ട്.

നല്ല നർമബോധവും സ്ത്രീപക്ഷ ചിന്തയും ഉന്നതമായ സ്വാതന്ത്ര്യബോധവുമുള്ള ശകുന്തളാ ദേവിയുടെ മനോധർമവും മാനറിസങ്ങളും ഉൾക്കൊണ്ടു കൊണ്ടുള്ള പ്രകടനമാണ് വിദ്യാ ബാലൻ കാഴ്ചവയ്ക്കുന്നത്. വ്യത്യസ്ത പ്രായവും ജീവിതാവസ്ഥകളും ശരീരത്തിലും ഭാവങ്ങളിലും വരുത്തുന്ന മാറ്റങ്ങൾ നാടകീയതയില്ലാതെ പ്രകടിപ്പിക്കാനും മിതത്വം സൂക്ഷിക്കാനും വിദ്യയ്ക്കാകുന്നുണ്ട്. ഗണിതവുമായി ബന്ധപ്പെട്ട സ്റ്റേജ് പെർഫോമൻസുകളിലും അഭിമുഖങ്ങളിലും ഗൃഹാന്തരീക്ഷത്തിൽ നിന്ന് വ്യത്യസ്തമായ ശരീരഭാഷ കൊണ്ടുവരുമ്പോൾ തന്നെ അമ്മ, കാമുകി, ഭാര്യ എന്നീ ഭാവങ്ങളും വിദ്യയിൽ ഭദ്രം. വിവിധ കാലഘട്ടങ്ങളിലൂടെ കടന്നുപോകുന്ന ഇത്തരമൊരു പിരീഡ് സിനിമയിലെ മുഖ്യകഥാപാത്രമാകാൻ നിലവിൽ ഇന്ത്യൻ സിനിമയിൽ ഏറ്റവും അനുയോജ്യയായ നടി വിദ്യാ ബാലൻ തന്നെയായിരിക്കും. ഇക്കാര്യത്തിൽ ചിത്രത്തിന്റെ കാസ്റ്റിംഗ് ടീമിന് അഭിമാനിക്കാം. ശകുന്തളാ ദേവിയുടെ മകൾ അനുവിന്റെ വേഷത്തിൽ സാനിയ മൽഹോത്രയുടെയും അനുവിന്റെ ഭർത്താവ് അജയ് ആയി അമിത് സാദിന്റെയും പാരിതോഷ് ബാനർജിയായി ജിഷു സെൻ ഗുപ്തയുടെയും സേവിയർ ആയി ഇറ്റാലിയൻ ആക്ടർ ലൂക്കാ കാൽവാനിയുടെയും പ്രകടനവും കാണികളുടെ ഓർമയിൽ നിൽക്കും.

ഈ വർഷം മെയ് എട്ടിന് തിയേറ്ററുകളിൽ എത്തേണ്ടിയിരുന്ന ചിത്രം കൊവിഡിന്റെ പശ്ചാത്തലത്തിൽ മാറ്റിവയ്ക്കുകയായിരുന്നു. കോവിഡ് പ്രതിസന്ധിയിൽ തിയേറ്റർ റിലീസ് സാധ്യമല്ലാത്തതിനെ തുടർന്ന് ജൂലൈ 31 ന് ചിത്രം ആമസോൺ പ്രൈമിലാണ് റിലീസ് ചെയ്തത്. ലണ്ടനും ഇന്ത്യയുമായിരുന്നു സിനിമയുടെ പ്രധാന ലൊക്കേഷൻ. ശകുന്തളാ ദേവിയുടെ ജീവിതത്തിലെ പ്രധാന നേട്ടങ്ങളുടെ മുഹൂർത്തങ്ങൾ ലണ്ടനിലെ ഇംപീരിയൽ കോളേജിൽ തന്നെ ഷൂട്ട് ചെയ്തുവെന്നതും ശ്രദ്ധേയമാണ്.









# കൊറോണക്കാലത്തെ സാക്ഷരതാ പ്രവർത്തനങ്ങൾ



**Aksharakairali Monthly**
"Registered" RNI. No. KERMAL/2003/10577

Issue 9-10 Volume 15. Published August 2020
Price ₹15




Edited, printed, published & Owned by Dr. P.S.Sreekala, Director, Kerala State Literacy Mission Authority, Thiruvananthapuram.
Printed at Color Track, Thiruvananthapuram.
Editor : Dr. P.S.Sreekala